# ഒറ്റമുറിവീട്



WRITERS' PEN SYNDICATE

എസ്. കാച്ചപ്പിള്ളി

# ഒറ്റമുറിവീട്

**Ottamuriveedu**

**Stories** - Malayalam | Author: **S.Kachappilly**

Penbooks Pvt. Ltd, Palace Road, Aluva - 683 101 | Rights Reserved © | First Edition : November 2004 | Logo and 'Penbooks' are Registered Trade Marks of Penbooks Pvt. Ltd. | Cover Design: M.S.Manish | Font Setting: Unni's Graphics, Ernakulam | Inside Printing : Gurudev Offset Printers, Vyttila | Cover Printing: Rajsree Offset Printers, Edayar | Printed In India | Distribution: Penbooks | **Branches** ▸ Aluva : (0484) 2620061 | Ernakulam-1: ( 0484) 2370152 | Ernakulam-2 : (0484) 2361974 | Ambattukavu: (0484) 2622429 | Athani: (0484) 2477026 | Angamaly : (0484) 2452107 | Kolenchery : (0484) 2766146 | Thiruvananthapuram-1: (0471) 2575724 | Thiruvananthapuram-2 : (0471) 2337322 | Kottayam : (0481) 2303467 | Thrissur : (0487) 2320574 | Kozhikkode-1 : (0495) 2725017 | Kozhikkode-2 : (0495) 3094640 | Sulthan Bathery: (0493) 6226292 | Coimbatore : (0422) 2527962.

*The Sale of this book without its cover is unauthorized. If you purchased this book without a cover, you should be aware that it was reported to the publisher as "unsold and destroyed". Neither the author nor the publisher has received payment for the sale of this "stripped book."*

WRITERS' PEN SYNDICATE

Rs : 30.00 | Pb : 374 | 1 - 1000

# ഒറ്റമുറിവീട്

കഥകൾ

എസ്.കാച്ചപ്പിള്ളി

WRITERS' PEN SYNDICATE

വിതരണം
പെൻ ബുക്സ്
2004
വില 30.00 രൂപ

**സെബാസ്റ്റ്യൻ കെ.വി (എസ്.കാച്ചപ്പിള്ളി)**

എസ്.കാച്ചപ്പിള്ളി എന്ന പേരിൽ കഥകളും ലേഖനങ്ങളും എഴുതുന്ന സെബാസ്റ്റ്യൻ കാച്ചപ്പിള്ളി കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ ജോലി നോക്കുന്നു.

പിതാവ് : കെ.വി.പോൾ (പരേതൻ)
മാതാവ് : അന്നമ്മ പോൾ (റിട്ടയേർഡ് ടീച്ചർ)
ഭാര്യ : ലിസി
മകൻ : ആന്റണി

**വിലാസം**
കാച്ചപ്പിള്ളി വീട്
നായരമ്പലം പി.ഒ
എറണാകുളം - 682 509
ഫോൺ : (0484) 2492784
ഇ.മെയിൽ : sebastiankachappily@yahoo.com

## യാഥാർത്ഥ്യങ്ങളുടെ ഒരു ശരിപ്പകർപ്പ്

ഒരു കഥാകൃത്തിനെ കഥയെഴുതാൻ പ്രേരിപ്പിക്കുന്ന ഘടകങ്ങൾ എന്തൊക്കെയാകാം. പരിസരക്കാഴ്ചകൾ സ്വന്തം ജീവിതാനുഭവങ്ങൾ, വ്യക്തികൾ, സ്വപ്നങ്ങൾ ഇവയൊക്കെ ഒരു കഥാകൃത്തിനെ ബാധിക്കുന്ന ഘടകങ്ങൾ തന്നെ. ഇവയോട് കഥാകൃത്ത് രണ്ടുതരത്തിൽ പ്രതികരിക്കുന്നുണ്ട്. ഒന്ന്, വ്യക്തി എന്ന നിലക്ക്. രണ്ട്, കഥാകൃത്തെന്ന നിലക്ക്. കഥാകൃത്തെന്ന നിലക്കുള്ള അയാളുടെ പ്രതികരണത്തിന് ആഴം അൽപ്പം കൂടുതലായിരിക്കും. അനുഭവങ്ങളുടെ വെറുമൊരു ഉഴുതുമറിക്കലല്ല അപ്പോൾ സംഭവിക്കുന്നത്. ആഴത്തിലുള്ള ഒരു മണ്ണിളക്കം നടക്കുന്നുണ്ട്. ഇതിനിടയിലാണ് ജീവിതാനുഭവങ്ങൾ കഥാനുഭവങ്ങളായി മാറുന്നത്. കഥാനുഭവങ്ങൾക്ക് ജീവിതാനുഭവങ്ങളുടെ നിറവും മണവുമുണ്ടാകാം. എങ്കിലും കഥാനുഭവങ്ങൾക്ക് അവയുടേതായ മണവും നിറവും ഉണ്ട്, ഉണ്ടാവുകയും വേണം. ഒരു കഥ കഥയാകുന്നത് ഇത്തരമൊരു കൂടുമാറ്റത്തിലൂടെയാണ്. പലപ്പോഴും കാണുന്ന കാഴ്ച മറിച്ചാണ്. കഥകൾ ഇത്തരമൊരു കൂടുമാറ്റത്തിനു തയ്യാറാകാതെ ശാഠ്യം പിടിച്ചുനിൽക്കുന്നതു കാണാം കഥകളുടെ ബാലിശമായ ഈ സ്വഭാവം അതിന്റെ മുരടിപ്പിനു കാരണവുമാകുന്നു. നല്ല കഥകൾ ഈ മുരടിപ്പിനു വിധേയമാകാതെ കഥാനുഭവങ്ങളുടെ ലോകത്തു നിന്നുകൊണ്ട് വളർന്നു വലുതാകുന്നു. പടർന്നു പന്തലിച്ചു നിൽക്കുന്ന കഥകൾ അത്തരത്തിലുള്ളവയാണ്.

ശരാശരി മനുഷ്യന്റെ ജീവിതത്തിൽ നീറുന്ന ഒട്ടേറെ പ്രശ്നങ്ങളുണ്ടാകും. ഇല്ലായ്മകൾ, വല്ലായ്മകൾ, വീഴ്ചകൾ, പാളിച്ചകൾ അങ്ങനെ നീളുന്നു ആ പട്ടിക. ഇവയെല്ലാംതന്നെ മനുഷ്യമനസ്സിനെ പിച്ചിച്ചീന്തുകയും ഛിന്നഭിന്നമാക്കുകയും ചെയ്യുന്നു. ദാരിദ്ര്യത്തെക്കുറിച്ച് ഏതാണ്ടെല്ലാ ഭാഷകളിലും നിരവധി കഥകൾ എഴുതപ്പെട്ടിട്ടുണ്ട്. ഇല്ലായ്മകളെ ചിത്രീകരിക്കുന്ന എത്രയെത്ര കഥകൾ നാം വായിച്ചിട്ടില്ല! വായനക്കാരന്റെ മനസ്സിൽ അവ വിങ്ങലും വീർപ്പുമുട്ടലും ഉണ്ടാക്കുകയും ചെയ്യുന്നു. ഇവ ആവർത്തിക്കപ്പെടുന്ന ആശയങ്ങളാണുതാനും. കഥയെഴുത്തിലെ തുടക്കക്കാരൻ എന്ന നിലയിൽ ഇദ്ദേഹത്തെ ഇത്തരം പ്രശ്നങ്ങൾ അലട്ടിയില്ലെങ്കിലെ അത്ഭുതമുള്ളൂ. (ഉദാ:

ഒറ്റമുറിവീട്, സുഹൃത്തിനൊരു ജാമ്യം)

മനുഷ്യബന്ധങ്ങളുടെ നേർത്ത നൂലിഴകൾ എല്ലായ്പ്പോഴും കഥകളിൽ പ്രമേയങ്ങളാകുന്നു. കാരണം വ്യക്തമാണല്ലോ. വ്യക്തി എന്ന നിലയിലും സാമൂഹ്യജീവി എന്ന നിലയിലും മനുഷ്യൻ പരസ്പരം ആഗ്രഹിക്കുന്ന ഓരോ ബന്ധവും അവന് ഒരു മൂല്യബോധം കൂടിയാണ്. ശ്രീ. എസ്. കാച്ചപ്പിള്ളിയുടെ ഒട്ടേറെ കഥകൾ ബന്ധങ്ങളുടെ ഊരാക്കുടുക്കുകൾക്ക് അർത്ഥം തേടുന്നവയാണ്. (ഉദാ: മരിക്കാത്ത ഓർമ്മകളുമായി, ഒരു വെളുത്ത കുഞ്ഞുടുപ്പ്)

ചെറിയ മനുഷ്യരുടെ ലോകമാണ് ശ്രീ. എസ്.കാച്ചപ്പിള്ളിയുടെ കഥാലോകം. ഒന്നിനേയും അദ്ദേഹം മഹത്വവൽക്കരിക്കുന്നില്ല. അദ്ദേഹത്തിന്റെ ചെറിയ ലോകത്തിൽ സാധാരണക്കാരായ ഒരുപാട് ആളുകൾ ഉണ്ട്. തങ്ങളുടെ ചെറിയലോകത്തിൽ ചെറിയ ആഗ്രഹങ്ങളുമായി ജീവിച്ചുപോകുന്ന ചെറിയ മനുഷ്യർ. ഒരുപക്ഷെ ഒരു കഥാകൃത്തിന്റെ കഥകളെ വായിക്കുവാൻ പ്രേരിപ്പിക്കുന്ന ഘടകം ഈ ചെറിയ ലോകത്തിന്റെ ലാളിത്യമാകാം. മനുഷ്യനിലെ സുതാര്യത എന്നു വേണമെങ്കിലും പറയാം. നേർവഴിയിലൂടെമാത്രം നടക്കാൻ ആഗ്രഹിക്കുന്നവരുടെ ലോകത്ത് ജീവിക്കാൻ ആർക്കാണ് ഇഷ്ടക്കുറവുണ്ടാകുക?

കൊച്ചുകൊച്ചു സ്വപ്നങ്ങളുമായി ജീവിക്കുന്ന ഒരു മധ്യവർത്തി സമൂഹത്തിന്റെ കഥാകാരനാകാനാണ് ഇദ്ദേഹത്തിന് താൽപര്യമെന്നു തോന്നുന്നു. യാഥാർത്ഥ്യങ്ങളുടെ ഒരു ശരിപ്പകർപ്പാണ് കഥാകൃത്ത് കാഴ്ചവെക്കുന്നത്. താൻ അവതരിപ്പിക്കുന്ന യാഥാർത്ഥ്യങ്ങളുടെ ആഴങ്ങളിലേക്കു പോകാൻ എസ്. കാച്ചപ്പിള്ളി ഇനിയും യാത്ര ചെയ്യേണ്ടതായിട്ടുണ്ട്. അവയിലേക്കുള്ള തുറസ്സുകൾ കഥകളിൽ വിരളങ്ങളല്ല എന്നത് ഈ കഥകളുടെ മേന്മയായി കാണാൻ ഞാൻ ആഗ്രഹിക്കുന്നു.

ഡോ. എ. അരവിന്ദാക്ഷൻ
ഡയറക്ടർ,
സെന്റർ ഫോർ ക്രീയേറ്റീവ് റൈറ്റിംഗ്

2004

കൊച്ചിൻ യൂണിവേഴ്സിറ്റി

ഉള്ളടക്കം


9/ ഒറ്റമുറിവീട്
13/ വധുവിനു ജോലിവേണം
17/ ഞാൻ അത്തരക്കാരനല്ല
22/ ഒരു വെളുത്ത കുഞ്ഞുടുപ്പ്
27/ ന്റ ഗതി നിങ്ങൾക്കുണ്ടാവരുത്
30/ യോഗം കഴിയാൻ വൈകി
35/ സമുദായ സ്നേഹി
40/ സുഹൃത്തിനൊരു ജാമ്യം
44/ മരിക്കാത്ത ഓർമകളുമായി
47/ യാത്ര
50/ കമ്പ്യൂട്ടർ
53/ ശിവൻകുട്ടിക്കൊരു ജോലി
56/ വെടിവട്ടം
60/ ജയാരവം

# ഒറ്റമുറിവീട്

ജോലി കഴിഞ്ഞ് പുറത്തേക്കിറങ്ങിയത് ഒന്നിച്ചായിരുന്നു. ഹോസ്റ്റലിലേക്ക് പോകേണ്ട എന്ന് ഉണ്ണി തീരുമാനിച്ചു. നേരെ ബസ്സ്റ്റാന്റിലേക്ക് നടന്നു. ബസ്സ് വന്നു നിന്നിട്ടും അതിൽ കയറാൻ കൂട്ടാക്കിയില്ല. നടന്നു. റോഡിനിരു പുറവുമുള്ള കെട്ടിടങ്ങളെ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ഒരു വളവ് എത്തിയപ്പോൾ ചെങ്കൽ വിരിച്ച പാതയോരത്ത് നിലയുറപ്പിച്ചു. ഉണ്ണി വെറുതെ പാതയോരത്ത് കണ്ട വീടിനെ നോക്കിനിന്നു.

കുറച്ചു ദിവസമായി വീട്ടിലേക്കു ഫോൺ ചെയ്തിട്ട്. ബൂത്തിനരുകിലെത്തി ആരോ ഒരാൾ സംസാരിച്ചുകൊണ്ടിരിക്കുന്നു. സംസാരിച്ചയാൾ ഇറങ്ങിയപ്പോൾ മറ്റൊരാൾ കൂടി വന്നിരുന്നു.

ഉണ്ണി മാറിനിന്നു. തനിക്കു തിരക്കില്ല. തിരക്കൊഴിഞ്ഞു ബൂത്തിലേക്കു കയറുക ബുദ്ധിമുട്ടാണെന്നു മനസ്സിലാക്കി ഫോൺ വിളിച്ചയാൾ ഇറങ്ങിയ ഉടനെ കയറി ഫോൺ ഡയൽ ചെയ്തു. ഉണ്ണിയുടെ ഭാര്യയായിരുന്നു. അങ്ങെ തലക്കൽ. ഫോൺ വിളി പ്രതീക്ഷിച്ചിരുന്നതാണ്. താൻ കണ്ട വീടിനെപ്പറ്റി ഉണ്ണി വാതോരാതെ പറഞ്ഞു. സിറ്റൗട്ട്, കാർപോർച്ച്, വീടിനടിച്ചിരിക്കുന്ന കളർ. ഇതു പറയുമ്പോൾ വീടിനകം കാണാൻ കഴിയാതിരുന്നതിലുള്ള കുണ്ഠിതവുമുണ്ടായിരുന്നു വാക്കുകളിൽ. അങ്ങേ തലക്കൽനിന്നും മൂളൽ മാത്രമെ കേട്ടതുള്ളൂ. ഇതു പതിവുള്ളതാണ്. എന്നും ഫോൺ വിളിക്കുമ്പോൾ എപ്പോഴെങ്കിലും കണ്ട വീടിനെപ്പറ്റി സംസാരിക്കും. അത്തരം ഒരു വീട് പണിയണമെന്ന് കൂട്ടിച്ചേർക്കും. ഉണ്ണിയുടെ ഭാര്യ മറുത്തൊന്നും പറയാറില്ല. വീടിനോടുള്ള ആവേശം ഉണ്ണി പറഞ്ഞുണ്ടാക്കിയതാണ്. ഇപ്പോൾ കേട്ട് കേട്ട് ആ മോഹം കെട്ടടങ്ങിയിരിക്കുന്നു .

ഉണ്ണി വീടിനെപ്പറ്റിയുള്ള ഭാവന വിവരിക്കുകയായിരുന്നു ഫോണിലൂടെ. എന്നു വരുമെന്ന് അങ്ങെ തലക്കൽ നിന്നും തിരക്കി. എന്നിട്ടും ഉണ്ണി വെറുതെ വീടിനെപ്പറ്റി പറഞ്ഞുകൊണ്ടിരുന്നു. അങ്ങെ തലക്കൽ ഫോൺ ഡിസ്കണക്ടാക്കി. ഫോൺ ഡിസ്കണക്റ്റായി എന്നു പറഞ്ഞ് കാശു കൊടുമ്പോൾ താനിന്ന് പതിവിലും കൂടുതൽ സംസാരിച്ചതായി ഉണ്ണിക്കു തോന്നി. കഴിഞ്ഞ പ്രാവശ്യം പോരുമ്പോൾ മകനു പനിയുണ്ടായിരന്നു. ആ വിവരം ചോദിക്കാതി

രുന്നതിൽ കുണ്ഠിതം തോന്നി. താൻ വീട്ടിലെ വിശേഷങ്ങൾ തിരക്കാൻ മറന്നിരിക്കുന്നു. ഒരിക്കൽകൂടി ഫോൺ വിളിച്ചാലൊ വേണ്ട. ഇപ്പോൾ തന്നെ കാശു കൂടുതലായിരിക്കുന്നു.

കമ്പനിയിൽ ജോലിക്കു ചേരുമ്പോൾ പുതിയ ഒരു വീട് വക്കുന്നതിനെപ്പറ്റി ഉണ്ണി ആലോചിച്ചിരുന്നില്ല. ലത പറയും "ഉണ്ണിയേട്ടാ നമുക്കു സ്വന്തമായൊരു വീട്." ലത പറയുന്നതിൽ കാര്യമുണ്ടെന്ന് ഉണ്ണിക്കു തോന്നി. സ്വന്തമായൊരു വീട് പണിയണം. ലതയുമായി വീടിന്റെ പ്ലാനും മറ്റും ചർച്ച ചെയ്യുക പതിവാക്കി. മനസ്സിലൊരു വീട് സ്വന്തമായി മാറി. ലതയെ വിവാഹം ചെയ്യുമ്പോൾ പലരും ഉപദേശിച്ചതാണ്. ഒരു വാടകവീടെടുത്ത് കമ്പനിക്കടുത്തേക്കു താമസം മാറ്റാൻ. പക്ഷെ വേണ്ടെന്നു തീരുമാനിച്ചു. വീട്ടിൽ അച്ഛൻ, അമ്മ, അനിയത്തിമാർ, അനിയൻ ഇവരെവിട്ട് താൻ മാത്രം വാടക വീട്ടിൽ. അധികം ആലോചിച്ചില്ല. വേണ്ടെന്നുവച്ചു. ആദ്യമാദ്യം അവധി ദിവസങ്ങളിൽ നാട്ടിലേക്കു പോകുമായിരുന്നു. അന്ന് എന്തൊരു ഉത്സാഹമായിരുന്നു. അനിയത്തിമാരുടെ പഠനം, അനിയന്റെ പഠനം, പ്രായമായ അച്ഛനുമമ്മയും, ലതയുടെ പ്രസവം. പ്രാരാബ്ധങ്ങളുടെ ഭാണ്ഡം പെരുകി. വീട്ടിലേക്കുള്ള പോക്കു കുറഞ്ഞു. ഫോൺ വിളിക്കുമ്പോൾ ലത പറയും, ഈയാഴ്ച എന്തായാലും വരണം. മോൻ നടന്നു തുടങ്ങി. അല്ലെങ്കിൽ അവനു പല്ലു വന്നു. വരാമെന്നു പറയും. ശമ്പളം കിട്ടട്ടെ. ശമ്പളം കിട്ടി. കടംവാങ്ങിയതു കൊടുത്തു തീരുമ്പോൾ മിച്ചം തുച്ഛമാകും.

കുഞ്ഞിനൊരു ഉടുപ്പു വാങ്ങണം. ലത പ്രത്യേകം പറഞ്ഞിരുന്നതാണ്. മകന്റെ ഒന്നാം പിറന്നാളാണ്. തെറ്റില്ലാത്ത ഉടുപ്പുവാങ്ങി നാട്ടിലേക്കു പുറപ്പെടുമ്പോൾ കയ്യിൽ ബാക്കി എത്ര രൂപയുണ്ടെന്നു എണ്ണിനോക്കി. വണ്ടി ഇറങ്ങുമ്പോൾ നേരം വൈകിയിരുന്നു. ശമ്പളം വാങ്ങി, ലീവെടുത്ത് നേരെ ഇങ്ങു പോരുകയായിരുന്നു. എന്നിട്ടും നേരം ഇരുട്ടിയിരിക്കുന്നു.

ലത പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. വീട്ടിലേക്കു പ്രവേശിക്കുമ്പോൾ ഒരു വീർപ്പുമുട്ടൽ അനുഭവപ്പെടുന്നുണ്ടോ എന്നു ഉണ്ണിക്കു സംശയം തോന്നി. ലതയുടെ കയ്യിൽ കുഞ്ഞിരിപ്പുണ്ടായിരുന്നു. അമ്മയുടെ മുഖത്തെ സന്തോഷം തിരിച്ചറിഞ്ഞിട്ടാകണം കുഞ്ഞ് അച്ഛനെ നോക്കി ചിരിച്ചു. ഉണ്ണി എല്ലാം മറന്നു മകനെ വാരിയെടുത്തു. അവന്റെ നെറ്റിയിലും കവിളിലും ഉമ്മവച്ചു. അച്ഛനുമമ്മയും അനിയത്തിമാരും മുൻഭാഗത്തേക്കു എത്തിയിരുന്നു. അനിയനെമാത്രം അവിടെ കാണുന്നുണ്ടായിരുന്നില്ല. ഉണ്ണി അക്കാര്യം പ്രത്യേകം ശ്രദ്ധിച്ചു.

അനിയത്തിമാർ കുഞ്ഞിനെ ഉടുപ്പുമാറ്റി. ഉണ്ണി അനിയത്തിമാരുടെ മുഖഭാവം ശ്രദ്ധിച്ചു. അവർക്കൊന്നും കൊണ്ടുവരാത്തതിലുള്ള പരിഭവം ആ മുഖഭാവത്തുനിന്നു വായിച്ചെടുത്തു. പ്ലസ്സ് ടൂവിനു പഠിക്കുന്ന അനിയത്തി കഴിഞ്ഞ പ്രാവശ്യം പോരുമ്പോൾ പ്രത്യേകം പറഞ്ഞിരുന്നതാണെന്ന് ഉണ്ണി ഓർത്തു.

ഉണ്ണി കുളിച്ചു വസ്ത്രം മാറിവരുമ്പോൾ ലത ഭക്ഷണം വിളമ്പി വച്ചിരുന്നു. ഇന്നു വന്നില്ലായിരുന്നുവെങ്കിൽ ലത തനിക്കു മാപ്പുതരില്ലായിരുന്നു എന്നു ഉണ്ണിക്കു തോന്നി. ലതക്ക് അത്രക്ക് ഉത്സാഹമായിരുന്നു. അച്ഛനും അമ്മയും അനിയത്തിമാരും വന്ന് ഭക്ഷണം കഴിക്കാൻ ഇരുന്നു, ഉണ്ണിയും. അനിയനെ മാത്രം കണ്ടില്ല. ഉണ്ണി തിരക്കി. ആരും ഒന്നും മിണ്ടുന്നില്ല. ലത അച്ഛനുമമ്മക്കും ചോറു പകർന്നു കൊടുത്ത് ഉണ്ണിയുടെ അടുത്തേക്കു വന്നു. ഉണ്ണി ലതയുടെ കൈപിടിച്ച് അനിയനെ തിരക്കി. ലത മറുപടി പറയാതെ കുഞ്ഞിനെ എടുത്ത് അകത്തേക്കു പോയി.

പുറത്ത് ഇടിവെട്ടുന്ന ശബ്ദം കേൾക്കാം. ഇടിമിന്നലിന്റെ പ്രകാശം ജനലിലൂടെ മുഖത്തേക്കടിച്ചു. വാതിൽതുറന്ന് അനിയൻ അകത്തേക്കു കയറി. അവന്റെ മുഖത്തും ഭാവമാറ്റം പ്രകടമായിരുന്നു. ഉണ്ണി ഭക്ഷണം കഴിക്കാൻ അവനെ വിളിച്ചു. ഒന്നു തിരിഞ്ഞു നോക്കിയിട്ട് അവൻ അകത്തേക്കു പോയി. അവൻ വളർന്നിരിക്കുന്നു എന്നു ഉണ്ണിക്കു മനസ്സിലായി, മുഖത്തെ മീശക്കു കട്ടി കൂടിയതായും.

കിടക്കാൻ നേരം ലത വിശദമായി കാര്യങ്ങൾ പറഞ്ഞു. അനിയൻ ചില ദിവസങ്ങളിൽ വരാറില്ല. ചില ദിവസങ്ങളിൽ വരുമ്പോൾ മദ്യം മണക്കാറുണ്ട്. ഉണ്ണി സ്തംഭിച്ചിരുന്നു. തന്റെ പ്രതീക്ഷകൾ അസ്ഥാനത്താവുകയാണ്. അനിയനൊരു ജോലി. അനിയത്തിമാരുടെ കല്ല്യാണം. അനിയനൊരു ജോലികിട്ടിയിട്ടു വേണം അനിയത്തിമാരുടെ കല്ല്യാണം നടത്താൻ. താൻ ഒറ്റക്കു കൂട്ടിയാൽ കൂടാത്ത കാര്യം

ഉണ്ണിക്കു ഉറക്കം വന്നില്ല. തിരിഞ്ഞും മറിഞ്ഞും കിടന്നു. ഉണ്ണി എഴുന്നേറ്റ് അനിയന്റെ അടുത്തേക്കു നടന്നു. അനിയൻ ഉറങ്ങാനുള്ള തയ്യാറെടുപ്പിലായിരുന്നു. ഉണ്ണിയെ കണ്ടതും അനിയൻ ചോദ്യഭാവത്തിൽ നോക്കി. ഉണ്ണി എന്തു പറയണമെന്നറിയാതെ മുഖവുരയെന്നോണം പറഞ്ഞു.

"ഞാൻ......... ഒരു വീടു വയ്ക്കാൻ തീരുമാനിച്ചു."

അനിയനൊന്നും പറഞ്ഞില്ല. ഉണ്ണി അനിയൻ എന്തെങ്കിലും പറയട്ടെ എന്നാഗ്രഹിച്ചു. ഉണ്ണി തന്നെ തുടർന്നു: "വീടിന്റെ പ്ലാനും മറ്റും പൂർത്തിയായി. ഉടനെ പണി തുടങ്ങും."

അപ്പോഴേക്കും ലത എന്തൊ ഓർത്തിട്ടെന്നവണ്ണം വിളിച്ചു പറഞ്ഞു: "ഉണ്ണിയേട്ടാ പാൽക്കാരന്റെ കാശ് നാളെ കൊടുത്താലെ കുഞ്ഞിനുള്ള പാല് നാളെ മുതൽ തരുകയുള്ളൂ."

ലതയുടെ വർത്തമാനം കേട്ടിട്ടാകണം അനിയന്റെ മുഖത്ത് ഒരു പരിഹാസത്തിന്റെ ചിരിയുണ്ടായിരുന്നു. ഉണ്ണി അതു കാര്യമാക്കാതെ തുടർന്നു:

"വീടിന്റെ പണി കഴിഞ്ഞാൽ ഞങ്ങൾ അങ്ങോട്ടു താമസം മാറ്റും. പിന്നെ നീയാണ് ഈ വീട് നോക്കി നടത്തേണ്ടത്. അനിയൻ ചില ദിവസങ്ങളിൽ വരാറില്ലെന്നു ലത പറഞ്ഞു. ഇനി അങ്ങനെയൊന്നുണ്ടാവരുത്."

ഇതു പറയുമ്പോൾ ഒരു വീടുപണി പൂർത്തിയാക്കിയ സംതൃപ്തി

ഉണ്ണിയുടെ മുഖത്തുണ്ടായിരുന്നു. അനിയൻ മറുപടി ഒന്നും പറഞ്ഞില്ല. അൽപനേരംകൂടി ഉണ്ണി അനിയനെ നോക്കി നിന്നു.

ഉണ്ണി വരുന്നതും നോക്കി ലത നിൽപ്പുണ്ടായിരുന്നു. ഉണ്ണി പറഞ്ഞു: "അനിയനോട്....... വീടിന്റെ പണിയെപ്പറ്റി......."

ലത ഉണ്ണി പറയുന്നതു ശ്രദ്ധിച്ചില്ല. കിടക്കയുടെ വിരികൾ നേരെയാക്കി ലത പറഞ്ഞു: "നാളെ പാൽക്കാശു കൊടുക്കണം"

ഉണ്ണി വീണ്ടും വീട് പണിയെപ്പറ്റി പറയാൻ തുടങ്ങി. ലത കരച്ചിലിന്റെ വക്കോളമെത്തി.

ലത പറഞ്ഞു: "ഉണ്ണിയേട്ടാ, നമുക്ക് സ്വന്തമായി ഒരു വീടു പണിയുക എന്നതു എന്റെ സ്വപ്നത്തിലില്ല. പക്ഷെ ഒരു വാടക വീട്, ഒരു ഒറ്റമുറിവീട്." ഇതു പറയുമ്പോൾ ലതയുടെ വാക്കുകൾ മുറിയുന്നുണ്ടായിരുന്നു. തൊണ്ട വരളുന്നുണ്ടായിരുന്നു.

# വധുവിനു ജോലിവേണം

വളരെ പ്രയാസം സഹിച്ചാണ് രാജഗോപാൽ കീരപ്രയിലേക്ക് ട്രാൻസ്ഫർ വാങ്ങിയത്. സഹധർമിണി സുധയുടെ അടുത്തേക്കുള്ള ട്രാൻസ്ഫർ മാസങ്ങളുടെ അഭിലാഷമാണ് സാധിച്ചു കിട്ടിയത്. സന്തോഷം തോന്നിയില്ല എന്നുമാത്രമല്ല വല്ലാത്ത ദേഷ്യവും സങ്കടവും തോന്നി.

രാജഗോപാലിനു വിവാഹം കഴിക്കാൻ ആഗ്രഹമുണ്ടായിരുന്നില്ല. അച്ഛനു മമ്മയും വളരെ നിർബന്ധിച്ചപ്പോൾ രാജഗോപാൽ സമ്മതിക്കുകയായിരുന്നു. പകരം രാജഗോപാൽ ഒന്നുരണ്ടു നിബന്ധനകൾ വച്ചിരുന്നു. അതിൽ പ്രധാന നിബന്ധന വധുവിനു ജോലി വേണമെന്നതായിരുന്നു. വെറുമൊരു ജോലി പോരാ, സർക്കാർ പോതുമേഖല സ്ഥാപനങ്ങളിൽ ഏതെങ്കിലും ഒന്നിൽ ജോലി വേണമെന്നതായിരുന്നു നിബന്ധന. രാജഗോപാലിന്റെ അച്ഛനുമമ്മ ക്കും അക്കാര്യത്തിൽ വലിയ എതിർപ്പുണ്ടായിരുന്നു. തങ്ങളോടൊപ്പം താമസി ക്കാൻ മകനെ ഒഴിവു ദിവസങ്ങളിലെ കിട്ടുമായിരുന്നുള്ളൂ. രാജഗോപാലിന്റെ വിവാഹശേഷം മരുമകളെങ്കിലും തങ്ങളോടൊപ്പം സ്ഥിരമായി ഉണ്ടാകണ മെന്ന് ആഗ്രഹിച്ചു. അച്ഛന്റേയും അമ്മയുടേയും നിർബന്ധം കൂടിയപ്പോൾ രാജഗോപാൽ പ്രഖ്യാപിക്കുകയായിരുന്നു; രാജഗോപാലിന്റെ വധുവിനു ജോലി വേണം.

രാജഗോപാൽ ആലോചിക്കുകയായിരുന്നു. മാന്യമായി ജീവിക്കണമെങ്കിൽ തനിക്കുമാത്രം ജോലി പോരാ. ഭാര്യക്കും ഭർത്താവിനും ജോലിവേണം. എന്നാൽ മാത്രമെ ഇക്കാലത്തു ഭംഗിയായി ജീവിക്കാനൊക്കൂ. രാജഗോപാൽ തന്റെകൂടെ ജോലി ചെയ്യുന്നവരിൽ ചിലരെയെല്ലാം മനസ്സിലോർത്തു. ഭാര്യയും ഭർത്താവും ജോലിക്കു പോകുന്നവരുമായി താരതമ്യം ചെയ്തു. ഒടുവിൽ അച്ഛനേയും അമ്മയേയും തന്റെ തീരുമാനം അറിയിക്കുകയായിരു ന്നു. രാജഗോപാൽ വിവാഹം കഴിക്കുന്നുവെങ്കിൽ ജോലിയുള്ള പെൺ കുട്ടിയെ മാത്രമെ വിവാഹം കഴിക്കൂ.

രാജഗോപാലിന്റെ അച്ഛനും അമ്മക്കും രാജഗോപാൽ വിവാഹത്തിനു സമ്മതിച്ചതുതന്നെ സന്തോഷമുള്ള കാര്യമായിരുന്നു. രാജഗോപാലിന്റെ നിബന്ധന അവർ മനസ്സില്ലാമനസ്സോടെ അംഗീകരിച്ചു. അത് എന്നും പതിവു

ള്ളതാണ്. രാജഗോപാലിന്റെ താൽപര്യങ്ങൾക്കായിരുന്നുവല്ലൊ എന്നും മുൻതൂക്കം. പല ആലോചനകൾക്കുമൊടുവിലാണ് സുധയുടെ ജാതകവുമായി ഒത്തുനോക്കിയത്. നല്ല ചേർച്ചയുള്ള ജാതകമായിരുന്നു. രാജഗോപാലിന്റെ വീടിനടുത്തുള്ള സർക്കാർ സ്ക്കൂളിലായിരുന്നു സുധക്ക് ജോലി. സൗന്ദര്യമുള്ള പെൺകുട്ടിയായിരിക്കണം തന്റെ വധുവെന്ന് രാജഗോപാലിനു നിർബന്ധമുണ്ടായിരുന്നു. അക്കാര്യം കൊണ്ടുതന്നെ വിവാഹാലോചനകൾ മുടങ്ങിയതുമാണ്. സുധ തന്റെ സൗന്ദര്യസങ്കൽപ്പങ്ങൾക്കൊത്തു പോകുന്നില്ലായെന്നു രാജഗോപാലിനു തോന്നി. കൂട്ടിയും കിഴിച്ചും ഒടുവിൽ രാജഗോപാൽ വിവാഹത്തിനു പച്ചക്കൊടികാട്ടി.

സുധയുടെ അച്ഛനുമമ്മക്കും രാജഗോപാലിനെ നന്നായി ബോധിച്ചു. രാജഗോപാലിന്റെ അച്ഛനുമമ്മയും പറഞ്ഞു: "ജോലിയുള്ള പെണ്ണായിരിക്കണമെന്നു രാജഗോപാലിനാണ് വാശി"

ഉള്ളാലെ സുധയുടെ അച്ഛനുമമ്മയും സന്തോഷിച്ചു. എന്നിരുന്നാലും ഒരു ഉറപ്പിനായി അവർ പറഞ്ഞു: "സുധ വിവാഹം കഴിഞ്ഞാലും ജോലിക്കു പോകണം." അത് ഒരു ഉറപ്പു വാങ്ങലായിരുന്നു.

രാജഗോപാലിന്റെ അച്ഛനുമമ്മക്കും രാജഗോപാൽ ഒറ്റ മകനാണ്. രാജഗോപാൽ ജോലിക്കു പോകുന്നതിൽ തന്നെ അവർക്ക് എതിർപ്പുണ്ടായിരുന്നു. വല്ലപ്പോഴും ഒഴിവുദിവസങ്ങളിൽ രാജഗോപാൽ വീട്ടിലെത്തുമ്പോൾ അവർ അക്കാര്യം പറയാറുണ്ടായിരുന്നു. കൃഷിയും എസ്റ്റേറ്റുമായി ഇക്കാലത്തു പിടിച്ചുനിൽക്കാൻ പറ്റില്ലെന്ന വാദത്തോട് രാജഗോപാലിന്റെ അച്ഛനുമമ്മയും യോജിക്കുകയായിരുന്നു. ജോലിക്കു പോയി തുടങ്ങി ആദ്യമാദ്യം ഒഴിവുദിവസങ്ങളിലെല്ലാം മുടങ്ങാതെ രാജഗോപാൽ വീട്ടിലെത്തുമായിരുന്നു. അന്നെല്ലാം രാജഗോപാലിന്റെ അച്ഛനുമമ്മയും കാത്തിരിക്കുമായിരുന്നു. പിന്നീട് ഒഴിവുദിവസങ്ങളിലെ വരവ് ഫോൺ വിളികളിൽ ഒതുങ്ങി. വിവാഹം കഴിഞ്ഞാൽ രാജഗോപാൽ പഴയതുപോലെ വീട്ടിലെത്തുമെന്ന് രാജഗോപാലിന്റെ അച്ഛനുമമ്മയും കണക്കുകൂട്ടി. അങ്ങനെയാണു വിവാഹ ആലോചന തുടങ്ങിയതും രാജഗോപാൽ നിബന്ധന വച്ചതും.

രാജഗോപാലിന്റെ ആഗ്രഹത്തിനൊത്ത് ജോലിയുള്ളതും സാമാന്യം സൗന്ദര്യമുള്ള പെൺകുട്ടി, അതും വീടിനടുത്ത്- രാജഗോപാലിന്റെ അച്ഛനുമമ്മക്കും വലിയ സന്തോഷം തോന്നി. ശേഷിക്കുന്ന കാലം പേരക്കുട്ടികളുമായി വീട്ടിൽ കഴിച്ചുകൂട്ടുന്ന നാളുകൾ അവർ ഇരുവരും തമ്മിൽ തമ്മിൽ പങ്കിട്ടു.

വലിയ ആഘോഷത്തോടെയായിരുന്നു വിവാഹം. ബന്ധുക്കളും സുഹൃത്തുക്കളുമുൾപ്പടെ നല്ലൊരു പറ്റം ആളുകൾ ഉണ്ടായിരുന്നു. മുൻകൂട്ടി തീരുമാനിച്ചപ്രകാരം രാജഗോപാലും സുധയും കുറച്ചു ദിവസത്തേക്കു അവധി എടുത്തു. ബന്ധുക്കളുടേയും സുഹൃത്തുക്കളുടേയും വീടുകളിൽ പോകുന്ന കൂട്ടത്തിൽ സുധയുടെ സ്ക്കൂളിലും കയറി. ഹെഡ്മാസ്റ്റർ കുശലാന്വേഷ

ണത്തിനൊടുവിൽ രാജഗോപാലിനെ പ്രത്യേകം വിളിച്ചു. രാജഗോപാലിനു പ്രത്യേകതയൊന്നും തോന്നിയില്ല. ഹെഡ്മാസ്റ്റർ പറഞ്ഞു: "ക്ലാസ്സ് ഡിവിഷൻ ഒന്നുരണ്ടെണ്ണം കുറഞ്ഞിട്ടുണ്ട്. മിക്കവാറും ജൂനിയറായ സുധക്കു ട്രാൻസ്ഫർ ഉണ്ടാവും."

സുധക്കൊരു ട്രാൻസ്ഫർ ഇത്ര പെട്ടെന്ന്, രാജഗോപാലിനു വല്ലായ്മ തോന്നി. മുഖഭാവം ഹെഡ്മാസ്റ്റർ ശ്രദ്ധിച്ചു.

"ശ്രമിച്ചാൽ നമുക്ക് അടുത്തെവിടേക്കെങ്കിലും ആക്കാം."

തിരിച്ചു പോരുമ്പോൾ രാജഗോപാലിന്റെ മുഖത്തെ വല്ലായ്മ സുധയുടെ ശ്രദ്ധയിൽപ്പെട്ടു. സുധ ആകുവോളം ചോദിച്ചപ്പോൾ രാജഗോപാൽ ഹെഡ്മാസ്റ്റർ പറഞ്ഞ വിശേഷം സുധയോടു പറഞ്ഞു. സുധക്കു മറുപടിയായി എന്തു പറയണമെന്ന് ബോധ്യമില്ലായിരുന്നു. എങ്കിലും ഒരുവിധം സുധ പറഞ്ഞൊപ്പിച്ചു.

"ഞാൻ സ്കൂളിലേക്കൊന്നു വിളിച്ചു ചോദിക്കട്ടെ." വീടെത്തുംവരെ ആരും ഒന്നും പ്രത്യേകിച്ചു സംസാരിച്ചില്ല. വീട്ടിലെത്തിയ ഉടനെ സുധ സ്കൂളിലേക്കു ഫോൺ വിളിച്ചു. ഹെഡ്മാസ്റ്റർ പറഞ്ഞു: "സുധയുടെ ട്രാൻസ്ഫർ ഉറപ്പായിട്ടുണ്ട്. കീരപ്രയിലേക്കാണ്; അറിയിപ്പ് ഇപ്പോൾ വന്നതെയുള്ളൂ."

രാജഗോപാൽ കുറച്ചു ദിവസംകൂടി അവധിയെടുക്കുവാൻ തീരുമാനിച്ചു. അയാൾ ഡിപ്പാർട്ടുമെന്റിലുള്ള സുഹൃത്തുക്കളുമായി സംസാരിച്ചു. സുധ ജോലിക്കു ജോയിൻ ചെയ്യുക, അതിനുശേഷം ട്രാൻസ്ഫറിനു ശ്രമിക്കാമെന്നു നിശ്ചയിച്ചുറപ്പിച്ചു.

ട്രാൻസ്ഫർ അത്ര എളുപ്പത്തിൽ ലഭിക്കുന്നതല്ലെന്നു രാജഗോപാലിനു മനസ്സിലായി. എല്ലാ സ്കൂളുകളിലും ഡിവിഷനുകൾ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഒഴിവുകൾ ഉള്ളതാകട്ടെ ഉൾപ്രദേശങ്ങളിൽ മാത്രവും.

രാജഗോപാലിന്റെ അവധി കഴിയാറായി. സുധയോടു നീണ്ട അവധി എടുക്കുവാൻ പറഞ്ഞാലൊ എന്നു രാജഗോപാൽ ആലോചിച്ചതാണ്. അവസാനം വേണ്ട എന്നു രാജഗോപാൽ തീരുമാനിക്കുകയായിരുന്നു. എത്ര ത്യാഗം സഹിച്ചാലും ജോലി ഉപേക്ഷിക്കില്ലെന്ന സുധയുടെ തീരുമാനത്തെ രാജഗോപാലും അംഗീകരിച്ചിരുന്നതാണല്ലോ. സുധക്കു താമസിക്കുവാൻ പല സ്ഥലങ്ങളിലും രാജഗോപാൽ പോയി തിരക്കി. അവിടെയെല്ലാം രാജഗോപാലിനു താൽപര്യം തോന്നിയില്ല. ഒടുവിൽ സുധ തന്നെ തന്റെ തീരുമാനം രാജഗോപാലിനോടു പറയുകയായിരുന്നു.

"കൂടെ പഠിപ്പിക്കുന്ന ഒരു ടീച്ചറിന്റെ കൂടെ ഒരു മുറിയെടുത്തു താമസിക്കുന്നു; ഭക്ഷണം ടീച്ചറിന്റെ കൂട്ടത്തിൽ."

സുധയുടെ ട്രാൻസ്ഫറിനായി രാജഗോപാൽ ശ്രമിക്കുന്നതിനിടയിലാണ് മറ്റൊരു കാര്യം രാജഗോപാൽ അറിയുന്നത്. രാജഗോപാലിന്റെ കമ്പനി സുധയുടെ ജോലിസ്ഥലത്തിനടുത്തായി ഒരു വർക്ക്സൈറ്റ് ആരംഭിക്കുന്നു.

വർക്ക്സൂപ്രണ്ടായി പോവാൻ അധികമാർക്കും താൽപര്യമില്ലാതിരുന്നതിനാൽ രാജഗോപാലിന് അങ്ങോട്ടു മാറ്റം കിട്ടുക എളുപ്പമായിരുന്നു. കേട്ടപ്പോൾ രാജഗോപാലിനും സുധക്കും വലിയ സന്തോഷമായി. മറ്റൊരു മാർഗ്ഗമില്ലാത്തവനു ദൈവം കാണിച്ചു തന്ന വഴിയാണെന്നും മറ്റും, മറ്റു ടീച്ചർമാർ സുധയെ കളിയാക്കി. മധുവിധു ആഘോഷിക്കാൻ പറ്റിയ ഒരു വീടും അവർ തന്നെ കണ്ടെത്തി.

രാജഗോപാൽ താമസം മാറ്റുന്ന തിരക്കിലായിരുന്നു. അത്യാവശ്യം സാധനങ്ങൾ വാങ്ങണം. തീരെ പരിചിതമല്ലാത്ത സ്ഥലങ്ങൾ. ഇവിടം ഇണങ്ങിപ്പോകാൻ എത്ര നാളെടുക്കുമൊ എന്തൊ? സുധയുടെ ട്രാൻസ്ഫർ തൽക്കാലം വേണ്ട എന്നു പറയണം. രാജഗോപാൽ താമസമാക്കിയ അന്നുതന്നെ ഡിപ്പാർട്ടുമെന്റിലേക്കു വിളിച്ചു. ട്രാൻസ്ഫറിന്റെ കാര്യം ചട്ടം കെട്ടിയ സൂപ്രണ്ടിനെ ആവശ്യപ്പെട്ടു. അന്നു സുഹൃത്ത് ലീവിലായിരുന്നു. രാജഗോപാൽ താൻ വിളിച്ച വിവരം പറയാൻ ഫോൺ എടുത്തയാളെ ഏൽപ്പിച്ചു. മറുതലയ്ക്കൽ നിന്നും മറുപടി വന്നു: "രാജഗോപാൽ എന്നയാളുടെ ഭാര്യക്കു ട്രാൻസ്ഫറായി. രാജഗോപാലിന്റെ ജോലിസ്ഥലത്തിനടുത്ത്; അവിടെനിന്നു ഒരു ടീച്ചർ വളണ്ടറി എടുത്തു റിട്ടയർ ചെയ്യുന്നു."

## ഞാൻ അത്തരക്കാരനല്ല

നാരായണൻ തന്റെ മുന്നിൽ നീട്ടിയ കവർ എന്തു ചെയ്യണമെന്നറിയാതെ വല്ലാതായി. ഇതിനുമുൻപ് നീട്ടിയപ്പോൾ നിരസിച്ചിട്ടുള്ളതാണ്. അങ്ങനെ നിഷേധങ്ങൾക്കും പ്രതിഷേധങ്ങൾക്കുമൊടുവിൽ ഇവിടേക്കു ട്രാൻസ്ഫറാവുകയായിരുന്നു. ഇന്നിനി പ്രതിഷേധിക്കാനൊ ബഹളം വയ്ക്കാനൊ വയ്യ എന്നു വിചാരിച്ചു.

നാരായണൻ രജിസ്ട്രാഫീസിൽ ഗുമസ്തനായി ജോലിയിൽ പ്രവേശിച്ചയാളാണ്. ഒരു ഗുമസ്തപ്പണിക്കായി തിരക്കാത്ത ഇടങ്ങളില്ല. അങ്ങനെ അവസാനമാണ് പി.എസ്.സി. കനിഞ്ഞതും രജിസ്ട്രാഫീസിൽ ജോലി ലഭിച്ചതും. രജിസ്ട്രാഫീസിലാണ് ജോലി എന്നതുകൊണ്ടാണ് ആളുകൾ തന്നെ വല്ലാത്ത നോട്ടം നോക്കുന്നത് എന്നു നാരായണനു മനസ്സിലായി.

രജിസ്ട്രാഫീസിൽ തന്നെ വാങ്ങിയെടുത്തല്ലൊ; അല്ലെങ്കിലും ജോലി ചെയ്തു കിട്ടുന്നതുകൊണ്ട് ഒന്നും തികയില്ല.

ജോലി ലഭിച്ചതറിഞ്ഞ് അഭിനന്ദനങ്ങളുടെ കൂട്ടത്തിൽ അഭിപ്രായപ്രകടനങ്ങൾ പലതും നാരായണനു മനസ്സിലായില്ല.

ശമ്പളത്തേക്കാൾ അധികം കിമ്പളം കിട്ടുമല്ലൊ; ഇനിയിപ്പോൾ നാരായണനു സുഖമായി ജീവിക്കാം.

കാര്യങ്ങൾ നേരാംവണ്ണം മനസ്സിലാക്കുവാൻ നാരായണനു സമയമെടുത്തു. ഒത്തിരി അഭിപ്രായപ്രകടനങ്ങൾ കേട്ടുമടുത്ത നാരായണൻ പ്രഖ്യാപിച്ചു.

"ഞാൻ അത്തരക്കാരനല്ല."

ജോലിക്കു പ്രവേശിക്കുന്ന ദിവസം നാരായണൻ അമ്പലത്തിൽ പോയി കുളിച്ചു തൊഴുതു. ദേവീദേവന്മാരോടു അളവറ്റ നന്ദി പറഞ്ഞു. പ്രതീക്ഷകൾക്കൊടുവിൽ പ്രാർത്ഥനക്കു പ്രതിഫലമായി തനിക്കു ദേവീദേവന്മാരുടെ അനുഗ്രഹത്താലാണ് ജോലി ലഭിച്ചത് എന്നു വിശ്വസിച്ചു.

താൻ അത്തരക്കാരനല്ല എന്നു നാരായണൻ വെറുതെ പറഞ്ഞതായിരുന്നില്ല. കിമ്പളം വാങ്ങാൻ ഇടവരുത്തരുതെ എന്നു മനസ്സുരുകി ദേവീ ദേവന്മാരോടു പ്രാർത്ഥിച്ചു. കണ്ണടച്ചു പ്രാർത്ഥിക്കുകയായിരുന്നു നാരായണൻ. മണികിലുങ്ങുന്ന ശബ്ദം കേട്ടു നാരായണൻ വാച്ചിലേക്കു നോക്കി. തനിക്കു

പോകാനുള്ള സമയമായിരിക്കുന്നു. പ്രസാദം വാങ്ങി മടങ്ങുമ്പോൾ കാതിൽ ശാന്തിക്കാരൻ പറഞ്ഞ വാക്കുകളായിരുന്നു.

''നന്നായി, ശമ്പളം മാത്രമല്ലല്ലോ, ആവശ്യത്തിനു കിമ്പളവും കിട്ടും.''

''ദേവീ അരുതാത്തതു തോന്നിക്കല്ലെ, ശമ്പളം മാത്രം മതിയെ. ജോലിക്കു വിഘ്നം ഒന്നും ഉണ്ടാക്കരുതെ'' മറുപടി മനസ്സിൽ പലവട്ടം ആവർത്തിച്ചു.

നാരായണന് സ്ക്കൂൾ വിദ്യഭ്യാസം പോലും പൂർത്തിയാക്കാൻ കഴിയുമൊ എന്നു സംശയമായിരുന്നു. അതിനു മുൻപെ അച്ഛൻ മരിച്ചിരുന്നു. മരിക്കും മുൻപെ അച്ഛനൊരു ആഗ്രഹമുണ്ടായിരുന്നു. വീട്ടിൽ വൈദ്യുതി കൊണ്ടു വരിക. അതിനദ്ദേഹം വയറിംഗ് പോലും നടത്തിയതാണ്. അച്ഛന്റെ ആ സ്വപ്നം പോലും തനിക്കിതുവരെ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ലെന്നു നാരായണൻ ഓർത്തു. ഇലക്ട്രിസിറ്റി ഓഫീസിലെ കണക്കനുസരിച്ച് അടയ്ക്കാനുള്ളതിനേക്കാൾ എത്രയൊ ഇരട്ടിയാണ് അയാൾ ആവശ്യപ്പെട്ടത്. വരട്ടെ. ഇപ്രാവശ്യം ആദ്യം വീട്ടിലേക്ക് ലൈൻ വലിക്കുകയാണ് വേണ്ടത് എന്നു നാരായണൻ തീരുമാനിച്ചു.

മണ്ണെണ്ണ വിളക്കിന്റെ പ്രകാശത്തിലായിരുന്നു നാരായണന്റെ പഠനം. നന്നായി പഠിച്ചു ബി.എ. നല്ല മാർക്കോടെ പാസ്സാകുമ്പോഴും ഒരു ജോലി മനസ്സിനെ വല്ലാതെ മോഹിപ്പിച്ചിരുന്നു. കോളേജിൽ നാരായണനു സഹപാഠികളുടെ പിൻതുണയുണ്ടായിരുന്നു. നന്നായി സംസാരിക്കുന്ന നാരായണൻ ആശയക്കൊഴുപ്പോടെ കാര്യങ്ങൾ സംസാരിച്ചു. കൂട്ടുകാർക്കിടയിൽ ഹീറോയായി. ആയിടക്കാണ് നാരായണന് കോളേജിൽ അഴിമതിക്കെതിരെ പ്രസംഗിക്കാൻ അവസരം കിട്ടിയത്. വായിച്ചിട്ടുള്ള ന്യൂസ് പേപ്പറുകളും മാഗസിനുമൊക്കെ പരതി ആശയങ്ങൾ കൊഴുപ്പിക്കുകയായിരുന്നു. കൊഴുപ്പിച്ച ആശയങ്ങൾ വാക്കുകളായി ഗർജിക്കുമ്പോൾ സദസ്സാകെ ഇളകി മറിഞ്ഞു. ഹാളാകെ കയ്യടികൊണ്ട് പ്രകമ്പനം കൊണ്ടു. വേദിയിൽ വച്ചുതന്നെ അദ്ധ്യാപകർ നാരായണനെ അനുമോദിച്ചു.

പ്രസംഗത്തിൽ നാരായണൻ പറഞ്ഞത് അനുകരണങ്ങളായിരുന്നില്ല; അനുഭവങ്ങളായിരുന്നു. ഫീസ് കൊടുക്കാൻ ബുദ്ധിമുട്ടുന്ന നാരായണന് വിവിധ ഓഫീസുകളിൽ അനുഭവിക്കേണ്ടി വന്ന പീഢനങ്ങളായിരുന്നു. അങ്ങനെ എപ്പോഴൊ നാരായണന് ശമ്പളം കൂടാതെ കിമ്പളം വാങ്ങുന്നവരോട് ദേഷ്യം തോന്നി. ദേഷ്യം ദേശസ്നേഹത്തിന്റെ സാമൂഹ്യസ്നേഹത്തിന്റെ പ്രതീകമായി നാരായണൻ മനസ്സിലാക്കി. വിദ്യാർത്ഥി സമൂഹം അതു കയ്യടിച്ച് ഏറ്റുവാങ്ങി.

അമ്പലത്തിൽ നിന്നും വരുന്നതും നോക്കി നാരായണന്റെ അമ്മ വാതിൽക്കൽതന്നെ നിൽപ്പുണ്ടായിരുന്നു. നാരായണൻ പ്രസാദം അമ്മയെ ഏൽപ്പിച്ചു, വിളമ്പി വച്ച ഭക്ഷണം കഴിച്ചു. ഭക്ഷണത്തിനു കൂടുതൽ സ്വാദു തോന്നി. പോകാൻനേരം അമ്മയുടെ അനുഗ്രഹം വാങ്ങി.

നാരായണൻ ഓഫീസിലെത്തുമ്പോൾ ഓഫീസു തുറന്നിട്ടുണ്ടായിരുന്നില്ല.

അവിടെ നിന്നിരുന്നവരോട് നാരായണൻ രജിസ്ട്രാറെപ്പറ്റി തിരക്കി. ഭൂമി വിൽക്കുവാനാണൊ വാങ്ങുവാനാണൊ, സെന്റിനു എത്ര രൂപയെന്നൊക്കെയാണ് അവർക്കറിയേണ്ടിയിരുന്നത്. അവർ ഭൂമി ദല്ലാളന്മാരും ആധാരമെഴുത്തുകാരുമാണെന്ന് നാരായണൻ മനസ്സിലാക്കി. നാരായണൻ ജോലിക്കു ചേരാൻ വന്നതാണെന്നറിഞ്ഞപ്പോൾ ചോദ്യങ്ങൾ ബഹുമാനത്തിനു വഴിമാറി. ഇരിക്കുകയായിരുന്ന ഒരാൾ എഴുന്നേറ്റു നിന്നു കുശലം നടത്തി. നാടകീയ ബഹുമാനം നാരായണനിൽ മടുപ്പുളവാക്കി. നാരായണൻ വരാന്തയുടെ ഓരം ചേർന്ന് മാറിനിന്നു.

മണി പത്തടിച്ചിരിക്കണം. രണ്ടു മൂന്നു പേർ ഒരുമിച്ചു വരുന്നതും വാതിൽ തുറക്കുന്നതും നോക്കി നാരായണൻ നിന്നു. എങ്ങനെ തുടങ്ങണമെന്ന ചിന്തയിലായിരുന്നു നാരായണൻ. പുറകിലായി കയറിയ ആളോട് കാര്യം വിവരിച്ചു.

സാറിനോടു പറഞ്ഞാൽ മതി എന്നു പറഞ്ഞ് അയാൾ വാതിൽ മലർക്കെ തുറന്ന് ആദ്യം കയറിയ ആളെ ചൂണ്ടിക്കാണിച്ചു.

വാതിൽ തുറന്ന് ആദ്യം പ്രവേശിച്ചയാൾ രജിസ്ട്രാറാണെന്നും പുറകിൽ വന്നയാൾ ഓഫീസ് പ്യൂൺ ആയിരുന്നു എന്നും പിന്നീട് നാരായണനു മനസ്സിലായി.

അന്നു ജോലിക്കു ജോയിൻ ചെയ്തു കുറെനേരം അങ്ങുമിങ്ങും നോക്കി നിന്നു. കുറച്ചു നേരം കഴിഞ്ഞ് നാരായണൻ രജിസ്ട്രാറുടെ അരുകിലായി വന്നു നിന്നു. നാരായണനോട് ഇരിക്കാൻ പറഞ്ഞു. നാരായണന് വലിയ ആശ്വാസമായി. അപ്പോഴേക്കും ചായ എത്തിയിരുന്നു. നാരായണന് ചായ കൊടുക്കുവാൻ ആരോ പറയുന്നുണ്ടായിരുന്നു. ചായ കൊണ്ടുവന്നയാൾ നാരായണനെ നോക്കി ചിരിച്ചു. ആ ചിരിക്കു മറ്റെന്തെങ്കിലും അർത്ഥമുണ്ടൊ എന്നു നാരായണന്നു സംശയം തോന്നി. ഗ്ലാസ്സ് തിരിച്ചു കൊടുക്കുമ്പോൾ നാരായണൻ പോക്കറ്റു തപ്പി. അപ്പോൾ അയാൾ ചിരിച്ചുകൊണ്ടു പറഞ്ഞു: "ചായക്കാശു കിട്ടിയതാണു സർ."

നാരായണന്നു ആശ്വാസമായി. തിരിച്ചു പോകാനുള്ള വണ്ടിക്കാശു മാത്രമെ കരുതിയിരുന്നുള്ളൂ. ആളുകൾ വരുന്നതും പോകുന്നതും രേഖകൾ പരിശോധിക്കുന്നതും നോക്കി നാരായണൻ ഇരുന്നു. ഇടക്കിടെ ദല്ലാളന്മാരൊ, ആധാരമെഴുത്തുകാരൊ വന്നു നാരായണനെ പരിചയപ്പെട്ടു. അവരുടെ മുഖത്തുള്ള ചിരിയിൽ മറ്റെന്തെങ്കിലും അർത്ഥമുണ്ടൊ എന്നു നാരായണന്നു സംശയം തോന്നി. മണി ഒന്നടിച്ചു. നാരായണൻ ബാഗ് കയ്യിലെടുത്തു. ഉച്ചക്കുള്ള ഭക്ഷണം കരുതിയിരുന്നു. എവിടെയിരുന്നാണ് ഭക്ഷണം കഴിക്കുക. ഉച്ചക്കുള്ള ഭക്ഷണം ഏർപ്പാടാക്കിയിട്ടുണ്ടെന്ന് ഓഫീസ് പ്യൂൺ വിളിച്ചു പറഞ്ഞു. നാരായണൻ താൻ ഭക്ഷണം കൊണ്ടുവന്ന കാര്യം വിളിച്ചു പറഞ്ഞിട്ടും ഓഫീസ് പ്യൂൺ വിട്ടില്ല. അയാൾ നാരായണനേയും കൂട്ടി എല്ലാവരോടുമൊപ്പം പുറപ്പെട്ടു. അകത്തു കയറും മുൻപെ പുറത്തെഴുതി

വച്ചിരിക്കുന്ന ബോർഡ് നാരായണൻ വായിച്ചു. ‘‘ബാർ.’’

മേശപ്പുറത്തു ഭക്ഷണം വന്നു നിറഞ്ഞു. ഗ്ലാസ്സുകൾ ഓരോന്നായി നിരന്നു. ഗ്ലാസ്സിലേക്കു പകരുംമുൻപെ നാരായണൻ പറഞ്ഞു, ‘‘ഞാൻ.......... ഞാനിതു ശീലിച്ചിട്ടില്ല.’’

സോഡാക്കുപ്പികൾ പൊട്ടിക്കുന്നതിനിടയിൽ ഓഫീസ് പ്യൂൺ മറുപടി എന്നോണം പറഞ്ഞു. ‘‘സാരമില്ല, തനിയെ ശീലമായിക്കോളും.’’

അന്നത്തെ ദിവസം രജിസ്ട്രറിൽ ഒപ്പിടുക മാത്രമെ നാരായണൻ ചെയ്തു ള്ളൂ. എന്തെങ്കിലും ജോലി ചെയ്യാൻ ആരും നാരായണനോട് ആവശ്യപ്പെട്ടില്ല. നാരായണൻ പഴയ്യ ബഞ്ചിൽ നിന്നും എഴുന്നേറ്റു ഫയൽ മേശപ്പുറത്തുനിന്നു എടുത്തു കൊടുക്കുവാൻ തുനിഞ്ഞു. ഓഫീസ് പ്യൂൺ ആധാരമെഴുത്തു കാരനെ വിളിച്ച് രൂക്ഷമായി നോക്കി. ഫയൽ വാങ്ങിക്കൊടുക്കാൻ നിർദ്ദേശിച്ചു. നാരായണൻ തിരികെ ബഞ്ചിലിരുപ്പുറപ്പിച്ചു.

സമയം അഞ്ചായിട്ടുണ്ടായിരുന്നില്ല. ഓഫീസ് പ്യൂൺ വന്നു ഒരു കവർ നാരായണന്റെ കയ്യിൽ വച്ചു കൊടുത്തു. നാരായണൻ കവർ വാങ്ങി. ജോലി സംബന്ധമായി എന്തെങ്കിലുമായിരിക്കുമെന്ന് കരുതി തുറന്നു നോക്കി. അതിൽ നൂറിന്റെയും പത്തിന്റെയും നോട്ടുകളായിരുന്നു. കാര്യം മനസ്സിലാകാ തെ നാരായണൻ ഓഫീസ് പ്യൂണിനെ നോക്കി.

‘‘ഉച്ചയൂണു കഴിഞ്ഞുള്ളതാണ്. നാളെ മുതൽ ഭക്ഷണം കൊണ്ടുവരരുത്,’’ അയാൾ പറഞ്ഞു.

നാരായണന്റെ മനസ്സിൽ ദേവിയുടെ രൂപം ഉറഞ്ഞു തുള്ളുന്നുണ്ടായിരുന്നു. ഒന്ന് അലറി ഒച്ച വക്കണമെന്നുണ്ടായിരുന്നു. നാരായണൻ പരമാവധി ശബ്ദം താഴ്ത്തി പറഞ്ഞു. ‘‘എനിക്കിതു വേണ്ട.’’

നാരായണന്റെ ശബ്ദം തീവ്രവും കനമുള്ളതുമായിരുന്നു. ഓഫീസ് പ്യൂൺ കവർ തിരിച്ചു വാങ്ങി പുച്ഛത്തോടെ നാരായണനെ നോക്കി. മുന്നറിയിപ്പെന്ന വണ്ണം പറഞ്ഞു. ‘‘ഒച്ച വക്കണ്ട സർ.’’

ഓഫീസ് പ്യൂൺ പറഞ്ഞ മുന്നറിയിപ്പിന്റെ അർത്ഥം നാരായണനു മനസ്സിലാക്കാൻ ഒരാഴ്ചയെ വേണ്ടി വന്നുള്ളൂ. ഒരാഴ്ച നാരായണൻ ഒന്നും ചെയ്യാനുണ്ടായിരുന്നില്ല. ആരും നാരായണനോടു പ്രത്യേകിച്ചു സംസാരിച്ച തുമില്ല. നാരായണനെ വിളിച്ച് ട്രാൻസ്ഫർ കാര്യം പറയുമ്പോഴും നാരായണ നു മറിച്ചൊന്നും തോന്നിയില്ല. സന്തോഷപൂർവ്വം ട്രാൻസ്ഫർ വാങ്ങി.

പുറകിൽനിന്നും ആധാരമെഴുതുന്ന, ഓഫീസ് സ്വന്തം വീടുപോലെ കരുതി ഓടി നടക്കുന്ന, ഒരാൾ വന്നു കാര്യങ്ങൾ വിശദീകരിച്ചു. ‘‘സർ, അവരോടു സഹകരിക്കാത്തതുകൊണ്ടല്ലെ സാറിന് ട്രാൻസ്ഫർ വന്നത്. ഇതൊക്കെ ഇക്കാലത്തു ആരെങ്കിലും വേണ്ട എന്നു പറയുമൊ.’’ അയാൾ നിർത്തി.. എന്നിട്ടു മുന്നറിയിപ്പെന്നവണ്ണം പറഞ്ഞു.

‘‘പുതിയ സ്ഥലത്തു ചെന്നാലും ഇതു തന്നെയാ ഗതി.’’

നാരായണൻ ഒന്നും പറഞ്ഞില്ല. പുതിയ അറിവും ആർജവത്വവും നേടുക

യായിരുന്നു അയാൾ.

നാരായണൻ പുതിയ ജോലിസ്ഥലത്തേക്കു പുറപ്പെട്ടു. അമ്മയേയും കൂട്ടത്തിൽ കൂട്ടുവാൻ കഴിയാത്തതിൽ നാരായണനു വലിയ നിരാശ തോന്നി. പുതിയ ജോലിസ്ഥലത്തിനടുത്ത് തന്നെയാണ് അവിടത്തെ രജിസ്ട്രാർ താമസിച്ചിരുന്നത്. നാരായണൻ രജിസ്ട്രാറെ ചെന്നു കണ്ടു. രജിസ്ട്രാറോടു കഥകൾ വിവരിച്ചു. രജിസ്ട്രാർ എല്ലാം മൂളിക്കേട്ടതെയുള്ളൂ. അമ്മയേയും കൂടെ കൂട്ടിത്താമസിക്കാൻ ഒരിടം ഏർപ്പാടാക്കാമെന്നു പറഞ്ഞു. നാരായണൻ പുറപ്പെടും മുൻപായി രജിസ്ട്രാർ പറഞ്ഞു:

"ഒരിടത്തും അധികനാൾ കഴിയണമെന്നില്ലായെങ്കിൽ ......................." ഒന്നു നിർത്തിയിട്ടു തുടർന്നു: "സഹകരിക്കുന്നതാണ് നല്ലത്..."

"എന്നും വാടകക്കു താമസിക്കാനാണൊ തീരുമാനം. നമ്മളെല്ലാം ഒറ്റക്കെട്ടായി നിൽക്കേണ്ടവരാണ്........ നല്ല വരുമാനമുള്ള ഓഫീസ് ആണ്." എങ്ങും തൊടാതെയുള്ള സംഭാഷണം.

നാരായണൻ മറുത്തൊന്നും പറഞ്ഞില്ല. നാരായണൻ വരികൾക്കിടയിൽ കൂടി കൂട്ടി വായിക്കാൻ ശ്രമിച്ചു. എന്തിനു വെറുതെ വിരോധം സമ്പാദിക്കണം. നാരായണൻ മനസ്സുമാറ്റാൻ തന്നെ തീരുമാനിച്ചു. തനിക്കു നേരെ നീട്ടുന്ന കവറും നോട്ടുകളും നിരസിക്കില്ലെന്നു നാരായണൻ തീരുമാനിച്ചു. നാരായണന്റെ മനസ്സിൽ മോഹങ്ങളുടെ നിര നീളുന്നുണ്ടായിരുന്നു.

ഇപ്രാവശ്യം ദേവി അയാളുടെ മുൻപിൽ ഉറഞ്ഞു തുള്ളിയില്ല. വിദ്യാർത്ഥികളുടെ കയ്യടിയും പ്രസംഗങ്ങളും പുതിയ ചിന്താരീതിക്കു തടസ്സമായില്ല.

# ഒരു വെളുത്ത കുഞ്ഞുടുപ്പ്

**കു**ഞ്ഞാമിന കടലിനെ നോക്കി നിന്നു. ഇപ്പോൾ കടൽ വളരെ ശാന്തമായിരിക്കുന്നു. കടലിൽനിന്നും അടിച്ചു കയറിയ ചളിയും വെള്ളവും കടലിന്റെ അടിത്തട്ടിൽ കാണുന്ന അഴുക്കുകളുമെല്ലാം കുഞ്ഞാമിനയുടെ പറമ്പിൽ മാത്രമല്ല വീട്ടിനകത്തും വരെയെത്തിയിട്ടുണ്ട്. എന്തു ചെയ്യണമെന്നറിയാതെ കുഞ്ഞാമിന ഏറെനേരം നിന്നു.

കുഞ്ഞാമിനയുടെ വീട് കടൽക്കരയിലാണ്. കടൽക്കരയിലേക്ക് കുഞ്ഞാമിനയെ നിക്കാഹ് കഴിഞ്ഞ് കൊണ്ടുവരികയായിരുന്നു. വിവാഹം കഴിയുംവരെ കുഞ്ഞാമിനക്ക് കടലും കടൽത്തീരവും തീരെ പരിചിതമായിരുന്നില്ല.

കളിചിരിമാറാത്ത പ്രായത്തിൽ നടന്ന വിവാഹമായിരുന്നു കുഞ്ഞാമിനയുടേത്. അന്നൊക്കെ കുഞ്ഞാമിനക്ക് കടലിനെ വളരെ ഇഷ്ടമായി. കടൽക്കരയിൽ വിശാലമായ പ്രദേശം. അവിടെനിന്ന് നോക്കിയാൽ പഞ്ചാരമണലിൽ നീണ്ടു പരന്നു കിടക്കുന്ന മണൽത്തരികൾ. എന്തൊരു രസമാണ്. അങ്ങിങ്ങു ഒന്നു രണ്ടു വഞ്ചികൾ ഇരിക്കുന്നതൊഴിച്ചാൽ തുറസായ സ്ഥലത്ത് ഓടിക്കളിക്കാമെന്നതാണ് കുഞ്ഞാമിനയെ അന്ന് ഏറെ ആകർഷിച്ചത്. പക്ഷെ വിവാഹം കഴിഞ്ഞ് പോരുംമുൻപ് ഉമ്മ പ്രത്യേകം പറഞ്ഞ കാര്യം കുഞ്ഞാമിന മനസ്സിലോർത്തു.

"ബഷീർ നിന്റെ മുറച്ചെറുക്കനാണ്. അവൻ നിന്നെ നിക്കാഹ് ചെയ്താ അവൻ പറയുന്നതു കേട്ട് കഴിഞ്ഞോണം. അവിടെചെന്ന് ഇവിടത്തെപോലെ ഓടിക്കളിക്കാൻ നിക്കണ്ട."

ഉമ്മയുടെ വാക്കുകൾ കുഞ്ഞാമിന ശ്രദ്ധിക്കുന്നുണ്ടായിരുന്നില്ല. കുപ്പിവളകളും അത്തറും ചാന്തും ഒക്കെ നോക്കി കാണുന്ന തിരക്കിലായിരുന്നു. തന്നെ ഒരുക്കുന്നതിൽ എന്തൊരു ഉത്സാഹമാണ് മറ്റുള്ളവർക്ക്. ഈ വസ്ത്രങ്ങൾ മാറ്റി മറ്റു കുട്ടികളോടൊപ്പം ഓടിക്കളിക്കാൻ കുഞ്ഞാമിനക്ക് വല്ലാത്ത കൊതി തോന്നി. ബാപ്പയുടേയും ഉമ്മയുടേയും വിലക്കുകൾക്കു മുൻപിൽ കുഞ്ഞാമിന ഒരു മാടപ്രാവിനെപ്പോലെ പതുങ്ങിയിരുന്നു. ഉമ്മ പറഞ്ഞു:

"എന്റെ മോളെ കാണാൻ നല്ല മൊഞ്ചുണ്ട്."

അന്ന് നിക്കാഹ് കഴിഞ്ഞ് കടൽക്കരയിലേക്ക് പോരുകയായിരുന്നു. പിന്നെ കുഞ്ഞാമിനയുടെ ജീവിതം കടലുമായി ഇണങ്ങി.

ആലസ്യപ്പെട്ടു മയങ്ങുന്ന ബഷീറിനെ നോക്കി ഭയപ്പെട്ട് മുറിയുടെ മൂലയിൽ കൂനിക്കൂടിയിരുന്ന നാളുകൾ കുഞ്ഞാമിനയുടെ മനസ്സിലുണ്ട്. അത്തരം ഓർമ്മകളാണ് ബഷീറിനെ വെറുക്കാനിടയാക്കിയത്.

പിന്നെ പിന്നെ കുഞ്ഞാമിന മനസ്സിനെ വല്ലാതെ മെരുക്കി. ബഷീറിനെ മനസ്സിന്റെ കോണിൽ ഒരുക്കിവച്ചു. ബഷീർ വല്ലപ്പോഴും വാങ്ങിക്കൊടുത്ത കുപ്പിവളകൾ പെട്ടിയിൽ വച്ചു പൂട്ടി. അതു ബഷീർ ഇല്ലാത്തപ്പോൾ തുറന്നു നോക്കി.

ബഷീർ തന്റെ ഭർത്താവാണെന്ന് മനസ്സിൽ പലകുറി ഉറപ്പിച്ചു. ഭയം എപ്പോഴൊ ബഹുമാനത്തിനു വഴിമാറി. ബഷീർ കടലിലേക്കു പോകുന്നതും നോക്കി കുഞ്ഞാമിന നിൽക്കും. കടലിലെ തിരകളോട് കുഞ്ഞാമിന കിന്നാരം പറയും. കുഞ്ഞാമിനക്കു കടൽക്കരയിൽ ഏറെനേരം നിൽക്കാനാവില്ല. മറ്റു പെണ്ണുങ്ങൾ എന്തെങ്കിലും പറയും. അല്ലെങ്കിൽ ബഷീറിന്റെ ഉമ്മ ഉച്ചത്തിൽ വിളിച്ചു കൂവുന്നുണ്ടാവും. മറ്റു പെണ്ണുങ്ങൾ പറയുന്നത് ആദ്യമാദ്യം കുഞ്ഞാമിനക്കു മനസ്സിലായില്ല. അവർ എന്തൊ തന്നെപ്പറ്റി പറഞ്ഞു ചിരിക്കുന്നു എന്നെ കരുതിയിരുന്നുള്ളൂ. അപ്പോഴൊക്കെ ഉമ്മയുടെ വിളിച്ചുകൂവൽ ഒരു രക്ഷപെടലായിരുന്നു.

നിക്കാഹ് കഴിഞ്ഞ് നാളേറെ കഴിഞ്ഞിട്ടും കുഞ്ഞാമിന പെറ്റില്ല. പെറാത്ത പെണ്ണിനെ നോക്കി കടൽക്കരയിൽ പെണ്ണുങ്ങൾ അടക്കം പറഞ്ഞു. ബഷീറിന്റെ ഉമ്മക്കു ആകാംക്ഷ പെരുകി. അവർ ബഷീറിനോടു പറഞ്ഞു: ''ന്റ ബഷീറിനു കിട്ടിയ പെണ്ണു മച്ചിയായിപ്പോയല്ലൊ. ന്റ റബെ.''

ഒപ്പം ബഷീറിന്റെ ഉമ്മ ബഷീറിനോടു ചോദിക്കുകയും ചെയ്യും. ''ന്റ ബഷീറെ, നിന്റെ ഭാര്യ പെറൂല്ലേടാ.''

ബഷീറു പറയും ''ഓളക്കു എന്നെ പിടിക്കൂല്ല. കുറെക്കൂടെ കഴിയട്ടെ അവളു പെറും ഉമ്മ.''

ബഷീറ് കാത്തിരിക്കുകയായിരുന്നു, അവന്റെ ഭാര്യയുടെ മനസ്സുമാറുന്നതും പ്രതീക്ഷിച്ച്. കളിചിരിമാറും മുൻപ് ബഷീറ് നിക്കാഹ് ചെയ്യുകയായിരുന്നു വല്ലൊ.

കുഞ്ഞാമിന ഇപ്പോൾ പഴയപോലെ കുട്ടികൾ വന്നാൽ കളിക്കാൻ കൂട്ടാക്കാറില്ല. താൻ വലിയ ആളായി, ബഷീറിന്റെ ഭാര്യയാണ്. അതിനാൽ കുട്ടികളുമായി കളിക്കുന്നത് ശരിയല്ല എന്ന തോന്നൽ കുഞ്ഞാമിന താനെ വളർത്തിയെടുത്തു. ബഷീറിന്റെ വസ്ത്രം അലക്കുക, വീട്ടിൽ ഭക്ഷണം വക്കുക, വഞ്ചി അടുക്കുമ്പോൾ മീൻ വല്ലതും ഉണ്ടെങ്കിൽ കൊണ്ടുവന്ന് കറിക്കു ശരിയാക്കുക തുടങ്ങിയ ജോലികൾ കുഞ്ഞാമിന തനിയെ ചെയ്യാൻ തുടങ്ങി.

ബഷീറിന് കുഞ്ഞാമിനയെ വലിയ ഇഷ്ടമായിരുന്നു. ബഷീർ കുഞ്ഞാമിനയെ മനസ്സിന്റെ കോണിൽ സൂക്ഷിച്ചിരുന്നതാണ്. അക്കാര്യം ആരോടും പറ

ഞ്ഞിരുന്നില്ല. എങ്കിലും മുറപ്പെണ്ണ് എന്ന നിലക്ക് ആ മോഹം കുഞ്ഞാമിനയോളം വളർന്നു. ഒരിക്കൽ എന്തൊ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ബഷീറിന്റെ ഉമ്മ പറഞ്ഞു:

"കുഞ്ഞാമിനക്ക് നിക്കാഹ് ആലോചിക്കണ്."

"അവൾ കൊച്ചു പെണ്ണല്ലെ ഉമ്മ." മറുപടി എന്നോണം ബഷീർ പറഞ്ഞു. ബഷീറിന് എങ്ങനെ അവതരിപ്പിക്കണമെന്നറിയില്ലായിരുന്നു. എങ്കിലും ബഷീർ മോഹം മറച്ചുവച്ചില്ല. കേട്ടപ്പോൾ ഉമ്മ വിലക്കാതിരുന്നില്ല. എങ്കിലും മകന്റെ മോഹത്തിനു മുൻപിൽ ഉമ്മ പറഞ്ഞു നോക്കാമെന്നേറ്റു.

കുഞ്ഞാമിനയുടെ ബാപ്പയോട് ബഷീറിന്റെ ഉമ്മ പറഞ്ഞു, "ബഷീർ എനിക്കും ഒറ്റ മകനാ, അവന്റെ മോഹം തള്ളരുത്."

അതൊരപേക്ഷയായിരുന്നു. പിന്നെ കുഞ്ഞാമിനയുടെ ബാപ്പ സമ്മതം മൂളുകയായിരുന്നു.

ബഷീർ നല്ലവനാണെന്നും കുഞ്ഞാമിനക്ക് ഇതിലും നല്ല ബന്ധം കൊണ്ടു കൊടുക്കാൻ തന്നെക്കൊണ്ടാവില്ലെന്നും കുഞ്ഞാമിനയുടെ ബാപ്പക്കറിയാമായിരുന്നു.

ബഷീർ കുഞ്ഞാമിനയുടെ കാര്യങ്ങളിലൊന്നും കുറവുണ്ടാക്കാറില്ല. കുഞ്ഞാമിനക്കാണെങ്കിൽ കുട്ടികളോടൊത്തു കളിക്കണം, കുപ്പിവളകൾ വേണം, അത്തർ, കൺമഷി എന്നിവ വാങ്ങണം. സിനിമക്കൊട്ടകയിൽ പോയി സിനിമ കാണണം. കടലിലെ പണികൾക്കിടയിൽ ചിലപ്പോഴൊക്കെ സിനിമ ക്കൊട്ടകയിൽ പോയി സിനിമ കാണും. അതിലെ രംഗങ്ങൾ ഓരോന്നായി മാറിമാറി വരുമ്പോൾ കുഞ്ഞാമിന കയ്യടിക്കും. ബഷീർ കുഞ്ഞാമിനയെ നുള്ളും. അപ്പോൾ കുഞ്ഞാമിന ശബ്ദം അടക്കും. ചിലപ്പോൾ ബഷീർ പറയും "കുഞ്ഞാമിന നമുക്കും അതുപോലെ ഒരു കുഞ്ഞു വേണ്ടെ...."

കുഞ്ഞാമിന കാര്യങ്ങൾ മനസ്സിലാക്കി തുടങ്ങിയിരുന്നു. ബഷീറിന്റെ ആഗ്രഹമാണ് ഒരു കുഞ്ഞു വേണം. കുഞ്ഞാമിനയുടെ ഉമ്മ കുഞ്ഞാമിനയുടെ അടുത്തു വന്നു. കുഞ്ഞാമിന അമ്മയാകാൻ വൈകുന്നതിൽ അവർക്കു വല്ലാത്ത മനസ്സുരുക്കമുണ്ടായിരുന്നു. കുഞ്ഞാമിന ഗർഭിണിയായതിൽ ഏറെ സന്തോഷിച്ചതും അവർ തന്നെ.

കുഞ്ഞാമിനയുടെ പ്രസവം കടപ്പുറം മുഴുവൻ ആഘോഷിച്ചതാണ്. കരക്കാരെയെല്ലാം വിളിച്ചുകൂട്ടി. കുഞ്ഞാമിന ആളാകെ മാറിയിരിക്കുന്നു.

കുഞ്ഞിന്റെ കാര്യത്തിൽ കുടുതൽ ഉത്സാഹഭരിതയായി. ബഷീറിനും സന്തോഷമായി. ബഷീറിന്റെ ഉമ്മ അടക്കം പറഞ്ഞ പെണ്ണുങ്ങളെ നോക്കി ഇരുത്തി മൂളും. പെണ്ണുങ്ങൾ പറയും "ഒരു പത്രാസുകാരി."

കുഞ്ഞാമിനക്ക് വർഷകാലം കണ്ണീരിന്റെ ഓർമ്മയാണ്. കുഞ്ഞാമിനയുടെ നിക്കാഹ് കഴിഞ്ഞ നാളുകളിൽ കടൽ അടിച്ചു തകർത്തു. കടൽവെള്ളത്താൽ വീടും പുരയിടവും മുങ്ങി. ആ ഭീതിയുടെ നാളുകൾ കുഞ്ഞാമിനയെ എന്നും നടുക്കി. കടലിന്റെ രൗദ്രഭാവം കുഞ്ഞാമിന നേരിട്ടറിഞ്ഞു. കുഞ്ഞാമിനക്ക്

കടലിനെ ഭയമായി. ഒരിക്കൽ കുഞ്ഞാമിന ബഷീറിനോട് പറഞ്ഞതാണ്. ബഷീർ ചിരിച്ചു.

"കടൽ ശാന്തമാകും. ശാന്തമായാൽ പിന്നെ എല്ലാം പഴയപോലെ. കടൽ നമ്മുടെ ജിവിതമാണ്. കടലമ്മ കനിഞ്ഞാൽ കടപ്പുറം എന്നും ഉത്സവം." കുഞ്ഞാമിനയുടെ ഭയം മാറ്റാൻ ആ വാക്കുകൾക്ക് ശക്തി പോരായിരുന്നു.

കടൽഭിത്തി കെട്ടാൻ വന്നവരോട് കുഞ്ഞാമിന ചോദിച്ചു: "ഇതു കെട്ടിയാൽ ഞങ്ങളുടെ കഷ്ടപ്പാടു തീരുമൊ" കുഞ്ഞാമിനക്ക് അത്രക്ക് പ്രതീക്ഷയായിരുന്നു.

കാലവർഷം തുടങ്ങിയിരുന്നു. കുഞ്ഞാമിന കുഞ്ഞിനു തണുക്കാതിരിക്കാൻ പുതപ്പുകൊണ്ടു മെല്ലെ പൊതിഞ്ഞു. കടൽ പതിവിലും കൂടുതൽ രൗദ്രത കാട്ടി. വെള്ളം കടൽഭിത്തിയിൽ തട്ടി ചിതറി. കടലിന്റെ ഇരമ്പൽ ഒരു അലർച്ചയായി കുഞ്ഞാമിനക്കു തോന്നി. കുഞ്ഞാമിന പുറത്തേക്കു നോക്കി. ബഷീർ വെളുപ്പിനെ പോയതായിരുന്നുവല്ലൊ. ഇന്നിനി കടലിൽ പോയിരിക്കുമൊ. പോയിരിക്കില്ല എന്നു കുഞ്ഞാമിന സ്വയം സമാധാനിച്ചു. എങ്കിലും ഓർക്കുമ്പോൾ കുഞ്ഞാമിനക്ക് ഒരാധി കയറി. കുഞ്ഞാമിന ഉമ്മയോടു തിരക്കി. ഉമ്മക്കും പരിഭ്രാന്തിയായി. കുഞ്ഞാമിനയുടെ പ്രസവത്തോടെ കുറച്ചു കടങ്ങളുണ്ട്. കടലിൽ പോയവർക്കൊക്കെ കഴിഞ്ഞ ദിവസങ്ങളിൽ നല്ല കോളുമുണ്ടായിരുന്നു. ഇന്നിനി അവൻ പോയിരിക്കുമൊ.

കടൽ കുടുതൽ രൗദ്രമായിക്കൊണ്ടിരുന്നു. വെള്ളം കടലിൽ നിന്നും കരയിലേക്ക് അടിച്ചുകൊണ്ടിരുന്നു. ചുറ്റുവട്ടത്ത് വെള്ളം പല വീടുകളിലും കയറി. നോക്കിനിൽക്കെ വെള്ളപ്പൊക്കം രൂക്ഷമായി. ആളുകൾ കിട്ടിയ സാധനങ്ങളും പെറുക്കി നെട്ടോട്ടമായി.

"ആളുകളെല്ലാം പള്ളിയിലേക്കാണ് പോകുന്നത്. സാധനങ്ങളെല്ലാം എടുത്ത് സ്കൂളിൽ കൊണ്ടുപോയി വക്കുക. വെള്ളം കൂടിക്കൂടി വരികയാണ്."

ആരൊ വിളിച്ചു പറയുന്നുണ്ടായിരുന്നു.

കടൽ ക്ഷോഭിക്കുമ്പോൾ അങ്ങനെയാണ്. ആളുകൾ കടപ്പുറം ഒഴിയും. സാധനങ്ങളുമായി പള്ളിയിലും സ്ക്കൂളിലുമായി തങ്ങും.

കുഞ്ഞാമിനയുടെ ഉമ്മ പറഞ്ഞു: "വെള്ളം കൂടിക്കൂടി വരികയാണ്. കുഞ്ഞാമിന നമുക്കു കുഞ്ഞിനെയുമായി സ്ക്കൂളിലേക്കു പോകാം."

കുഞ്ഞാമിന കരഞ്ഞു: "ഉമ്മ......... ബഷീർ......"

ഉമ്മയുടെ കണ്ണുകളും നിറഞ്ഞു. ഇനി നോക്കി നിൽക്കാൻ സമയമില്ല. വെള്ളം കൂടും മുൻപെ കരപറ്റണം. കണ്ണുനീർ തുടച്ച് ഉമ്മ കുഞ്ഞാമിനയെ സമാധാനിപ്പിച്ചു. അത്യാവശ്യം സാധനങ്ങൾ എടുത്തു ഭാണ്ഡം കെട്ടി. ഉമ്മ കുഞ്ഞാമിനയെ നിർബന്ധിച്ചു. കുഞ്ഞാമിന കൂട്ടാക്കിയില്ല. ബഷീർ വരാതെ താൻ എങ്ങോട്ടുമില്ല. അടുത്ത പ്രദേശക്കാരെല്ലാം പോയിക്കഴിഞ്ഞു. ആരെങ്കിലും കുടുങ്ങിയിട്ടുണ്ടൊ എന്നറിയാൻ ഒരു കൂട്ടർ വന്നു തിരക്കിയപ്പോൾ

കുഞ്ഞാമിന അവരോടും തിരക്കി: “ബഷീർ......”

തിരക്കി വന്നവർ നിർബന്ധിച്ചു. ഒച്ച കൂട്ടി. കുഞ്ഞാമിനയേയും കുഞ്ഞിനേയും കൂട്ടി പുറപ്പെട്ടു. അപ്പോഴേക്കും നേരം ഇരുട്ടിയിരുന്നു. സ്ക്കൂളിൽ ജനക്കൂട്ടമായിരുന്നു. കുഞ്ഞുണ്ടായിരുന്നതിനാൽ കുഞ്ഞാമിനക്കു സ്ഥലം കിട്ടാൻ ബുദ്ധിമുട്ടുണ്ടായിരുന്നില്ല. ഉമ്മ പായ വിരിച്ചു കൊടുത്തു. കുഞ്ഞാമിന കുഞ്ഞിനെ പായയിൽ കിടത്തി.

കുഞ്ഞാമിനക്കു കരച്ചിലടക്കാൻ കഴിയുമായിരുന്നില്ല. കുഞ്ഞാമിനയുടെ കരച്ചിൽ കണ്ടിട്ട് ബഷീർ എവിടെപ്പോയതാണെന്ന് ആളുകൾ തമ്മിൽ തമ്മിൽ ചോദിച്ചു. കടലിൽ ആരും പോയിട്ടില്ല എന്ന് ഉറപ്പു വരുത്തി. പിന്നെ മറ്റപകടം എന്തെങ്കിലും.

രാത്രിക്കു നീളം കൂടിക്കൊണ്ടിരുന്നു. കുഞ്ഞാമിനക്കു ഉറക്കം വന്നതെയില്ല. കുഞ്ഞു കരയുന്നതും ഉമ്മ വന്ന് കുഞ്ഞിനെ എടുത്തതും കുഞ്ഞാമിന അറിയുന്നുണ്ടായിരുന്നില്ല.

നേരം അർദ്ധരാത്രി കഴിഞ്ഞിരിക്കണം; ആരൊ വിളിച്ചു പറഞ്ഞു: “ബഷീർ വരുന്നുണ്ട്.”

കുഞ്ഞാമിനക്ക് അതൊരു വാർത്തയായിരുന്നു. ഏറെ കേൾക്കാൻ കൊതിച്ച വാർത്ത. ബഷീർ നനഞ്ഞു കുളിച്ചിരിക്കുന്നു. വസ്ത്രം ദേഹത്തോടൊട്ടി. ബഷീർ വന്നപാടെ തിരക്കി.

“കുഞ്ഞാമിന നിനക്കും കുഞ്ഞിനും കുഴപ്പമില്ലല്ലൊ.”

കുഞ്ഞാമിന ബഷീറിനെ കെട്ടിപ്പിടിച്ചു കരഞ്ഞതേയുള്ളൂ. അപ്പോഴേക്കും ബഷീറിന്റെ ഉമ്മയും എത്തിയിരുന്നു. ഉമ്മക്ക് മകനെക്കണ്ട സന്തോഷം കൊണ്ട് വാക്കുകൾ തപ്പുന്നുണ്ടായിരുന്നു.

ബഷീർ ഒരുവിധം ഏങ്ങലടക്കി. കുഞ്ഞാമിനയോടു പറഞ്ഞു: “കുഞ്ഞാമിന കരയാതിരിക്കൂ........... എനിക്കൊന്നും പറ്റിയിട്ടില്ല. നമ്മുടെ കുഞ്ഞ്......... കരയാതിരിക്കൂ.......... നീ പറഞ്ഞ കുഞ്ഞുടുപ്പു വാങ്ങാൻ ടൗൺ വരെ പോയതല്ലെ........”

ബഷീർ തന്റെ കയ്യിലുള്ള പൊതിക്കെട്ടഴിച്ചു; ഒരു വെളുത്ത കുഞ്ഞുടുപ്പ്.

## “ന്റ ഗതി നിങ്ങൾക്കുണ്ടാവരുത്”

**അ**ബൂക്ക സൈക്കിൾ ആഞ്ഞു ചവിട്ടി. ഇവിടന്നങ്ങോട്ട് കയറ്റമാണ്. ഏറിയാൽ അഞ്ചൊ ആറൊ വീടു മാത്രമെ ആ ഭാഗത്തു കാണുകയുള്ളൂ. അബൂക്ക മുടങ്ങാതെ ഇവിടേയും മീൻ വിൽക്കാറുണ്ട്.

“പിടക്കുന്ന മീനുണ്ട്.” അബൂക്ക വിളിച്ചു പറയും. അബൂക്ക മീനുമായി എത്തി എന്ന അറിയിപ്പ്.

“നിന്റെ മീൻ എന്നെങ്കിലും പിടച്ചിട്ടുണ്ടൊ അബുവെ” പെണ്ണുങ്ങൾ തിരക്കും. അബൂക്ക അപ്പോഴും ചിരിക്കും.

“ഉവ്വുവ്വ് മീൻ കരയിലിട്ടപ്പം പിടച്ചിട്ടുണ്ട്.” എന്നു പെണ്ണുങ്ങൾ തന്നെ അന്യോന്യം മറുപടി പറയും.

ആളുകൾ അബൂക്കയുടെ കയ്യിൽനിന്നും മീൻ മാത്രമല്ല കാശും കടമായി വാങ്ങാറുണ്ട്. പേരിനൊരു കാരണം വേണമെന്നുമാത്രം.

“ന്റ അബുവെ നിന്റെ കയ്യിൽ കാശിരുപ്പുണ്ടോടാ, ബഷീറിന്റെ ഭാര്യക്കു പേറ്റുനോവ് - ആശുപത്രിയിൽകൊണ്ടു പോകണം.”

പിന്നെ അബു മുന്നും പിന്നും നോക്കില്ല; കാശെടുത്തു കൊടുക്കും. ചിലപ്പൊ അതു തിരിച്ചു കിട്ടിയെന്നു വരില്ല. എന്നാലും അബൂക്ക പറയും “ങ്ങളുടെ മോളുടെ പ്രസവത്തിനല്ലെ; സാരമില്ല.”

“അബുവെ നിന്റെ മീൻ കാത്തതു വെറുതെ. നീ എന്നതാ ഇന്നലെ വരാതിരുന്നത്.”

“ന്നലെ മീൻ ഇല്ലായിരുന്നു. ഉള്ളതിനു തീ പിടിച്ച വില.” കാശില്ലായിരുന്നു എന്നതായിരിക്കും കാര്യം, ആരെങ്കിലും ചോദിച്ചപ്പം എടുത്തു കൊടുത്തിരിക്കും. പിന്നെ മീൻ വിൽക്കാൻ മീൻ കടം കിട്ടിയാലെ നടക്കൂ. മീൻ വിൽക്കാൻ കടം കിട്ടിയാലും അവർ വലിയ വില പറയും. അബു മറ്റൊന്നും മറുത്തു പറയാറില്ല. മറ്റു മാർഗങ്ങളില്ലല്ലൊ. വിൽപന കഴിഞ്ഞ് പറഞ്ഞ കാശ് കൊണ്ടു കൊടുക്കും.

“അബു നിന്റെ കയ്യിൽ കാശില്ലെങ്കിലെന്താ, ഞങ്ങളു തരാം.” വട്ടിപ്പലിശക്കാർ പറയും. മീൻവിറ്റ് വട്ടി പലിശയും ചേർത്ത് തിരിച്ചു കൊടുത്താൽ മതി. അതാതു ദിവസത്തെ പണം വട്ടിപലിശയും ചേർത്തു തിരിച്ചു

കൊടുക്കണം. അബൂക്ക പറയും "നെക്ക് നിന്റെ പണം വേണ്ട."

"അബുവെ ബഷീറിന്റെ കാശു വന്നതിപ്പഴാ. ഞാൻ വട്ടിപ്പലിശക്കു വാങ്ങാനിരുന്നതാ, അപ്പഴാ നിന്നെ കണ്ടത്. ദാ പലിശയും ചേർത്ത് വച്ചിട്ടുണ്ട്" എന്നു പറഞ്ഞു കൊടുത്താലും അബൂക്ക വാങ്ങില്ല.

"നെക്ക് പലിശ വേണ്ട, ബഷീറന്റുമ്മെ" എന്നു പറഞ്ഞു തിരിച്ചു കൊടുക്കും. കടം കൊടുത്ത കാശ് എടുത്തിട്ട് ബാക്കി തിരിച്ചു കൊടുക്കും.

അബൂക്കയുടെ ബാപ്പക്കു തുണിക്കച്ചവടമായിരുന്നു. തുണിക്കച്ചവടം പൊടി പൊടിക്കുന്ന കാലം. തുണികൾ വീടുകളിൽ സൈക്കിളിലെത്തിച്ചു കൊടുക്കും. മറ്റു ജൗളിക്കടകളില്ലാത്തതിനാൽ ആളുകൾ അബുവിന്റെ ബാപ്പയുടെ കയ്യിൽ നിന്നും വാങ്ങും. അബുവിന്റുമ്മക്ക് അസുഖം വന്നത് ആയിടക്കാണ്. അസുഖം മൂർച്ഛിക്കാൻ അധികം സമയം വേണ്ടിവന്നില്ല. അബുവിന്റെ ബാപ്പക്കു അബുവിന്റുമ്മയെ വലിയ ഇഷ്ടമായിരുന്നു. ഒരു കണക്കിന് അതൊരു പ്രേമവിവാഹമായിരുന്നു.

അബുവിന്റെ ബാപ്പ പൊട്ട്, കൺമഷി മുതലായവ വിൽക്കുന്നതിനിടയിലാണ് ഐഷയെ കാണുന്നത്. നല്ല മൊഞ്ചുള്ള കുട്ടി. കുപ്പിവളകളുമായി വരുന്ന ബാപ്പ തിരക്കും. "ഐഷക്ക് എന്താണ് വേണ്ടത്."

ഐഷ ചോദിക്കുന്നതൊക്കെ കൊടുക്കും. പൊട്ട്, കൺമഷി, കുപ്പിവള പിന്നെ അത്തറും. ഐഷ എത്രയെന്ന് ചോദിക്കാറില്ല; കൊടുക്കാറുമില്ല.

ഐഷക്കു നിക്കാഹിനുള്ള അന്വേഷണം ആരംഭിച്ചു. പൊട്ടുകുത്തി, കൺമഷി എഴുതി, അത്തർപൂശി ഐഷ നല്ല മൊഞ്ചോടെ നിൽക്കും. കാണുന്നവർക്ക് ഐഷയെ ഇഷ്ടമാകും. മൊഹറിന്റെ കാര്യത്തിൽ തർക്കം വരും. കല്യാണം മുടങ്ങും. അങ്ങിനെ ഒന്നു രണ്ട് ആലോചനകൾ മുടങ്ങി. ആയിടക്കാണ് ഐഷയെ പെണ്ണുകാണാൻ ഒരു കൂട്ടർ വന്നത്. ഐഷയുടെ ഉമ്മ ഐഷയെ തിരക്കി. ഐഷയെ അവിടെയെങ്ങും കാൺമാനില്ലായിരുന്നു. പെണ്ണുകാണാൻ വരുന്ന കാര്യം ബാപ്പയും ഉമ്മയും പ്രത്യേകം പറഞ്ഞിരുന്നതാണ്. ഐഷ അത്തറു പൂശുന്നതും സുറുമ എഴുതുന്നതും ഉമ്മ കണ്ടതുമാണ്. പുര മുഴുവൻ തിരക്കി; ഐഷയെ കാണ്മാനില്ല. ഐഷ അടുത്ത പുരയിടത്തിൽ അബുവിന്റെ ബാപ്പയുമൊത്ത് കുപ്പിവളകൾ പരിശോധിക്കുന്നു. ഉമ്മ വന്ന് നിന്നെ ബാപ്പ വിളിക്കുന്നു എന്നു പറഞ്ഞു.

"ന്നെ ഇപ്പം ആരും പെണ്ണു കാണണ്ട" ഐഷ തീർത്തു പറഞ്ഞു.

കാണാൻ വന്നവർ തിരിച്ചുപോയി. നാട്ടിലാകെ ഈ വിവരം ഒന്നിനു നാലായി പറഞ്ഞു തുടങ്ങി. ഐഷയുടെ ബാപ്പ ദേഷ്യം കൊണ്ടു വിറച്ചു. ബാപ്പയും ഉമ്മയും ഐഷയോടു കയർത്തു. എത്ര ദേഷ്യപ്പെട്ടിട്ടും ശിക്ഷിച്ചിട്ടും ഐഷ പിന്മാറിയില്ല.

"നക്ക് ഇപ്പൊ നിക്കാഹ് വേണ്ട" ഐഷ തീർത്തു പറഞ്ഞു.

അബുവിന്റെ ബാപ്പ മുസലിയാരെ ചെന്നു കണ്ടു. മുസലിയാർ അബുവിന്റെ ബാപ്പയുടെ തോന്ന്യാസത്തിനു കണക്കിനു ശകാരിച്ചു.

"ന്റ ഖൽബില് ഓളുണ്ട് മുസലിയാരെ, എനിക്കവളെ മറക്കാൻ പറ്റൂല." ഇതു പറയുമ്പോൾ ബാപ്പയുടെ കണ്ണിൽ നിന്നും കണ്ണുനീർ ഒഴുകുന്നുണ്ടായിരുന്നു. ആ കണ്ണുനീരിന്റെ ആഴം മുസലിയാർക്ക് മനസ്സിലായിരിക്കണം. അന്നു വൈകീട്ട് മുസലിയാർ ബാപ്പയെകൂട്ടി ഐഷയുടെ ബാപ്പയെ ചെന്നു കണ്ടു. ഐഷ അത്തറു പൂശി കണ്ണെഴുതി ഒരുങ്ങി നിന്നു. ഐഷയുടെ ബാപ്പ ഒന്നും പറഞ്ഞില്ല. മുസലിയാർതന്നെ എല്ലാം പറഞ്ഞു. എല്ലാത്തിനും ഒടുക്കം നിക്കാഹും.

അബുവിന്റെ ബാപ്പക്ക് അബുവിന്റെ ഉമ്മയെ പെരുത്തിഷ്ടമായിരുന്നു. അബുവിന്റെ ഉമ്മക്കു രോഗം മൂർച്ഛിച്ചു. തുണി സാധനങ്ങൾ വിറ്റ് കാശൊക്കെ എടുത്തു ചികിത്സിച്ചു. രോഗം മാറിയില്ല. അവസാനം വട്ടിപ്പലിശക്ക് പണം കടം എടുത്തു. കടം വീട്ടാൻ അബുവിന്റെ ബാപ്പക്കു ആവുമായിരുന്നില്ല. വട്ടിപ്പലിശക്കാർ അബുവിന്റെ ബാപ്പയുടെ തുണിത്തരങ്ങളൊക്കെ എടുത്തു കൊണ്ടു പോയി, പോരാത്തതിനു വീട്ടുസാധനങ്ങളും.

അബുവിന്റെ ഉമ്മ മരിച്ചു. അബു ഏന്തി ഏന്തി കരഞ്ഞു. കരച്ചിലിനിടയിൽ ആരോ വന്ന് അബുവിന്റെ ബാപ്പയെ തിരക്കി. ബാപ്പയെ കാണുന്നുണ്ടായിരുന്നില്ല. ബാപ്പ പിന്നെ തിരിച്ചു വന്നതുമില്ല. അബു തനിച്ചായി.

വട്ടി പലിശക്കു കടം എടുക്കുന്നവരോട് അബു പറയും, "ന്റ ഗതി നിങ്ങൾക്കുണ്ടാവരുത് ചോദിക്കുന്നവർക്ക് കയ്യിലുണ്ടെങ്കിൽ കൊടുക്കും, പലിശയില്ലാതെ.

## യോഗം കഴിയാൻ വൈകി

"കൃഷ്ണവാര്യർ സിന്ദാബാദ്."

"സിന്ദാബാദ് സിന്ദാബാദ് കൃഷ്ണവാര്യർ സിന്ദാബാദ്."

ദിവാകരൻ മനസ്സിൽ മുദ്രാവാക്യങ്ങൾ പറഞ്ഞും ഏറ്റു പറഞ്ഞും കൊണ്ടേയിരുന്നു. ദിവാകരന് വല്ലാത്ത ഉത്സാഹം തോന്നി. തിരഞ്ഞെടുപ്പ് അടുത്തിരിക്കുന്നു. കൃഷ്ണവാര്യർ സ്ഥാനാർത്ഥിയാണ്. കൃഷ്ണൻചേട്ടന്റെ സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ചാൽ ദിവാകരനു പിന്നെ ഊണും ഉറക്കവുമില്ല. കൃഷ്ണവാര്യർ ആദ്യമായി സ്ഥാനാർത്ഥിയായി രംഗത്തുവന്ന കാലം. കൃഷ്ണവാര്യർ സ്ഥാനാർത്ഥി വരുന്നു എന്നുകേട്ടാണ് ദിവാകരൻ യോഗ സ്ഥലത്ത് ചെന്നത്. യോഗസ്ഥലത്ത് വച്ചു ഖദറിട്ട ലോക്കൽ നേതാവ് ദിവാകരനെ കൃഷ്ണവാര്യർക്കു പരിചയപ്പെടുത്തി. അന്നു കൃഷ്ണവാര്യർ ദിവാകരന്റെ കൈപിടിച്ച് വോട്ടു ചോദിച്ചു. ദിവാകരന്റെ പേരുവിളിച്ച് തന്നെ ജയിപ്പിക്കാനാകുന്നതെല്ലാം ചെയ്യണം എന്നു പറഞ്ഞു. ദിവാകരന് ആ മുഖത്തെ പ്രശാന്തതയും പ്രസന്നതയും വല്ലാതെ പിടിച്ചു. അന്നുമുതൽ ദിവാകരൻ ലോക്കൽ നേതാവിനു കൂട്ടായി പ്രവർത്തനം തുടങ്ങിയതാണ്. കൃഷ്ണവാര്യർ വിജയിച്ച ദിവസം സന്തോഷം കൊണ്ടെനിക്കിരിക്കാൻവയ്യ എന്നായിരുന്നു അവസ്ഥ.

ഇന്നു സ്ഥാനാർത്ഥി കൃഷ്ണവാര്യർ വരുന്ന ദിവസമാണ്. ദിവാകരന് ഒട്ടും ഒഴിവുണ്ടായിരുന്നില്ല. കവലയിൽ കൊടികുത്തി തോരണം വലിച്ചുകെട്ടി കാത്തിരുന്നു, കൃഷ്ണവാര്യർ സ്ഥാനാർത്ഥി വരുവാനായി. വൈകീട്ട് ഏഴു മണിയോടെ കവലയിൽ വരുമെന്ന് ഏറ്റിരുന്നതാണ്. ഒരു മണിക്കൂർ കഴിഞ്ഞിട്ടും കൃഷ്ണവാര്യർ സ്ഥാനാർത്ഥി എത്തിയില്ല. ലോക്കൽ നേതാവ് മൈക്ക് കയ്യിലെടുത്ത് പ്രസംഗം ആരംഭിച്ചു. ദിവാകരന് വല്ലാത്ത നിരാശ തോന്നി, ക്ഷീണവും. കാലത്തു തുടങ്ങിയതാണ്, പോസ്റ്ററൊട്ടിക്കുക, കൊടി കുത്തുക, തോരണം കെട്ടുക. എല്ലാത്തിനും ശേഷം ലോക്കൽ നേതാവ് പ്രസംഗം ആരംഭിക്കുംവരെ കൃഷ്ണവാര്യർ സ്ഥാനാർത്ഥിക്കു വേണ്ടി മുദ്രാവാക്യം വിളിക്കുകയായിരുന്നു. നേതാവിന്റെ പ്രസംഗം കേട്ട് ദിവാകരൻ ഒന്നു മയങ്ങി. പടക്കം പൊട്ടുന്ന ശബ്ദം കേട്ടാണ് ദിവാകരൻ ഉണർന്നത്.

ആദ്യ ഉറക്കച്ചടവു മാറിയപ്പോൾ ദിവാകരനു കാര്യം മനസ്സിലായി. കൃഷ്ണവാര്യർ സ്ഥാനാർത്ഥി എത്തിയിട്ടുണ്ട്. കൃഷ്ണവാര്യർ സ്ഥാനാർത്ഥി പ്രസംഗം തുടങ്ങിയിരിക്കുന്നു. ഉറക്കച്ചടവ് വിട്ട ലഹരിയിൽ ദിവാകരൻ അറിയാതെ മുദ്രാവാക്യം വിളിച്ചു.

"കൃഷ്ണവാര്യർ സിന്ദാബാദ്

സിന്ദാബാദ് സിന്ദാബാദ് കൃഷ്ണവാര്യർ സിന്ദാബാദ്."

കൃഷ്ണവാര്യർ സ്ഥാനാർത്ഥി തന്റെ പ്രസംഗത്തിനിടയിലെ അപ്രതീക്ഷിത മുദ്രാവാക്യം വിളികേട്ട് നിർവികാരനായി നിന്നതെയുള്ളൂ. ലോക്കൽ നേതാവ് വന്ന് ദിവാകരനെ ശാസിച്ചു. അങ്ങിങ്ങു കൂടിയിരുന്ന സദസ്സ് ദിവാകരന്റെ അസമയത്തുള്ള മുദ്രാവാക്യം വിളികേട്ട് പരിഹസിച്ചു പുഞ്ചിരിച്ചു.

കൃഷ്ണവാര്യർ സ്ഥാനാർത്ഥി പ്രസംഗം കഴിഞ്ഞ് എല്ലാവരുടേയും മുൻപിൽ കൈകൂപ്പി. ദിവാകരൻ കൈകൾകൂപ്പി കൃഷ്ണവാര്യർ സ്ഥാനാർത്ഥി കാണാനെന്നവണ്ണം നിലയുറപ്പിച്ചു. കൃഷ്ണവാര്യർ സ്ഥാനാർത്ഥി ആൾക്കൂട്ടത്തിനു നേരെ കൈകൾ വീശി കടന്നു പോയതെയുള്ളൂ. ലോക്കൽ നേതാവിനേയും കൂട്ടി കൃഷ്ണവാര്യർ സ്ഥാനാർത്ഥി കാറിൽക്കയറി. അവരേയും കയറ്റി കാർ പുക തുപ്പി കുതിച്ചു പാഞ്ഞു. കറുത്ത പുക ദിവാകരന്റെ മുഖത്തും ഖദറിലും കറുത്ത പാടുകൾ വീഴ്ത്തി. ദിവാകരൻ പ്രതീക്ഷിച്ചതിനു വിപരീതമായിരുന്നു അത്.

കൃഷ്ണവാര്യർ സ്ഥാനാർത്ഥി, തന്റെ കൃഷ്ണൻചേട്ടൻ തന്നെ പ്രത്യേകം പരിചയം കാണിക്കുമെന്നു വിചാരിച്ചു. പക്ഷെ അതുണ്ടായില്ല. ലോക്കൽ നേതാവിനൊപ്പം വണ്ടിയിൽ പോകുന്നതും നോക്കി ദിവാകരൻ നിന്നു.

കൊടി തോരണങ്ങൾ അഴിച്ചു വക്കാൻ ലോക്കൽ നേതാവ് പറഞ്ഞിരുന്നതാണെന്നു ദിവാകരൻ മനസ്സിലോർത്തു. ഇന്നിനി വയ്യ. വീട്ടിൽ പോകണമൊ എന്നു സംശയിച്ചു വീട്ടിലേക്കു നടന്നു. നേരം വളരെ ഇരുട്ടിയിരുന്നു. ദിവാകരന്റെ ഭാര്യ ഭക്ഷണം വിളമ്പി വച്ചു കാത്തിരിപ്പുണ്ടായിരുന്നു. മുറ്റത്താകെ ഇരുട്ടായിരുന്നു. ദിവാകരന്റെ അനക്കം കേട്ട് മണ്ണെണ്ണ വിളക്കിന്റെ തിരി ഉയർത്തി ദിവാകരന്റെ ഭാര്യ എഴുന്നേറ്റു.

ദിവാകരൻ പറഞ്ഞു: "യോഗം കഴിയാൻ വൈകി; കൃഷ്ണൻചേട്ടൻ ഇപ്പഴാ പോയത്." ഇതു പറയുമ്പോൾ ദിവാകരന്റെ മുഖത്തു ചളിപ്പുണ്ടായിരുന്നു, കാലത്ത് പുറപ്പെട്ടതായിരുന്നുവല്ലൊ.

മറുപടി പ്രതീക്ഷിച്ചല്ല ദിവാകരൻ അതു പറഞ്ഞത്. പക്ഷെ മറുപടി എന്നോണം ദിവാകരന്റെ ഭാര്യ പറഞ്ഞു "ഇലക്ട്രിസിറ്റിക്കാർ വന്നിരുന്നു, ഫീസ് ഊരിക്കൊണ്ടുപോയി. രണ്ടു മാസത്തെ കുടിശിഖയുണ്ടെന്നു പറഞ്ഞു."

കഴിഞ്ഞ മാസം കാശടക്കാൻ പുറപ്പെട്ടതാണെന്ന് ദിവാകരനോർത്തു. അന്നായിരുന്നു തിരഞ്ഞെടുപ്പു തീയതി പ്രഖ്യാപിച്ചതും ലോക്കൽ നേതാവിനെ കണ്ട് തിരഞ്ഞെടുപ്പുകാര്യം സംസാരിച്ചു നിന്നതും. ഉച്ചക്കു നേതാവ് വാങ്ങി തന്ന ഭക്ഷണം കഴിച്ച് പാർട്ടി ഓഫീസിൽ തന്നെ കൂടി. പിന്നീടൊ

രിക്കൽ കറണ്ടു ബിൽ അടക്കാമെന്നു കരുതി. കാശ് മറ്റെന്തൊ ആവശ്യത്തിനെടുത്തു. പിന്നീട് ആ മാസം കറണ്ടു ബിൽ അടക്കുകയുണ്ടായില്ല. ഇപ്രാവശ്യം കടം വാങ്ങിയാലും അടക്കണമെന്നു കരുതിയതാണ്. തിരഞ്ഞെടുപ്പിന്റെ ലഹരിയിൽ താൻ അക്കാര്യം മറന്നിരിക്കുന്നതായി ദിവാകരൻ മനസ്സിലാക്കി.

വെള്ളം ചൂടാക്കി ഒന്നു കുളിക്കണമെന്നുണ്ടായിരുന്നു ദിവാകരന്. അടുപ്പിൽ വെള്ളം ആറി തണുത്തിരിക്കുന്നു. അയാൾ ആ വെള്ളമെടുത്ത് യാന്ത്രികമായി ദേഹത്തേക്കൊഴിച്ചു. മനസ്സിൽ കറണ്ടു കാശടക്കുന്ന വഴിയെപ്പറ്റിയായിരുന്നു ചിന്ത. അന്നയാൾ ഭക്ഷണം കഴിച്ചില്ല. മണ്ണെണ്ണ വിളക്കിൽനിന്നും ഉതിർന്ന പുകപടലങ്ങൾ മുറിയാകെ പരന്നിരുന്നു.

ഭാര്യ വിളിക്കുന്നതു കേട്ടാണ് ദിവാകരൻ കണ്ണു തുറന്നത്. നേരം നല്ലവണ്ണം വെളുത്തിരിക്കുന്നു. പുറത്താരൊ വന്നിരിക്കുന്നു

ദിവാകരൻ കട്ടിലിൽനിന്നും എഴുന്നേറ്റു ജനലിലൂടെ പുറത്തേക്കു നോക്കി. ഒരു കെട്ടു നോട്ടീസുമായി ഒന്നുരണ്ടു പേർ ദിവാകരനെത്തേടി എത്തിയിരിക്കുന്നു. ദിവാകരൻ വേഗം മുഖം കഴുകി വസ്ത്രങ്ങൾക്കിടയിൽനിന്നും ഖദർ തിരക്കി എടുത്തു. തൽക്കാലം തേച്ചിടാൻ സമയമില്ല. കാത്തുനിന്നവർ പറഞ്ഞു: ''ദിവാകരൻ ചേട്ടനെ പ്രത്യേകം കൂട്ടണമെന്നു നേതാവ് പറഞ്ഞിരുന്നു.''

അവർ അതു പറയുമ്പോൾ ദിവാകരൻ ഷർട്ടിന്റെ കോളർ വലിച്ചു നേരെയാക്കിയിടുകയായിരുന്നു. പുറപ്പെടും മുൻപ് ദിവാകരന്റെ ഭാര്യ വന്നു ദിവാകരന്റെ കയ്യിൽ ഒരു പൊതി വച്ചു കൊടുത്തു. പൊതിയിൽ ചില്ലറകൾക്കിടയിൽ, ഒന്നിന്റേയും രണ്ടിന്റേയും നാണയങ്ങളുണ്ടായിരുന്നു. ദിവാകരൻ ഒന്നു മടിച്ചു നിന്നു. ഭാര്യ കൂട്ടിവച്ച ചില്ലറത്തുട്ടുകളും കറണ്ടു ബില്ലും വാങ്ങുകയല്ലാതെ അയാൾക്ക് മറ്റു നിവർത്തിയുണ്ടായിരുന്നില്ല.

കാത്തുനിന്നവർ അക്ഷമരായി.

''ഇപ്പോൾ തന്നെ നേരം വൈകി. ഒരുപാടു വീടുകൾ കയറിയിറങ്ങേണ്ടതാണ്. തിരഞ്ഞെടുപ്പിനാണെങ്കിൽ ദിവസങ്ങളുമില്ല.''

''ദിവാകരനു കാര്യത്തിന്റെ ഗൗരവം മനസ്സിലായിട്ടില്ല. എതിരാളികൾ ഇപ്പോൾതന്നെ ഒരുവട്ടം സന്ദർശനം കഴിഞ്ഞു'' മറ്റൊരാൾ പറഞ്ഞു.

പടിയിറങ്ങുമ്പോൾ ദിവാകരൻ അവരോടായി പറഞ്ഞു: ''എനിക്ക് കറണ്ടു കാശടക്കാനുണ്ട്.''

''കൃഷ്ണവാര്യർ സ്ഥാനാർത്ഥി ഇന്നലെ വല്ലാതെ ദേഷ്യപ്പെട്ടെന്നു നേതാവു പറഞ്ഞു. ഇന്നുതന്നെ ഭവന സന്ദർശനം പൂർത്തിയാക്കണമെന്നാണു പറഞ്ഞിരിക്കുന്നത്'' കൂട്ടത്തിലൊരാൾ ദിവാകരനെ നിർബന്ധിച്ചു.

അതുകൊണ്ടായിരിക്കണം കൃഷ്ണൻചേട്ടൻ തന്നെ പരിചയഭാവം കാട്ടാതിരുന്നത്. ആദ്യ തിരഞ്ഞെടുപ്പിൽ കൃഷ്ണൻചേട്ടൻ തന്റെ കൈക്കു പിടിച്ചു സംസാരിച്ചതുമാണ്. കൃഷ്ണവാര്യർ സ്ഥാനാർത്ഥിയുടെ തോൽവി തന്റേയും കൂടി തോൽവിയാണ്. ദിവാകരൻ അവരോടൊപ്പം നടന്നു. പോരും

വഴി കറണ്ടു കാശടക്കാം എന്നു മനസ്സിൽ വിചാരിച്ചു.

അന്നും വളരെ വൈകിയാണ് ദിവാകരൻ വീട്ടിലേക്ക് വന്നത്. വന്നപാടെ കട്ടിലിൽ കയറിക്കിടന്നു. ദിവാകരന്റെ ഭാര്യ കുളിക്കുന്നില്ലെ എന്നു തിരക്കി. ദിവാകരൻ മറുപടിയെന്നോണം പറഞ്ഞു: ‘‘ഞാൻ ഭക്ഷണം കഴിച്ചതാണ്. കുടിക്കാൻ ഒരു ഗ്ലാസ്സ് വെള്ളം വേണം’’

‘‘കുടിവെള്ളം വണ്ടിയിൽ എത്തിയിരുന്നതാണ്. രണ്ടു ദിവസമായി വണ്ടി വരുന്നില്ല. തിരഞ്ഞെടുപ്പായിട്ടെങ്കിലും മുടങ്ങാതെ വരുമെന്നാണ് എല്ലാവരും പറഞ്ഞത് എന്നിട്ടും.......’’ കുടിക്കാൻ വെള്ളം എടുക്കാൻപോവും മുമ്പായി ദിവാകരന്റെ ഭാര്യ പറഞ്ഞു. ദിവാകരന്റെ ഭാര്യയെ പൂർത്തിയാക്കുവാൻ ദിവാകരൻ അനുവദിച്ചില്ല. അയാൾ രൂക്ഷമായി ഭാര്യയെ നോക്കി. ഭാര്യ പറഞ്ഞത് കൃഷ്ണവാര്യർ സ്ഥാനാർത്ഥിക്ക് എതിരായുള്ള പരാമർശമായി ദിവാകരനു തോന്നി. ഭാര്യ വെള്ളവുമായി വന്നു. വാങ്ങിക്കുടിക്കണമൊ എന്നു ദിവാകരൻ ശങ്കിച്ചു. അയാൾ ഗ്ലാസ് വാങ്ങി. ഗ്ലാസ്സിന്റെ പകുതിയെ വെള്ളമുണ്ടായിരുന്നുള്ളൂ.

ഇത്രയുംനാൾ കൃഷിക്കെ വെള്ളം കിട്ടാതിരുന്നുള്ളൂ. ഇപ്പോൾ കുടിക്കാനുള്ള വെള്ളവും കിട്ടാതായിരിക്കുന്നു. ദിവാകരനു തെല്ല് അമർഷം തോന്നാതിരുന്നില്ല. ഇപ്രാവശ്യം കൃഷി മനഃപൂർവ്വം വേണ്ടെന്നു വക്കുകയായിരുന്നു. ഒന്നു രണ്ടു തവണയായി വെള്ളം കിട്ടാറില്ല. ബുദ്ധിമുട്ടി നിലം ഒരുക്കുന്നതും വിതക്കുന്നതും വെറുതെയാകും. കൊയ്യാൻ ഉണങ്ങിയ കറ്റകളെ ഉണ്ടാവുകയുള്ളൂ. ഇക്കാര്യം നേതാവിനോടു പറയണം എന്നു മനസ്സിലോർത്ത് ദിവാകരൻ മയക്കത്തിലേക്കു വീണു.

ദിവാകരൻ പതിവിലും നേരത്തെ എഴുന്നേറ്റു. ഇന്നു തിരഞ്ഞെടുപ്പു പ്രചാരണം സമാപന ദിവസമാണ്. കൃഷ്ണവാര്യർ സ്ഥാനാർത്ഥി വരും. കഴിയുമെങ്കിൽ കൃഷിക്കും കുടിക്കാനും വെള്ളം കിട്ടാത്ത കാര്യം കൃഷ്ണവാര്യർ സ്ഥാനാർത്ഥിയെ ഓർമപ്പെടുത്തണമെന്നു ദിവാകരൻ തീരുമാനിച്ചു. ദിവാകരൻ അൽപനേരം കാത്തു. ചായ പതിവുള്ളതാണ്. ദിവാകരൻ ഒന്നും പറയാതെ പടികളിറങ്ങാൻ ഭാവിച്ചു.

പുറകിൽ നിന്നും ഭാര്യ വിളിച്ചു പറഞ്ഞു: ‘‘ഇന്നു ബാങ്കിൽ കുടിശ്ഖ അടക്കാമെന്നേറ്റിരുന്ന ദിവസമാണ്.’’

കഴിഞ്ഞ തിരഞ്ഞെടുപ്പു കാലത്താണ് ദിവാകരൻ ബാങ്കിൽ നിന്നും കൃഷിക്കായി വായ്പ എടുത്തത്. വെള്ളമില്ലാത്തതിനാൽ കൃഷി വളരെ മോശമായിരുന്നു. ഇപ്രാവശ്യമാകട്ടെ കൃഷി ചെയ്യാൻ ഒട്ടും വെള്ളം കിട്ടിയതുമില്ല. കഴിഞ്ഞ മഴക്കാലത്തു നല്ല മഴ കിട്ടിയിരുന്നതാണെന്ന് ദിവാകരൻ മനസ്സിലോർത്തു. നല്ല വിളവുമുണ്ടായിരുന്നു. എന്നിട്ടും വിറ്റു കിട്ടിയത് കൂലിക്കുപോലും തികഞ്ഞില്ല. ബാങ്ക് വായ്പ സംഘടിപ്പിച്ചത് കൃഷ്ണവാര്യർ സ്ഥാനാർത്ഥി വിളിച്ചു പറഞ്ഞിട്ടായിരുന്നു. ആ സ്നേഹം കൃഷ്ണവാര്യർ സ്ഥാനാർത്ഥിയോടുണ്ടാവണം. ദിവാകരൻ നടത്തത്തിനു വേഗത കൂട്ടി.

തിരഞ്ഞെടുപ്പു സമാപനമാണ്. പരമാവധി ആളെ കൂട്ടണം എന്നു നേതാവ് പറഞ്ഞിരുന്നതാണ്. ഭാര്യയെ കൂടി കൂട്ടിയാലൊ എന്നു ദിവാകരൻ വിചാരിച്ച തുമാണ്. പിന്നെ വേണ്ട എന്നു തീരുമാനിക്കുകയായിരുന്നു. ദിവാകരൻ വരുമ്പോൾ കൊടിയും തോരണവും മറ്റാളുകൾ എടുത്തിട്ടുണ്ടായിരുന്നു. കുഴികുത്താൻ പിക്കാസും നാട്ടാൻ മുളവടിയും ദിവാകരനെ കാത്തിരുപ്പുണ്ടാ യിരുന്നു. വഴിനീളെ മുളവടിനാട്ടി കൊടികുത്തി തോരണം ചാർത്തി.

നേരം വല്ലാതെ കടന്നു പോയിരുന്നു. നേതാവു മൈക്കിലൂടെ പ്രസംഗം ആരംഭിച്ചു. ദിവാകരൻ ഏറ്റവും മുൻപിലായി ഇരുന്നു. നേതാവിന്റെ പ്രസംഗ ത്തിനു മൈക്കിലൂടെ കൈകൊട്ടി. കൃഷ്ണവാര്യർ സ്ഥാനാർത്ഥി വന്നപ്പോൾ ദിവാകരൻ പരമാവധി ഉച്ചത്തിൽ മുദ്രാവാക്യം മുഴക്കി. കൂട്ടായ ആരവത്തി നിടയിൽ ദിവാകരന്റെ ശബ്ദം ദിവാകരനുപോലും തിരിച്ചറിയാനാകുമാ യിരുന്നില്ല. ഇപ്രാവശ്യം കൃഷ്ണവാര്യർ സ്ഥാനാർത്ഥിയെ നേരിട്ടു കാണണം, കുടിവെള്ളത്തിന്റെ കാര്യം നേരിട്ടു പറയണമെന്നു ദിവാകരൻ വിചാരിച്ചു. നേതാവിനോടു പലപ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്. ഫല മുണ്ടായിട്ടില്ല. പ്രസംഗം കഴിഞ്ഞു കൃഷ്ണവാര്യർ പോകാനായിറങ്ങി. ദിവാകരൻ കൃഷ്ണ വാര്യർ സ്ഥാനാർത്ഥിക്കടുത്തെത്താൻ ശ്രമിച്ചു. തിരക്കിനിടയിൽ പ്രയാസ പ്പെട്ടു അടുത്തെത്തിയതുമായിരുന്നു. നേതാവ് ദിവാകരനെ പിടിച്ച് തള്ളി മാറ്റുകയായിരുന്നു. നേതാവും കൃഷ്ണവാര്യർ സ്ഥാനാർത്ഥിയും കൂടി കാറിൽക്കയറി പോകുന്നതു ദിവാകരൻ നോക്കി നിന്നു. ആൾക്കൂട്ടം ദിവാക രനെ തള്ളിമാറ്റി ഏറെദൂരം മുന്നോട്ടുപോയി. അപ്പോഴും കൃഷ്ണവാര്യർ സ്ഥാനാർത്ഥിക്കായി ആരൊ വിളിച്ചു പറഞ്ഞ മുദ്രാവാക്യം ദിവാകരൻ ഏറ്റു ചൊല്ലുന്നുണ്ടായിരുന്നു.

ദിവാകരൻ നേരെ വീട്ടിലേക്കു നടന്നു. മണ്ണെണ്ണ വിളക്കു ഇറയത്തു കത്തിച്ചു വച്ചിരിക്കുന്നതു കണ്ടപ്പോൾ തന്നെ ദിവാകരനു വല്ലായ്മ തോന്നി. അടുത്തെത്തിയപ്പോൾ വിളക്കിനരുകിലായി ദിവാകരന്റെ ഭാര്യയിരിക്കുന്നതു കണ്ടു. തിരിനീട്ടി ഇത്തിരി വെട്ടം കൂട്ടാൻ ദിവാകരൻ ഭാര്യയോടു പറഞ്ഞു. ദിവാകരന്റെ ഭാര്യ തിരിനീട്ടി വെളിച്ചം കൂട്ടിയില്ല. പകരം ഇത്തിരിവെട്ടം നൽകുന്ന മണ്ണെണ്ണ വിളക്കുമായി ചുമരിലൊട്ടിച്ചു വച്ചിരിക്കുന്ന നോട്ടീസ് കാണിച്ചു കൊടുത്തു. അത് ജപ്തി നോട്ടീസായിരുന്നു.

# സമുദായ സ്നേഹി

രാജശേഖരൻ നാട്ടിലെ അറിയപ്പെടുന്ന സുമുദായപ്രമാണിയും മദ്യ-കോൺട്രാക്ട് മുതലാളിയുമാണ്. അകമ്പടി സേവിക്കാനും ആജ്ഞാപിക്കുന്നതിനു ചെവികൊടുക്കാനും ദാസ്യവേലക്കും ആളുകളേറെ. രാജശേഖരൻ ഒന്നു വിചാരിച്ചാൽ അതു നടന്നിരിക്കും. അങ്ങനെയുള്ള രാജശേഖരനാണ് ഈയിടെയായി ഒരു മനംമാറ്റം. പ്രതാപത്തിനൊത്ത ആജ്ഞയില്ല. അകമ്പടിക്കാരെ പരമാവധി അകറ്റി നിർത്തുന്നു. ദാസന്മാരോടുപോലും ഇപ്പോൾ പെരുമാറ്റത്തിൽ രൗദ്രഭാവമില്ല. ആകെ ഒരു ഭാവമാറ്റം.

ശേഖരൻ ജനിച്ചത് ഒരിടത്തരം കുടുംബത്തിലും പഠിച്ചത് ഒരുൾനാടൻ ഗ്രാമത്തിലുമാണ്. ശേഖരൻ കുട്ടിക്കാലത്തു തന്നെ വികൃതിയായിരുന്നു. വികൃതി താമസിയാതെ വൈകൃതമായി. പഠനത്തിൽ പിമ്പനായിരുന്നുവെങ്കിലും പാഠ്യേതരവിഷയങ്ങളിൽ ഒട്ടും പിന്തിരിപ്പനായിരുന്നില്ല. സഹപാഠികളെ വരുതിക്കു നിർത്തി. അദ്ധ്യാപകൻ കണ്ണുരുട്ടിയാൽ തിരിച്ചു കണ്ണുരുട്ടും. ശേഖരൻ സ്കൂളിനൊരു ബാധ്യതയായി. ശേഖരന്റെ ആജ്ഞക്കു ചെവികൊടുക്കാതിരുന്നതിന് സഹപാഠിയുടെ കൈത്തണ്ടയിൽ ബ്ലെയിഡ് കൊണ്ട് വരഞ്ഞു. ചോദിക്കാൻ വന്നവരെ ഇടിച്ചു പരുവത്തിലാക്കി. കുട്ടികൾ അടുക്കാൻ ഭയന്നു. ശേഖരൻ പിന്നെ സ്കൂളിൽ പോവേണ്ട എന്നു തീരുമാനിക്കുകയായിരുന്നു.

ശേഖരൻ ആരെയെങ്കിലും ഭയന്നിരുന്നൊ എന്നു സംശയം. ആരേയും ഭയന്നിരുന്നില്ലെന്നു പറയുമായിരിക്കും. ശേഖരന് അച്ഛനെ ഭയമായിരുന്നു. ഒരു ദിവസം ശേഖരൻ അച്ഛന്റെ തട്ടകത്തിലെത്തി. അവിടെ കാവൽക്കാർ ശേഖരനെ തിരിച്ചറിഞ്ഞു. അതുമല്ലായിരുന്നുവെങ്കിൽ ശേഖരനു പൊതിരെ കിട്ടുമായിരുന്നേനെ. അല്ലെങ്കിൽ പുഴയിൽ ഒരജ്ഞാത ശവമാകുവാനും മതി. ഇവിടം ശേഖരന്റെ അച്ഛന്റെ കോട്ടയാണ്. കാവൽക്കാർ ശേഖരനെ അച്ഛന്റെ മുന്നിലെത്തിച്ചു. ശേഖരൻ ഒരിക്കൽകൂടി ഭയന്നിരിക്കണം. പക്ഷെ അച്ഛൻ മറുത്തൊന്നും ശേഖരനോടു പറഞ്ഞില്ല.

അച്ഛന്റെ തട്ടകത്തെത്തിയ ശേഖരൻ വാറ്റിന്റെ രൂക്ഷഗന്ധം തിരിച്ചറിഞ്ഞു. കന്നാസുകളിലേക്ക് വാറ്റിയ പാനീയങ്ങൾ പകർത്തുന്നുണ്ടായിരുന്നു.

അച്ഛന്റെ തട്ടകത്ത് ശേഖരൻ ആദ്യമായിട്ടായിരുന്നു. എല്ലാം നോക്കി കാണാൻ ശേഖരനാഗ്രഹമുണ്ടായിരുന്നു. വിലക്കുകൾ ശേഖരൻ വകവക്കുമായിരുന്നില്ല. പക്ഷെ അന്ന് ശേഖരൻ അച്ഛന്റെ പിന്നിലായി നിലയുറപ്പിച്ചു. ശേഖരന്റെ അച്ഛൻ ആജ്ഞകൾ കൊടുത്തു. മറ്റുള്ളവർ അതു അനുസരിച്ചു ശേഖരന് ആദ്യമായി അച്ഛനോട് ബഹുമാനം തോന്നി.

ശേഖരന് അച്ഛന്റെ സങ്കേതം ഇഷ്ടപ്പെട്ടു. ശേഖരന്റെ വാക്കുകളിലെ കനപ്പ് കാവൽക്കാർ തിരിച്ചറിഞ്ഞു. അവർ ശേഖരനോടു മറുത്തൊന്നും പറഞ്ഞില്ല. താമസിയാതെ ശേഖരൻ വാറ്റ് എത്തിച്ചു കൊടുക്കുന്ന ചുമതലയേറ്റെടുത്തു. ശേഖരൻ തന്റെ ദൗത്യം ഭംഗിയായി ചെയ്തു തീർത്തു. ശേഖരൻ അച്ഛന്റെ അഭിനന്ദനം അംഗീകാരമായി കണക്കാക്കി.

വാറ്റ് കടത്തി വിൽപ്പന കേന്ദ്രത്തിലെത്തിക്കുക എന്നതു ശ്രമകരമായ ജോലിയായിരുന്നു. സാഹസീകത ശേഖരൻ ഇഷ്ടപ്പെട്ടിരുന്നു. ചങ്ങാടത്തിലും വണ്ടിയിലും അവിടവിടെ നിലയുറപ്പിച്ച കാവൽക്കാരുടെ അകമ്പടിയോടെ വാറ്റ് വിൽപ്പന കേന്ദ്രത്തിലെത്തിച്ചു. കാവൽക്കാർ അശ്രദ്ധ കാണിച്ചാൽ തക്ക ശിക്ഷ നൽകും. ശിക്ഷ നൽകാൻ ശേഖരൻ പണ്ടേ കേമനായിരുന്നുവല്ലോ. തെറ്റായ സിഗ്നൽ നൽകി വണ്ടിയിൽനിന്നും ഒരു കന്നാസു മാറ്റിയ കാവൽക്കാരനെ കയ്യോടെ പിടിച്ചു. മാപ്പു ചോദിച്ച അയാളോട് കൈപ്പത്തി ചോദിച്ചു വാങ്ങി. ആ കാവൽക്കാരൻ പിന്നെ രക്തം വാർന്ന് മരിച്ചിരിക്കണം എന്നു ശേഖരൻ കരുതി.

ശേഖരന്റെ അച്ഛൻ കാട്ടിൽനിന്നും നാട്ടിലേക്കു കുടിയേറാൻ തീരുമാനിച്ചു. കാട്ടിലെ ചുമതല ശേഖരന്റെ കൈവശമായി. കാട്ടിലെ മൃഗങ്ങളെയും മനുഷ്യരേയും വേട്ടയാടുന്നതിൽ ശേഖരൻ ആനന്ദം കണ്ടെത്തിയിരുന്നു. കാടും അതിലെ സ്ത്രീകളെയും തന്റെ വേട്ട വസ്തുക്കളായി ശേഖരൻ കരുതി. ശേഖരന്റെ അച്ഛൻ പട്ടണത്തിൽ സ്ഥിതിചെയ്യുന്ന ബാർ വിലക്കെടുത്തു മദ്യവിൽപന നടത്തി. രാഷ്ട്രീയക്കാർ ശേഖരന്റെ അച്ഛന്റെ മുൻപിൽ ഓച്ഛാനിച്ചു നിന്നു. സ്പിരിറ്റും വാറ്റും മദ്യവിൽപനക്കായി കണ്ടെത്തി ശേഖരന്റെ അച്ഛൻ.

ശേഖരൻ കൂട്ടുകാരൊത്തു ബാറിൽ ഒത്തുകൂടുക പതിവാക്കി. മദ്യവും മദിരാക്ഷിയും ശേഖരന്റെ ദൗർഭല്യങ്ങളായിരുന്നുവല്ലോ. നാട്ടിലെ വ്യാപാര ശൃംഖല വിപുലീകരിക്കാൻ തീരുമാനിച്ചത് ശേഖരനായിരുന്നു. ശേഖരൻ പട്ടണത്തിലെ കോൺട്രാക്റ്റു വർക്കുകൾ ഏറ്റെടുത്തു. താമസിയാതെ ശേഖരൻ പട്ടണത്തിലെ അറിയപ്പെടുന്ന മുതലാളിയായി മാറി. സമുദായപ്രമാണികൾ ശേഖരനോടു ചങ്ങാത്തം കൂടാൻ അധികം നാളുകൾ വേണ്ടിവന്നില്ല. ശേഖരൻ രാജശേഖരൻ മുതലാളിയായി മാറി.

രാജശേഖരൻ മുതലാളിയെത്തേടി രാഷ്ട്രീയക്കാർ കാവൽനിന്നു. കോൺട്രാക്ടു വർക്കുകൾ രാജശേഖരൻ മുതലാളി പറഞ്ഞാൽ മറ്റാരും ഏറ്റെടുക്കാതായി. വാഹനവ്യൂഹങ്ങളുടെ അകമ്പടിയോടെ രാജശേഖരൻ മുതലാളി

പോകും. പുറപ്പെടും മുൻപെ അവിടെ കാത്തുനിൽക്കുന്ന പാവങ്ങളോട് കാര്യങ്ങൾ ചോദിക്കാൻ പറയും. നോട്ടുകൾ വിതറി അതിനായി കടിപിടി കൂടുന്ന പാവങ്ങളെ നോക്കി ഊറി ഊറി ചിരിക്കും. രാജശേഖരൻ മുതലാളിയുടെ ദാനശീലം നാട്ടിൽ പാട്ടായി. സമുദായക്കാർ രാജശേഖരൻ മുതലാളിയെ തങ്ങളുടെ പ്രധാന സുമുദായ പ്രമാണിയായി വാഴിച്ചു. ഈ മാറ്റം രാജശേഖരൻ മുതലാളി പോലും പ്രതീക്ഷിച്ചിരുന്നതായിരുന്നില്ല. രാജശേഖരൻ മുതലാളി കാരുണ്യത്തിന്റെ പ്രതീകമായി മാറി.

മദ്യശാലകളും കോൺട്രാക്ടു വർക്കുകളും രാജശേഖരൻ മുതലാളിക്ക് മാന്യമായ സ്ഥാനം നേടിക്കൊടുത്തു. രാജശേഖരൻ മുതലാളിയുടെ വാക്ക് സമുദായത്തിലെ അവസാന വാക്കായി മാറി. തന്നെ എതിർക്കാൻ ആരെയും അനുവദിച്ചില്ല; എതിർത്തവരെ കൈക്കരുത്തിലും പണംകൊടുത്തും വരുതിയിലാക്കി.

കാട് രാജശേഖരൻ മുതലാളിയെ മാടിവിളിക്കുന്നുണ്ടായിരുന്നു. കാട്ടിലെ വാറ്റും കാട്ടിലെ പെണ്ണും ആവോളം ആസ്വദിച്ചു വളർന്ന ശേഖരന് കാടിനേയും അതിലെ സൗന്ദര്യത്തേയും മറക്കുവാനാകുമായിരുന്നില്ല. ഇടക്കിടെയുള്ള കാട്ടിലേക്കുള്ള യാത്രയിൽ ഒരു ദുരന്തം കാത്തിരുപ്പുണ്ടായിരുന്നു.

ശേഖരൻ പുഴ കടക്കാൻ ചങ്ങാടത്തിൽ കയറിയതായിരുന്നു. മലമുകളിൽ നിന്നുള്ള ശക്തമായ ഒഴുക്കിനെ അതിജിവിക്കാൻ ശേഖരന്റെ ചങ്ങാടത്തിനു കഴിഞ്ഞില്ല. ചങ്ങാടം ഒഴുക്കിൽ ആടിയുലഞ്ഞു. നിയന്ത്രണം വിട്ട ചങ്ങാടം ശക്തിയായി പാറയിൽ ചെന്നിടിച്ചതും ശേഖരൻ വെള്ളത്തിലേക്കു തെറിച്ചു വീണതും വളരെ പെട്ടെന്നായിരുന്നു.

വെള്ളത്തിലേക്കുവീണ രാജശേഖരന് മറ്റൊന്നും ഓർമയില്ലായിരുന്നു. മലവെള്ളത്തിൽപെട്ട് ചങ്ങാടം പൊങ്ങുതടിപോലെ ഒഴുകി.

രാജശേഖരൻ കണ്ണു തുറക്കുമ്പോൾ ഒരു കുടിലിലായിരുന്നു. ഏതൊ അവ്യക്തമായ ഒരു മുഖം തന്നെത്തന്നെ നോക്കി നിൽക്കുന്നത് രാജശേഖരൻ മനസ്സിലാക്കി. മണ്ണെണ്ണ വിളക്കിന്റെ മങ്ങിയ വെളിച്ചത്തിൽ രാജശേഖരനെ ഉറ്റുനോക്കികൊണ്ട് ഒരു സ്ത്രീരൂപം. പരിചിതമായ മുഖം ഏതെന്ന് ആ മങ്ങിയ വെളിച്ചത്തിലും രാജശേഖരന് വ്യക്തമായി. ഒരു നടുക്കം മിന്നൽ പോലെ രാജശേഖരനിലൂടെ കടന്നുപോയി.

ലതിക രാജശേഖരനെ തന്നെ ശ്രദ്ധിക്കുകയായിരുന്നു. ലതിക രാജശേഖരൻ കണ്ണു തുറക്കുന്നതും നോക്കി കാത്തിരിക്കുകയായിരുന്നു. വാറ്റിന്റെ ലഹരിയിൽ രാജശേഖരൻ ലതികയെ കടന്നുപിടിച്ചത് ഓർമ്മയിലേക്കോടിയെത്തി. അവളുടെ മാനത്തിനു പകരമായി എത്ര പണം വേണമെങ്കിലും രാജശേഖരൻ കൊടുക്കുവാൻ തയ്യാറായി. ലതിക അത് തന്റെ മുഖത്തേക്ക് എറിഞ്ഞത് രാജശേഖരൻ ഇന്നത്തെപ്പോലെ ഓർക്കുന്നുണ്ട്. ഓർമകൾ രാജശേഖരനെ വല്ലാതെ വേദനിപ്പിച്ചു. രാജശേഖരൻ കട്ടിലിൽനിന്നും എഴുന്നേൽക്കാൻ ശ്രമിച്ചു. രാജശേഖരന് എഴുന്നേൽക്കാൻ ലതികയുടെ കരങ്ങൾ താങ്ങായി

മാറി. ആ കരങ്ങളുടെ കുളിർമ്മ ഒരു സാന്ത്വനമായി രാജശേഖരൻ തിരിച്ചറിഞ്ഞു. ലതികയോട് എന്താണ് പറയേണ്ടതെന്ന് രാജശേഖരനു നിശ്ചയമുണ്ടായിരുന്നില്ല. അയാൾ വാക്കുകൾ പരതുകയായിരുന്നു.

രാജശേഖരന് എന്തെങ്കിലും പറയാൻ കഴിയുംമുൻപെ മീശവരവീണു തുടങ്ങിയ ഒരു പയ്യൻ അമ്മയെ വിളിച്ചു കടന്നുവന്നു. അവന്റെ മുഖത്തിനു രാജശേഖരന്റെ ഛായയുണ്ടായിരുന്നു. അവൻ അമ്മയുടെ മുഖത്തെ ഭാവമാറ്റം ശ്രദ്ധിച്ചു. അപരിചിതനായ ഒരാളുടെ ജീവൻ രക്ഷിക്കാൻ കഴിഞ്ഞതിലുള്ള ചാരിതാർത്ഥ്യം അവന്റെ വാക്കുകളിൽ ഉണ്ടായിരുന്നു. ലതിക സങ്കടപ്പെടുന്നതിൽ അവൻ വല്ലാതെ ആശ്ചര്യപ്പെട്ടു. രാജശേഖരൻ ചുഴിയിൽപ്പെട്ടതും രാജശേഖരനെ കരയിലടുപ്പിച്ചതും എല്ലാം അവൻ വായടക്കാതെ വിവരിച്ചു. ലതിക അപ്പോഴേക്കും കരച്ചിലിന്റെ വക്കോളമെത്തിയിരുന്നു.

രാജശേഖരൻ പോകാനായി എഴുന്നേറ്റു. കുട്ടി പരിചിതനായ ഒരാളോടെന്നവണ്ണം പറഞ്ഞു: “എന്റെ അച്ഛൻ പുറത്തു നിൽപ്പുണ്ട്.”

ലതിക അവന്റെ വാക്കുകൾ കേട്ട് സങ്കടം അടക്കാനാകാതെ അകത്തേക്കു പോയി. രാജശേഖരൻ മുതലാളിക്ക് എല്ലാം ചോദിച്ചറിയണമെന്നുണ്ടായിരുന്നു. വാക്കുകൾക്കു വേണ്ടി അയാൾ വല്ലാതെ വിഷമിച്ചു. അയാൾ ഗദ്ഗദത്തോടെ അവനെ വാത്സല്ല്യപൂർവം തലോടി. രാജശേഖരൻ അവന്റെ കയ്യിൽ വച്ചു കൊടുക്കാൻ പോക്കറ്റുകൾ പരതി. അതിൽ ഒന്നുമില്ലായിരുന്നു. എന്തു പകരം നൽകിയാണ് തനിക്ക് അവരോടുള്ള കടപ്പാട് തീർക്കുക. രാജശേഖരൻ അവന്റെ കയ്യിൽ പിടിച്ച് പുറത്തേക്കു നടന്നു.

പുറത്തേക്കിറങ്ങിയ രാജശേഖരൻ ഒരിക്കൽകൂടി നടുങ്ങി. അവിടെ കൈപ്പത്തി നഷ്ടപ്പെട്ട ഒരാൾ എല്ലാം ശ്രദ്ധിച്ചു നിൽപ്പുണ്ടായിരുന്നു. പഴയ വാറ്റുകേന്ദ്രത്തിലെ കാവൽക്കാരൻ. രാജശേഖരന്റെ വാക്കുകൾ മുറിഞ്ഞു പുറത്തേക്കു വന്നു. “നീയിവിടെ....”

അയാൾ മറുപടിയൊന്നും പറയാതെ രാജശേഖരനോടൊപ്പം നടന്നു. രാജശേഖരന്റെ കാൽചുവടുകൾ ഇടറുന്നുണ്ടായിരുന്നു. വീണു പോകുമെന്നു കണ്ട് അയാൾ തന്റെ കൈത്തണ്ട രാജശേഖരനു നേരെ നീട്ടി. രാജശേഖരന് അയാളുടെ കൈത്തണ്ടയിൽ പിടിക്കാതിരിക്കാൻ കഴിയുമായിരുന്നില്ല. അയാളുടെ കൈത്തണ്ടയിലെ ചൂട് രാജശേഖരന്റെ മനസ്സിലേക്ക് കിനിഞ്ഞിറങ്ങി. കുറച്ചു നടന്നു കഴിഞ്ഞ് രാജശേഖരൻ അറിയാതെ നിന്നു. രാജശേഖരന്റെ കണ്ണുകളിൽ കണ്ണുനീർ ഇറ്റുനിൽപ്പുണ്ടായിരുന്നു. അയാൾ എന്തെങ്കിലും പറഞ്ഞിരുന്നുവെങ്കിലെന്ന് രാജശേഖരൻ ആശിച്ചു. അയാൾ പറഞ്ഞു: “ലതിക എന്റെ ഭാര്യയാണ്.”

“ദയവായി ഇനിയിങ്ങോട്ട് വരരുത്” രാജശേഖരനോട് അപേക്ഷ എന്നോണം അയാൾ പറഞ്ഞു ജിവിതത്തിൽ രാജശേഖരനു കുറ്റബോധം തോന്നിയ നിമിഷങ്ങളായിരുന്നു. രാജശേഖരന്റെ മരവിപ്പ് വാക്കുകളായി പുറത്തേക്കെറിഞ്ഞു:

"അപ്പോൾ കുട്ടി........"

"സംശയിക്കേണ്ട അതു നിങ്ങളുടേതു തന്നെ." ഇതു പറഞ്ഞു അയാൾ തിരിച്ചു നടന്നു. വാതിൽ കൊട്ടി അടക്കുന്ന ശബ്ദം കേട്ട് രാജശേഖരൻ തിരിഞ്ഞു നോക്കി. അപ്പോഴും അകത്തുനിന്നും ലതികയുടെ തേങ്ങൽ കേൾക്കാമായിരുന്നു.

# സുഹൃത്തിനൊരു ജാമ്യം

രാവേറെ വൈകിയാണ് ഞാൻ വീട്ടിലേക്ക് ചെന്നത്. ഭാര്യ എന്നെ കാത്തു നിൽപ്പുണ്ടാവും എന്ന് എനിക്കുറപ്പാണ്. ഇന്ന് ശമ്പളദിവസമാണ്. കഴിഞ്ഞ ശമ്പള ദിവസവും അവളോടു വല്ലാതെ കയർത്തു സംസാരിക്കേണ്ടി വന്നു. വന്നു കിടന്നതെ ഓർമയുണ്ടായിരുന്നുള്ളൂ. മദ്യത്തിന്റ ലഹരിയിൽ അവൾ എന്താണ് പറയുന്നതെന്ന് എനിക്കു നിശ്ചയമില്ലായിരുന്നു. അവൾ ഒരുപക്ഷെ എന്റെ പോക്കറ്റ് പരതിയിരിക്കാം. അത് എന്നും പതിവുള്ളതാണ്. എന്നത്തേയും പോലെ മൂന്നൊ നാലൊ നൂറിന്റെ നോട്ടുകൾപോലും അതിലില്ലായിരുന്നു. പോരുംവഴി പലചരക്കുകടയിലെ പറ്റു തീർക്കണമെന്നു പറഞ്ഞ കാര്യം ഞാൻ മനഃപൂർവ്വം മറന്നതായിരുന്നില്ല. ഭാര്യ വന്നു പലചരക്കുകടക്കാരൻ ദേഷ്യപ്പെട്ട കാര്യം ഓർമ്മിപ്പിക്കാൻ ശ്രമിക്കുന്നുണ്ടായിരുന്നു. എന്റെ കാലുകൾക്കു പരമാവധി ശക്തി നൽകി ഒന്നു നിവർന്നു നിൽക്കാൻ ശ്രമിച്ചതും കട്ടിലിലേക്കു ചരിഞ്ഞു തലകുത്തി വീണു. ഉറക്കം എന്നെ വല്ലാതെ അനുഗ്രഹിച്ചു.

ഭാര്യ എന്റെ അടുക്കൽ വന്നു കൂടുതൽ സ്നേഹം കാണിക്കുന്നതുപോലെ എനിക്കു തോന്നി. എന്നത്തേയുംപോലെ അവളുടെ സ്നേഹപ്രകടനത്തിനു മുൻപിൽ ഞാൻ അനുസരണയുള്ള കുട്ടിയെപ്പോലെ നിന്നു. എനിക്കവളുടെ സാമീപ്യം എന്നും ലഹരിയായിരുന്നു. അവളുടെ വസ്ത്രങ്ങളുടെ നിറം മങ്ങിയതും അവിടവിടെ പഴകി കുത്തുകൾ വീണതും ഞാൻ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. അവളെന്നോടു കൂടുതൽ ചേർന്നിരുന്നു. അവളുടെ സാമീപ്യം എന്നിൽ പൂത്തിരി കത്തി. കീറൽ വീണ അടിവസ്ത്രങ്ങൾ തെറുത്തു മാറ്റുമ്പോഴും അവളുടെ രാഗാർദ്രമായ ശബ്ദം ഞാൻ തൊട്ടറിഞ്ഞതാണ്. എപ്പോഴൊ അവൾ കൂടുതൽ ബോധവതിയാകുന്നതുപോലെ തോന്നി. അവൾ കൂടുതൽ ആർദ്രമായി എന്നെ വിളിച്ചു : "രാഘവേട്ടാ......"

അവൾ എന്നെ രാഘവേട്ടാ എന്നാണ് വിളിക്കാറ്. അവൾക്ക് ഞാൻ തങ്കം എന്നു വിളിക്കുന്നതു കേൾക്കാൻ ഇഷ്ടമാണ്. ഞാൻ തിരിച്ചു വിളിച്ചു.

"എന്റെ തങ്കം......" പ്രണയാർദ്രമായിരുന്നു എന്റെ ശബ്ദം.

അവൾ തുടർന്നു "എന്റെ വസ്ത്രങ്ങളെല്ലാം കീറിയിരിക്കുന്നു. എനിക്കും

കുട്ടികൾക്കും ഈ ഓണത്തിന് പുതിയ ഡ്രസ്സുകൾ വാങ്ങണം'' അവൾ നിർത്താതെ തുടർന്നു, ''പലചരക്കു കടക്കാരൻ നമ്മുടെ മോനെ മറ്റുള്ളവർ കേൾക്കെ ചീത്ത വിളിച്ചു. നാളെ വരുമ്പോൾ കാശു മുഴുവൻ തീർത്തു കൊടുക്കണം, ഓണത്തിനുള്ള സാധനങ്ങൾ വാങ്ങാനുള്ളതാണ്.''

അടിവസ്ത്രത്തിലെ എന്റെ പിടി അയയുന്നുണ്ടായിരുന്നു. കൂടുതൽ പറയും മുൻപെ ഞാൻ അവളെ കട്ടിലിലേക്കു കിടത്താൻ ശ്രമിച്ചു. അവൾ ശക്തി സംഭരിച്ചിരിക്കുന്നു. എനിക്കു മറ്റൊന്നും ചെയ്യാനാകുമായിരുന്നില്ല. ഒരു സിഗരറ്റ് വലിക്കണമെന്നു തോന്നി. ഞാൻ ഒരു സിഗരറ്റെടുത്തു ചുണ്ടിൽ വച്ചു. അപ്പോഴേക്കും അവൾ എവിടെ നിന്നൊ തീപ്പെട്ടി കണ്ടുപിടിച്ചിരുന്നു. തീപ്പെട്ടി എന്റെ നേരെ നീട്ടികൊണ്ട് അവൾ പറഞ്ഞു.

''രാഘവേട്ടാ, നമുക്ക് ഈ ഓണക്കാലത്ത് കുട്ടികളുമായി ഒരു യാത്ര പോകണം. രാഘവേട്ടന്റെ കൂടെ ജോലി നോക്കുന്ന ശിവദാസും മറ്റും ഊട്ടിക്കു പോകുന്നുണ്ട്. നമുക്കും പോകാം ചേട്ടാ.'' ഭാര്യ എന്റെ സകല മൂഡും കളഞ്ഞിരിക്കുന്നു. ഞാൻ സിഗരറ്റുമായി എഴുന്നേറ്റു. ഭാര്യ കൂടുതൽ രാഗാദ്രമായി വാശിയുള്ള കുട്ടിയെപ്പോലെ പറഞ്ഞു: ''ഏട്ടാ....''

ഞാൻ ഒന്നിരുത്തി മൂളിയതെയുള്ളൂ. സത്യത്തിൽ ശ്രമിച്ചു നോക്കാം എന്നു തന്നെയായിരുന്നു അതിന്റ അർത്ഥം. അവൾക്കു സമാധാനമായി. ഞാൻ പുറത്തേക്കു പോകുന്നതും നോക്കി അവൾ കട്ടിലിലേക്കു കിടന്നു. സിഗരറ്റുമായി ഞാൻ വരാന്തയിലൂടെ ഉലാത്തുമ്പോഴും എന്റെ മനസ്സിൽ പലചരക്കു കടക്കാരന്റ കാശു കൊടുത്തു തീർക്കണമെന്ന ചിന്തയിലായിരുന്നു. കഴിയുമെങ്കിൽ ഇപ്രാവശ്യം ഒരു വിനോദയാത്ര കൂടി നടത്തണം. ഓണമല്ലെ സുമത്തിനും കുട്ടികൾക്കും സന്തോഷമായിരിക്കും. പെട്ടെന്നാണ് സുമം വാങ്ങിയ വളയെപ്പറ്റി ഓർമ്മ വന്നത്. അവൾ ചില്ലറത്തുട്ടുകൾ കൂട്ടിവച്ചു വാങ്ങിയതാണ്. വാങ്ങുമ്പോൾ അവൾ പറഞ്ഞിരുന്നു സ്വർണ്ണ വളയല്ലെ, മോളെ കെട്ടിക്കാറാകുമ്പോഴെങ്കിലും ഉപകരിക്കും.''

സുമം അങ്ങനെയാണ്. എന്തിനും വളരെ ക്രാന്തദർശിയായി സംസാരിക്കും. ആ വളയാണ്, വിൽക്കാതെ തരമില്ല. വള പിന്നീടൊരിക്കൽ വാങ്ങാം. സുമത്തിനെ എങ്ങനെയെങ്കിലും കാര്യം പറഞ്ഞു മനസ്സിലാക്കണം. ഞാൻ വാതിൽ പാളിയിലൂടെ സുമം എന്നു വിളിക്കാൻ ശ്രമിച്ചതും സുമത്തിന്റ കൂർക്കംവലി കേൾക്കാമായിരുന്നു

അല്ലെങ്കിൽ വേണ്ട. വളരെ ആഗ്രഹിച്ചു വാങ്ങിയതാണ്. അതു വിൽക്കണ്ട. ഇപ്രാവശ്യം ഓണമായിട്ട് ശിവദാസിനോടു ചോദിക്കാം. കുറച്ചു രൂപ കൊടുക്കാനുള്ളത് തൽക്കാലം പലിശ കൊടുത്തു നിർത്താം. ഇതുവരെ പലിശയുടെ കാര്യത്തിൽ കുറവു വരുത്തിയിട്ടില്ല. ഇപ്രാവശ്യം കുറച്ചു കൂടുതൽ തുക വാങ്ങിക്കണം. പി.എഫിൽ നിന്നും എടുക്കാറാകുമ്പോൾ തിരിച്ചു കൊടുക്കാം. കട്ടിലിന്റ ഓരത്തായി കിടന്നു. എപ്പോഴൊ ഗാഢനിദ്ര യിലായി.

രാവിലെ സുമം വന്നു വിളിച്ചപ്പോഴാണ് നേരം ഏറെയായി എന്നു മനസ്സിലായത്. വേഗം എഴുന്നേറ്റു ചായ വാങ്ങി കുടിക്കുമ്പോൾ ഞാൻ സുമത്തിനെ തന്നെ നോക്കിയിരുന്നു. "ചായയുമായി വന്നപ്പോഴും രാഘവേട്ടൻ ഉറക്കത്തിലായിരുന്നു. വിളിക്കേണ്ട എന്നു കരുതി ഞാൻ അമ്പലത്തിൽപോയി. വരുംവഴി ശിവദാസിന്റ ഭാര്യയെ കണ്ടു. നമ്മളും ഓണക്കാലത്ത് യാത്രക്കു വരുന്നതായി പറഞ്ഞപ്പോൾ അവൾക്കത്ര വിശ്വാസം വരുന്നില്ല. എങ്കിലും നമ്മളും കൂടി ഉണ്ടെന്നു കേട്ടപ്പോൾ അവൾക്കു വലിയ സന്തോഷമായി."

സുമം കൂടുതൽ പറയും മുൻപെ ഞാൻ എഴുന്നേറ്റു. സുമം പറയുന്നതിനൊന്നിനും എനിക്കു മറുത്തുപറയാൻ കഴിയാറില്ലെന്നു മനസ്സിലോർത്തു. അവൾ കൂടുതൽ ഉത്സാഹവതിയായതായി എനിക്കു തോന്നി. പലചരക്കു കടക്കാരനു കാശു തീർത്തു കൊടുക്കണം, ഇപ്രാവശ്യം ഓണത്തിന് എന്തായാലും യാത്ര പോകണം, മനസ്സിൽ അക്കാര്യം ഉറപ്പിച്ചു.

കുളിക്കാൻ കുളിമുറിയിൽ കയറുംമുൻപെ ബ്രഷ് എടുത്തു. യാത്ര പോകുന്നകാര്യം സുമം കുട്ടികളോടു പറയുന്നുണ്ടായിരുന്നു. കുട്ടികൾ അച്ഛാ എന്നു വിളിച്ചു. അവർക്ക് യാത്ര പോകുന്ന കാര്യം ഒന്നുറപ്പിച്ചു കേൾക്കണം. തിരിഞ്ഞു നോക്കാതെ ബ്രഷുമായി കുളിമുറിയിൽ കയറി കതകടച്ചു. അപ്പോഴാണ് ബ്രഷിൽ പേസ്റ്റ് തേച്ചിട്ടില്ലെന്ന കാര്യം മനസ്സിലായത്. പേസ്റ്റ് ഇല്ലാതെ ബ്രഷ് കൊണ്ട് പല്ലു തേക്കുമ്പോഴും മനസ്സിൽ ഒരു വട്ടം കൂടി ഉറപ്പിച്ചു. ഇപ്രാവശ്യം ശമ്പളം കിട്ടിയാലുടയെ പതിവു കൂട്ടുകെട്ടില്ലാതെ പോരണം. പലചരക്കു കടക്കാരനു കൊടുക്കാനുള്ളത് കൊടുക്കണം. അയാളുടെ ക്ഷമ കെട്ടിരിക്കുന്നു. ഒരിക്കലും അയാളുടെ തുക താൻ തീർത്തു കൊടുത്തിട്ടില്ല. അതിലയാൾ എന്നും പരിഭവം പറയാറുള്ളതാണ്. യാത്രക്കുള്ള തുക ശിവദാസിനോടു കടം ചോദിക്കണം. ഇന്നുതന്നെ സീറ്റു ബുക്കു ചെയ്യണം.

കുളി കഴിഞ്ഞു പുറത്തിറങ്ങുമ്പോൾ മേശയിൽ ആവി പറക്കുന്ന പലഹാരവും ചായയുമുണ്ടായിരുന്നു. കുട്ടികൾ ഓടി അടുത്തെത്തി. ഞാൻ അവർക്കായി ഭക്ഷണം വിളമ്പി വച്ചു. കുട്ടികൾ ഭക്ഷണം കഴിക്കാൻ കൂട്ടാക്കിയില്ല. യാത്ര പോകുന്ന കാര്യം ഉറപ്പിച്ചു പറഞ്ഞ് കുട്ടികളോടൊത്തു ഭക്ഷണം കഴിക്കുമ്പോൾ എന്റെ മനസ് ശമ്പളം വാങ്ങുന്ന തിരക്കിലായിരുന്നു.

വാതിൽക്കൽ പതുങ്ങിനിന്നു സുമം എല്ലാം കേൾക്കുന്നുണ്ടായിരുന്നു. എനിക്ക് കൊണ്ടുപോകാനുള്ള ചോറുപാത്രം ബാഗിലാക്കുമ്പോൾ അവൾ കുട്ടികളോടായി പറഞ്ഞു. "ഞാൻ പറഞ്ഞപ്പോൾ വിശ്വാസമായില്ല. കഴിഞ്ഞ യൂണിറ്റു ടെസ്റ്റിനു ഫസ്റ്റ് ആയതുകൊണ്ടാണ് അച്ഛൻ കൊണ്ടുപോകാമെന്നു സമ്മതിച്ചത്. ഇപ്രാവശ്യം ഓണപരീക്ഷക്കും ഫസ്റ്റ് തന്നെയാകണം."

സുമം അതു പറയുമ്പോൾ ശരിക്കും ഞാൻ അമ്പരന്നിരിക്കുകയായിരുന്നു. കുട്ടികളുടെ പഠനകാര്യത്തിൽ ഞാൻ ശ്രദ്ധിക്കാറില്ലെന്നത് എന്നിൽ

കുറ്റബോധം വളർത്തി. കുട്ടികൾ ക്ലാസ്സിൽ ഫസ്റ്റ് ആണെന്ന കാര്യം എനിക്കു പുതിയ അറിവായിരുന്നു. ഞാൻ മനസ്സിൽ ഒരിക്കൽകൂടി കുറിച്ചിട്ടു. ഇപ്രാവശ്യം എന്തായാലും യാത്രപോകണം.

ഭക്ഷണം കഴിച്ചു പോകാൻ റെഡിയായി വാതിൽക്കൽ വന്നുനിന്നു. സുമം എന്റെ നേരെ ചോറുപാത്രമടങ്ങുന്ന ബാഗു നീട്ടി. ഞാൻ അവളുടെ മുഖത്തു നോക്കി. കണ്ണുകളിൽ കണ്ണുനീർ ഇറ്റിറ്റു നിൽപ്പുണ്ടായിരുന്നു. എന്തുപറ്റി എന്നു ചോദിച്ചില്ല. അവൾ പറഞ്ഞു, “ഇന്നു ശമ്പളദിവസമാണ് നമ്മുടെ കുട്ടികളെ ഓർത്തു കുടിക്കാതെ വരണം.” അവളുടെ ദയനീയമായ നോട്ടം എനിക്കു വല്ലായ്മ തോന്നി.

ഓഫീസിൽ വന്ന് ഒപ്പിടുമ്പോഴും ശമ്പളം കിട്ടുന്നതിനെപ്പറ്റിയായിരുന്നു എന്റെ ചിന്ത. ജോലിയിൽ തീരെ ശ്രദ്ധിക്കുവാൻ പറ്റുന്നുണ്ടായിരുന്നില്ല. സുമത്തിന്റെ കണ്ണുനീർ വേട്ടയാടുന്നതായി എനിക്കു തോന്നി. ശമ്പളം വാങ്ങി വീട്ടിലേക്കു പോകാമെന്നു വിചാരിച്ചു. കൗണ്ടറിൽ എത്തി രജിസ്ട്രറിൽ ഒപ്പിടാൻ എനിക്കായില്ല. എന്റെ കണ്ണുകളെ എനിക്കു വിശ്വസിക്കുവാൻ കഴിഞ്ഞില്ല. എന്റെ ശമ്പളം മൂന്നക്കത്തിൽ ഒതുങ്ങിയിരുന്നു. കാര്യം തിരക്കിയ എനിക്കു കോപവും സങ്കടവും തോന്നി. കഴിഞ്ഞ പ്രാവശ്യം ശിവദാസനിൽ നിന്നും കാശു വാങ്ങുമ്പോൾ ശിവദാസൻ ഒരു സുഹൃത്തിനെ പരിചയപ്പെടുത്തിയിരുന്നു. അയാളുടെ സുഹൃത്തിനു ജാമ്യം നിന്നിരുന്നു. ഇപ്രാവശ്യം കുടിശിഖ തന്റെ ശമ്പളത്തിൽനിന്നും പിടിച്ചിരിക്കുന്നു.

രാവേറെ വൈകിയാണ് ഞാൻ വീട്ടിൽ തിരിച്ചെത്തിയത്. മദ്യം മണക്കുന്നുണ്ടായിരുന്നു. സുമത്തിനേയും കുട്ടികളെയും ശ്രദ്ധിക്കാതെ കട്ടിലിൽ കയറിക്കിടന്നു. ഉറക്കം എന്നെ ഗാഢമായി അനുഗ്രഹിച്ചു.

# മരിക്കാത്ത ഓർമകളുമായി

ടാക്സിക്കാറിന്റെ ചില്ലു താഴ്ത്തി, പ്രകൃതി സൗന്ദര്യം ആവോളം ആസ്വദിച്ച് ഓർമ്മയിൽ തന്റെ കുട്ടിക്കാലം നന്നായി ആസ്വദിക്കുകയായിരുന്നു ശിവൻകുട്ടി. ടാക്സി വീടിനടുത്തെത്തിയത് എപ്പോഴാണ് എന്ന് ശിവൻകുട്ടിക്കു നിശ്ചയമില്ലായിരുന്നു. വണ്ടിയുടെ സടകട ശബ്ദം നിലച്ചപ്പോൾ അതുവഴി കടന്നുപോയ ഈറനണിഞ്ഞ സ്ത്രീയോടു ശിവൻകുട്ടി ഏൽപ്പിച്ച അഡ്രസ്സ് നോക്കി ഡ്രൈവർ ഗായത്രിദേവിയുടെ വീടു തിരക്കി. ഭാഗ്യം ഗായത്രി ദേവിയുടെ വീട്ടിലേക്ക് അധികം പോകാനുണ്ടായിരുന്നില്ല.

ഗായത്രിദേവി ശിവൻകുട്ടിയുടെ അമ്മയാണ്. ശിവൻകുട്ടിക്ക് ഏകാശ്രയമായിരുന്നു ഗായത്രിദേവീ. പോയകാല ദുഃഖത്തിന്റെ സാന്ത്വനമായി എന്നും ശിവൻകുട്ടിയുടെ മനസ്സിൽ മങ്ങാതെ ആ അമ്മയുടെ ചിത്രമുണ്ട്. നനുത്ത നറുനിലാവുപോലെയായിരുന്നു ഗായത്രിദേവിയുടെ സ്നേഹം. ഗായത്രിദേവി ഇല്ലത്തുനിന്നും വാല്ല്യക്കാരൻ ചെക്കനോടൊത്ത് ഒളിച്ചോടുകയായിരുന്നു. സമ്പന്ന ഇല്ലത്തു ജനിച്ച ഗായത്രിദേവിയെയാണ് ശിവൻകുട്ടി ദാരിദ്ര്യത്തിന്റെ പടിവാതിൽക്കൽ ഇട്ടിട്ടുപോയത്. ശിവൻകുട്ടിക്കു മാപ്പു ചോദിക്കണം. സാഹചര്യങ്ങൾ നമ്മളെ അകറ്റി നിർത്തുകയായിരുന്നു. മാപ്പ്.....

ഗായത്രിദേവി ഇല്ലം വിട്ടപ്പോൾ തന്നെ അവളെ ഇല്ലത്തുനിന്നും പുറത്താക്കി. ശിവൻകുട്ടിയുടെ അച്ഛൻ വളരെ പാടുപെട്ടു പണിചെയ്തു. എന്നിട്ടും ദുഃഖങ്ങൾ പെരുകുകയായിരുന്നു. ഗായത്രിദേവി ഒന്നും മിണ്ടാറില്ലായിരുന്നു. എല്ലാം കരച്ചിലിലൊതുക്കി. ശിവൻകുട്ടി ഈ കഷ്ടതകൾക്കു നടുവിലാണ് ജനിച്ചത്.

ഗായത്രിദേവിക്ക് ശക്തി ക്ഷയിക്കുകയാണ്. എങ്കിലും സൗന്ദര്യത്തിനു കുറവൊന്നും പറ്റിയില്ല. സൗന്ദര്യം കൂടി വരികയായിരുന്നു. അക്ഷരലോകത്ത് അറിവിന്റെ വെളിച്ചമായിരുന്നു ഗായത്രിദേവി. ശിവൻകുട്ടി വളരുകയായിരുന്നു. അവന്റെ ബുദ്ധിയിലും കഴിവിലും ഗായത്രിദേവിക്ക് വിശ്വാസം ഏറിവന്നു. ഒരുനാൾ ഇടിത്തീപോലെയാണ് ഗായത്രിദേവി ആ വാർത്ത കേട്ടത്. പാറമടയിലെ പണിക്കിടയിൽ ശിവൻകുട്ടിയുടെ അച്ഛൻ മരിച്ചിരിക്കുന്നു. ഗായത്രിദേവി എത്രനേരം ശിവൻകുട്ടിയെ കെട്ടിപിടിച്ചു കരഞ്ഞു

എന്നറിയില്ല. അന്ധകാരം ശിവൻകുട്ടിക്കുചുറ്റും വലയം പ്രാപിക്കുകയായിരുന്നു. ഒട്ടിയ വയറും ഒഴിഞ്ഞ മടിശീലയും ശിവൻകുട്ടിക്കു കൂട്ടുകാരായി കിട്ടി.

മഴ ഏറുകയായിരുന്നു. മലയടിവാരത്തിന്റെ താഴ്‌വരയിൽ വെള്ളപൊക്കം ആരംഭിക്കുകയായി. നനഞ്ഞ കാറ്റുവീശി പഴകിയ വാതിൽനീക്കി പാറമട മുതലാളി വരുമ്പോഴും ശിവൻകുട്ടിക്കു മറ്റൊന്നുമറിയില്ലായിരുന്നു. ശിവൻകുട്ടിക്കു ഗായത്രിദേവി അമ്മയാണ്, സ്നേഹത്തിന്റെ സാന്ത്വനവും, അറിവിന്റെ ശക്തിയുമാണ്. പതിയെ വീട്ടിലെ കാര്യങ്ങൾക്കു മാറ്റം വന്നുതുടങ്ങി. ശിവൻകുട്ടി പഠനം പുനരാരംഭിച്ചു. ഗായത്രിദേവി കൂടുതൽ സുന്ദരിയായി.

അവിടെയിവിടെ നിന്നും ചില അപസ്വരങ്ങൾ ശിവൻകുട്ടി കേൾക്കുന്നുണ്ട്. ശിവൻകുട്ടി തനിച്ചിരുന്നു തേങ്ങി. എന്തൊ ഒരവ്യക്തത അവന്റെ മനസ്സിൽ മുളയിട്ടു. അതുവളർന്നു, അവനോടൊപ്പം.

ഒരുനാൾ ശിവൻകുട്ടി കാത്തിരുന്നു. ഇരുട്ടിന്റെ മറവിൽ അതിന്റെ ശക്തിയിൽ അവൻ ആയുധങ്ങൾക്കു കൂടുതൽ മിഴിവു നൽകി. ഒരിക്കലും ഉണങ്ങാത്ത മുറിപ്പാടു നൽകി ശിവൻകുട്ടി തരിച്ചുനിന്നു. പാറമട മുതലാളി മരിച്ചിരിക്കുന്നു എന്നു ശിവൻകുട്ടി കരുതി. രക്തദാഹിയുടെ രൂപമായിരുന്നു ശിവൻകുട്ടിക്ക് അപ്പോൾ. എന്നും നമിക്കുന്ന അച്ഛന്റെ അസ്ഥിത്തറക്കരുകിൽ പാറമട മുതലാളിയുടെ കിടപ്പ് അവൻ കണ്ടതാണ്. പിന്നെ ശിവൻകുട്ടി നിന്നില്ല. ഓട്ടമായിരുന്നു ഓട്ടം. പാറകളും അരുവികളും മുൾപടർപ്പുകളും അവനു വൈതരണികളായിരുന്നില്ല. ശിവൻകുട്ടി എത്തിപ്പെട്ടത് വലിയൊരു എസ്റ്റേറ്റിലാണ്. അങ്ങനെയാണ് ശിവൻകുട്ടി എസ്റ്റേറ്റു ജോലിക്കാരനായത്. എങ്കിലും അവന്റെ മനസ്സിൽ ഒരു ചിത്രമുണ്ടായിരുന്നു. അത് ഗായത്രിദേവിയുടേതായിരുന്നു. ശിവൻകുട്ടിക്ക് അപ്പോഴും ഗായത്രിദേവി സ്നേഹത്തിന്റെ രൂപമായിരുന്നു. എന്റെ അമ്മ, ഗായത്രിദേവി. ആ ദേവിയുടെ അടുത്തേക്കാണ് നാളുകൾക്കു ശേഷം തിരിക്കുന്നത്.

ഏറെ കടന്നുപോയ വസന്തങ്ങൾ അവന്റെ ഓർമ്മയിലുണ്ട്. നനുത്ത ഒരു ഭയം അവനിൽ ഒളിച്ചിരുന്നു. എങ്കിലും അവൻ തിരക്കിയിരുന്നു. അവന്റെ അമ്മ ഇല്ലത്ത് നിന്നു കിട്ടിയ ഓഹരികളുമായി കഴിയുകയാണെന്നും, ചില്ലറ ജോലിക്കു പോകുന്നുണ്ടെന്നും. ശിവൻകുട്ടിക്കു വരാതിരിക്കാൻ കഴിയുമായിരുന്നില്ല. അമ്മേ എന്ന തേങ്ങൽ ശിവൻകുട്ടിയുടെ മനസ്സിൽ പതഞ്ഞു പൊങ്ങുകയായിരുന്നു. സർ, വണ്ടിയെത്തി എന്ന് ഡ്രൈവർ പറഞ്ഞപ്പോഴാണ് ശിവൻകുട്ടിക്കു സ്ഥലകാലബോധം വന്നത്. ശിവൻകുട്ടി ശ്രദ്ധിച്ചുനോക്കി. തന്റെ ഓർമ്മയിലെ കുടിലും പാറക്കെട്ടുകളും അവിടെയില്ലായിരുന്നു. ഒരവിശ്വാസിയെപ്പോലെ ശിവൻകുട്ടി തിരക്കി, ഗായത്രിദേവി..............?

വലിയ കൊട്ടാരസമാനമായ വീടിന്റെ തറയിൽ കാൽവച്ച് കോളിങ്ബെൽ അമർത്തുമ്പോഴും ശിവൻകുട്ടിക്ക് ഉറപ്പായിരുന്നു ഇതു താൻ തിരക്കുന്ന ഗായത്രിദേവിയുടെ വീടല്ല എന്ന്. തണുത്ത കാറ്റു വീശുന്നുണ്ടായിരുന്നു. അവിശ്വസിച്ചു, മടിയോടെ എന്തൊ ചോദിക്കാൻ ശിവൻകുട്ടി തലയുയർത്തി.

വാക്കുകൾക്ക് മരവിപ്പ് അനുഭവപ്പെടുന്നുണ്ടായിരുന്നു. ശിവൻകുട്ടി അറിയാതെ 'ഓ' എന്ന ശബ്ദം പുറത്തേക്കു വന്നു. പിളർത്തിയ വായ് അടക്കാൻ ശ്രമിക്കാതെ പിന്നാമ്പുറം പരതുകയായിരുന്നു. കട്ടിമീശയുള്ള പാറമട മുതലാളിക്കു പിന്നിൽ ആ രൂപം അവൻ തിരിച്ചറിഞ്ഞു. അവർ കൂടുതൽ സുന്ദരിയായിരിക്കുന്നു. ശിവൻകുട്ടിയുടെ ഓർമ്മയിലെ സ്നേഹത്തിന്റെ രൂപം, അറിവിന്റെ ശക്തി....... ഗായത്രിദേവി, തന്റെ അമ്മ.

## യാത്ര

അലാറമടിക്കുന്ന ശബ്ദം കേട്ട് പുതപ്പ് വകഞ്ഞുമാറ്റി അനു അലാറത്തിന്റെ ബട്ടണമർത്തി. ഉറക്കത്തിന്റെ ആലസ്യത്തിനിടയിലും ഓഫീസിലേക്കുള്ള യാത്രയുടെ ഓർമ്മ അനു ഒരു തണുത്ത ഞെട്ടലോടെ തിരിച്ചറിഞ്ഞു. വല്ലാതെ തണുക്കുന്നു. വയ്യ, ഇന്നിനി ഉറക്കം മതിയാക്കുക തന്നെ.

പതിവിനു വിപരീതമായി കട്ടിലിന്റെ വശങ്ങൾ ശൂന്യമായി കണ്ടതും അപ്പുറത്തു നിന്നും സിഗരറ്റിന്റെ ഗന്ധം വന്നു നിറഞ്ഞു. ജനലിലൂടെ പുറത്തേക്കു നോക്കിയ അനു, ഇന്നലെ പെയ്ത മഴത്തുള്ളികൾ ഇപ്പോഴും ഇറ്റിറ്റു വീഴുന്നത് അൽപനേരം നോക്കിനിന്നു.

രാഷ്ട്രീയ തിരക്കൊഴിഞ്ഞ് വൈകിയ സമയത്തെപ്പോഴൊ സമ്മാനിച്ച ചുവന്ന പാടുകൾ സാരികൊണ്ട് മറയ്ക്കാൻ ശ്രമിച്ച്, ഭർത്താവിനു നേരെ കണ്ണോടിച്ച്, അനു അടുക്കളയിലേക്ക് കുതിച്ചു. അടുക്കളയിലേക്കു പോകും വഴി അജിത്തിനേയും സിനിമോളേയും കുലുക്കി വിളിച്ച് ഭർത്താവ് കേൾക്കാനെന്നോണം ഉറക്കെ പറഞ്ഞു;

"അച്ഛൻ വരുന്നുണ്ട്, വിളിച്ചുണർത്തിക്കോളും."

ചായ വയ്ക്കണം, പാൽക്കാരൻ പാൽകൊണ്ടുവരുമ്പോൾ പാൽ തിളപ്പിച്ചു കുട്ടികൾക്കു കൊടുക്കണം. തലേന്നാളത്തെ പാത്രക്കൂട്ടങ്ങൾക്കിടയിൽ നിന്നും ചായപ്പാത്രം തിരഞ്ഞെടുക്കുമ്പോൾ പാത്രങ്ങൾ തമ്മിൽ കലപില കൂട്ടി ശബ്ദമുണ്ടാക്കി. ചായപാത്രം കഴുകി എടുത്ത് വെള്ളം നീട്ടിവച്ച് ഗ്യാസ് ഓൺ ചെയ്തു.

കുട്ടികൾ വരുംമുൻപ് പല്ലുതേപ്പ് കഴിയാറുള്ളതാണെന്ന് അനു മനസിലോർത്തു. ഇന്നു വൈകിയിരിക്കുന്നു. ബ്രഷ് കയ്യിലെടുത്ത് പേസ്റ്റ് അതിൽ തേയ്ക്കുമ്പോൾ ചായപ്പൊടി കഴിഞ്ഞ കാര്യം മനസ്സിലോർത്തു. ചായപ്പൊടിപ്പാത്രം കയ്യിലെടുത്ത് തുറന്നു നോക്കി. ഭാഗ്യം ഒരു ചായക്ക് ആവശ്യമായത് അതിലുണ്ട്. നീട്ടിയ പാത്രത്തിൽ നിന്നും പകുതി വെള്ളം വാഷ്ബേസിനിലേക്ക് ഒഴിക്കുമ്പോഴും ഭർത്താവിനുള്ള ചായക്ക് ചായപ്പൊടി ഉണ്ട് എന്നതിൽ അനുവിനു സന്തോഷം തോന്നി.

ചായ തയ്യാറാക്കി ഗ്ലാസ്സ് കസ്സേരക്കരുകിൽ ഭർത്താവിനടുത്തു വച്ചു തിരിച്ചു

പോന്നു. തിരിച്ചു പോരുംവഴി പത്രത്താളുകളിൽ കുരുങ്ങിക്കിടക്കുന്ന ഭർത്താവിന്റെ മുഖത്തേക്കു നോക്കിയതും അദ്ദേഹം എന്തൊ പറയാൻ തുനിയുന്നതും ഒന്നിച്ചായിരുന്നു. അനു കേട്ടുനിൽക്കാൻ കൂട്ടാക്കിയില്ല. ഭൂമികുലുക്കം കൊണ്ടു നഷ്ടപ്പെട്ട കണക്കുകളെപ്പറ്റിയായിരിക്കാം. അതു മല്ലെങ്കിൽ യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികളുടെ സമരത്തെപറ്റിയാ യിരിക്കാം.

തിരിച്ചു പോരുംവഴി കുട്ടികളുടെ ഉറക്കം നോക്കി അൽപനേരം നിന്നു. അവരെ തട്ടിയുണർത്തിയിട്ടാണ് ഇപ്രാവശ്യം അനു അടുക്കളയിലേക്ക് പോന്നത്. അകത്തു കയറും മുൻപ് മുഖം കഴുകിയിട്ടില്ലെന്ന് മനസ്സിലോർത്തു. മുഖം കഴുകി അൽപം വെള്ളം കൈവെള്ളയിലെടുത്ത് കുട്ടികളുടെ മുറിയിൽ കയറി. കുട്ടികൾ ഉണർന്നിരുന്ന് എന്തൊ കാര്യം പറഞ്ഞു വഴക്കടിക്കാൻ തുടങ്ങിയിരിക്കുന്നു. പത്രത്തിൽ കണ്ട എന്തൊ തമാശ വായിച്ചിട്ടാകണം ഭർത്താവിന്റെ ചിരി അപ്പുറത്തു നിന്നും കേൾക്കാൻ കഴിഞ്ഞു. കുട്ടികളുടെ ബ്രഷ് എടുത്ത് അതിൽ പേസ്റ്റ് തേക്കുമ്പോഴും അനു ഹോംവർക്കു വല്ലതും ചെയ്യാനുണ്ടൊ എന്നു തിരക്കി. മറുപടി കിട്ടും മുൻപെ ബ്രഷ് കുട്ടികളുടെ കയ്യിൽ വച്ചു കൊടുത്തു തിരിച്ചു പോന്ന് ഭക്ഷണത്തിനുള്ള ഒരുക്കം തുടങ്ങി. ഫ്രിഡ്ജ് തുറന്ന് തലേന്നാൾ നാരായണി വച്ച കറികളെല്ലാം ഫ്രിഡ്ജിൽ ഇരുപ്പുണ്ടൊ എന്നു ഉറപ്പു വരുത്തി.

പുറത്ത് വാതിൽ മുട്ടുന്ന ശബ്ദം കേട്ടു, പാൽക്കാരനായിരിക്കും. അനു വാതിൽ തുറന്നുനോക്കിയതും നിറയെ യാത്രക്കാരുമായി ഒരു ബസ്സ് കടന്നു പോയി. മുറ്റമടി കഴിഞ്ഞു നാരായണി എത്തിയിരുന്നു. കയ്യിൽ പാൽക്കാര നിൽ നിന്നും വാങ്ങിയ പാൽപാത്രവുമുണ്ടായിരുന്നു. മുറ്റമടികഴിഞ്ഞാൽ നാരായണിക്കു ചായ പതിവുള്ളതാണ്. ഒരു ചെറിയ അമ്പരപ്പോടെയാണ് ചായപ്പൊടി തീർന്ന വിശേഷങ്ങൾ നാരായണിയോടു പറഞ്ഞത്.

തലേന്നാളത്തെ പാത്രങ്ങൾ കഴുകി വക്കുക നാരായണിയാണ്. ആ സമയം അനു അപ്പമൊ ദോശയൊ ഉണ്ടാക്കും. നാരായണി പാത്രങ്ങൾ എടുക്കാൻ വരുന്നതും കാത്ത് അനു അൽപസമയം നിന്നു. അനു തന്നെ പാത്രങ്ങൾ എടുത്തു പുറത്തു വച്ച് നാരായണിയെ നോക്കി. ചായ കിട്ടാത്തതിന്റെ പ്രത്യേകിച്ചുള്ള ഭാവ വ്യത്യാസങ്ങളൊന്നുമില്ല. എന്തൊ ഒരു വലിയ കടമ്പ കടന്നതു പോലെയുള്ള ആശ്വാസം അനുവിനു തോന്നി.

അനു തിരിച്ചു പോരുമ്പോഴേക്കും പാൽ തിളച്ചു ഗ്യാസിൽ വീണിരുന്നു. കെട്ടുപോയ ഗ്യാസിൽനിന്നും പാൽപാത്രം എടുത്തു മാറ്റി ദോശക്കുള്ള പാത്രം എടുത്തുവച്ചു. ഗ്ലാസ്സുകളിൽ പാലുമായി മേശക്കരുകിൽ എത്തു മ്പോൾ കഴിഞ്ഞ അവധിക്കു നാട്ടിൽ പോയപ്പോൾ കണ്ട കിളിക്കൂടിന്റെ കഥ അജിത്ത് വിവരിക്കുന്നുണ്ടായിരുന്നു. പാൽ എടുത്തു കുടിക്കാൻ കൊടുത്തു തിരിച്ചു പോരുമ്പോൾ അറിയാതെ നാട്ടിലെ ഓർമ്മകൾ അനുവിന്റെ ഓർമ്മ യിലേക്കു വന്നു. നാരായണി കൂടിയില്ലായിരുന്നുവെങ്കിൽ തന്റെ ദുരിത

മോർത്തു അനു ദോശ ഓരോന്നായി ചുട്ടെടുത്തു. മിക്സിയിൽ തയ്യാറാക്കിയ ചമ്മന്തിയുമായി തിരിഞ്ഞു നോക്കിയത് നാരായണിയെയാണ്. ആദ്യ ദോശകളിൽ ചിലത് നാരായണിക്കു പാത്രത്തിലാക്കി കൊടുത്തു.

കുട്ടികൾക്കും ഭർത്താവിനുമുള്ള ഭക്ഷണം പാത്രത്തിലാക്കി ഭർത്താവിനെ വിളിച്ചു. അച്ഛൻ അപ്പുറത്തില്ലെന്നു കുട്ടികൾ വിളിച്ചു പറയുന്നുണ്ടായിരുന്നു. കുട്ടികൾ കുളി കഴിഞ്ഞു വരുന്നതും കാത്തുനിൽക്കാതെ അനു കുളിക്കാൻ പോയി. കുട്ടികൾക്കു ഭക്ഷണം കൊടുത്തു പാത്രങ്ങൾ ബാഗിലെടുത്തു വച്ചു. സ്ക്കൂൾ ബസ്സു വരാൻ നേരമായിരിക്കുന്നു. കുട്ടികളെ ഒരുവിധം പുറത്താക്കി കതകടച്ചു. ഭാഗ്യം സ്ക്കൂൾബസ്സു വരുന്നതെയുള്ളൂ. കുട്ടികൾ ബസ്സിൽ കയറി റ്റാറ്റ പറയുമ്പോൾ അനുവിനു വല്ലാത്ത വല്ലായ്മ തോന്നി. കുട്ടികളുടെ ബസ്സു കടന്നുപോകുന്നതും നോക്കി അനു നിന്നു, തന്റെ ബസ്സു വരുന്നതും കാത്ത്. അടുത്ത യാത്രക്കുള്ള തുടക്കമെന്നോണം.

# കമ്പ്യൂട്ടർ

പകലുറക്കത്തിന്റെ ആലസ്യത്തിൽ നിന്നും ഉണർന്ന് സേതുരാമൻ ഭാര്യയെ വിളിച്ചു. സുമതി അപ്പോഴേക്കും ചായയുമായി എത്തിയിരുന്നു. സേതുരാമനു ചായ പതിവുള്ളതാണ്. രാവിലെ ഉറക്കമുണർന്നാലും പകലുറക്കമുണർന്നാലും ചായ പതിവുള്ളതാണ്. സേതുരാമൻ ദിവാസ്വപ്നത്തിലെന്നവണ്ണം സുമതിയോടു പറഞ്ഞു: "ഞാൻ ജോലിയിൽനിന്നും സ്വയം വിരമിക്കുന്നില്ല. വേണമെങ്കിൽ അവർ എന്നെ നിർബന്ധിച്ച് പിരിച്ചുവിട്ട് കൊള്ളട്ടെ. വി.ആർ.എസ് എടുത്ത് പിരിയുന്നില്ല."

സേതുരാമൻ പൊതുമേഖല സ്ഥാപനത്തിലെ ഒരു അക്കൗണ്ടന്റാണ്. തന്റെ സർവ്വീസ് കാലഘട്ടത്തിലൊരിക്കലും ജോലിയിൽ വീഴ്ചവരുത്തിയിട്ടില്ല. തന്റെ ജോലിയിൽ വിശ്വസ്ഥത പുലർത്തിയിട്ടുണ്ടുതാനും.

സേതുരാമാ എന്റെ പി.എഫിൽ എത്രയുണ്ട്. അല്ലെങ്കിൽ എന്റെ കുടിശിഖ കിട്ടിയില്ലല്ലോ എന്ന് ആരെങ്കിലും ചോദിച്ചാലും സേതുരാമന് ഉത്തരമുണ്ടായിരിക്കും. സേതുരാമൻ കമ്പനി കണക്കുകൾ വള്ളി പുള്ളി മനഃപാഠമാക്കി. ഹെഡ് ഓഫീസിൽനിന്നും ഏതെങ്കിലും അക്കൗണ്ടിലെ ബാലൻസ് ചോദിച്ചാലും സേതുരാമന് കൃത്യമായി മറുപടി പറയാൻ കഴിയും. അക്കൗണ്ടിങ്ങിലുള്ള സേതുരാമന്റെ പരിജ്ഞാനം അത്രക്കു പ്രബലമായിരുന്നു. ആ സേതുരാമനാണ് വി.ആർ.എസ് എടുത്ത് ജോലിയിൽനിന്നും സ്വയം പിരിയണമൊ വേണ്ടയൊ എന്നു സംശയിച്ചു നിൽക്കുന്നത്.

കമ്പനിയിൽ പുതിയതായി കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കുന്നു എന്നു കേട്ടതുമുതൽ സേതുരാമനു ഭയപ്പാടു കയറിയതാണ്. ഇനി ഏറിയാൽ മൂന്നു വർഷം കൂടി; അതിനുശേഷം എല്ലാവരേയുംപോലെ താനും പിരിയേണ്ടതാണ് എന്ന് സേതുരാമനറിയാം. എന്നിട്ടും കമ്പ്യൂട്ടറൈസേഷൻ എന്നു കേട്ടതുമുതൽ ഉള്ളിൽ ഒരാശങ്ക, താൻ ജോലിക്ക് യോഗ്യനല്ല എന്ന തോന്നൽ സേതുരാമനിൽ വേരോടി.

കമ്പനിയിൽ കമ്പ്യൂട്ടർ സ്ഥാപിക്കാൻ ആളുവന്ന ദിവസം സേതുരാമന് അന്ന് പതിവില്ലാത്ത പിരിമുറുക്കം അനുഭവപ്പെട്ടു. കൂടെയുള്ള തോമാസിനെ വിളിച്ച് കുപ്പിയിലെ വെള്ളമെടുപ്പിച്ചു. മതിവരുവോളം വെള്ളം കുടിച്ചു.

സേതുരാമൻ വല്ലാതെ വിയർക്കുന്നുണ്ടായിരുന്നു. തോമാസ്സുകുട്ടി ചോദിച്ചു:

"സേതുരാമ നമുക്ക് ആശുപത്രിയിൽ.... ഒരു ചെക്കപ്പ് നടത്തിയാലൊ?"

സേതുരാമൻ ആശുപത്രിയിൽ പോകണമെന്നൊ വേണ്ട എന്നൊ മറുപടി പറഞ്ഞില്ല. സേതുരാമൻ ആശുപത്രിയിൽ പോകാൻ തയ്യാറുമായിരുന്നില്ല. മുഴുവനാക്കാതെ സേതുരാമൻ ചോദിച്ചു : "കമ്പ്യൂട്ടർ...?"

മറുപടി എന്നോണം തോമാസ്സുകുട്ടി പറഞ്ഞു: "അവർ പോയിട്ടില്ല. അസുഖമില്ലെങ്കിൽ വരൂ നമുക്കു കമ്പ്യൂട്ടർ പരിശോധിക്കാം." തോമാസ്സുകുട്ടി ക്ഷണിച്ചു.

തോമാസ്സുകുട്ടിയോടൊത്ത് സേതുരാമൻ കമ്പ്യൂട്ടറിനടുത്തേക്കു മാറിയിരുന്നു. തോമാസ്സുകുട്ടി കമ്പ്യൂട്ടറിൽ എന്താണ് ചെയ്യുന്നതെന്ന് സേതുരാമന് മനസ്സിലായില്ല. അയാൾ കോളങ്ങൾ വരക്കുന്നതും അക്കങ്ങൾ ചേർക്കുന്നതും നോക്കി സേതുരാമനിരുന്നു.

"തോമാസ്സുകുട്ടി നിനക്കീ സൂത്രം അറിയുമൊ....."

സേതുരാമൻ മടിച്ചു മടിച്ചു ചോദിച്ചു.

തോമാസ്സുകുട്ടി ചിരിച്ചു. എന്നിട്ടു പറഞ്ഞു: "ഓ, ഇതത്ര കാര്യമൊന്നുമല്ല കമ്പനി ഒരാഴ്ചത്തെ ട്രെയിനിംഗ് തരുന്നുണ്ടല്ലൊ. അതു ധാരാളം."

കമ്പനി ട്രെയിനിംഗ് കൊടുക്കാൻ തീരുമാനിച്ചപ്പോൾ സേതുരാമൻ വേണ്ട എന്നു തീരുമാനിക്കുകയായിരുന്നു. ഏറിയാൽ മൂന്നുവർഷം. അതു കഴിയും വരെ എങ്ങനെയെങ്കിലും പിടിച്ചു നിൽക്കണം. കമ്പ്യൂട്ടർ പോലെ പുതിയതായി ഒന്നു പഠിക്കുക എന്നതു സേതുരാമൻ മനഃപൂർവ്വം വേണ്ടെന്നു വക്കുകയായിരുന്നു.

"തോമാസ്സുകുട്ടി ഞാനൊന്ന്....."

സേതുരാമൻ തന്റെ ആഗ്രഹം പ്രകടിപ്പിച്ചു. തോമാസ്സുകുട്ടി മാറിനിന്നു. സേതുരാമൻ സീറ്റിനു മുൻപിൽ നിലയുറപ്പിച്ചു. തോമാസ്സുകുട്ടി പറയും പോലെ ഓരോന്നു ക്ലിക്കു ചെയ്യുമ്പോൾ കമ്പ്യൂട്ടറിലുള്ള മാറ്റം സേതുരാമൻ പ്രത്യേകം ശ്രദ്ധിച്ചു. കമ്പ്യൂട്ടറിൽ കമ്പനിയുടെ പേരുൾപ്പടെ അക്കൗണ്ട് പുസ്തകത്തിലെന്നപോലെ തെളിഞ്ഞു വരുന്നതു സേതുരാമൻ അമ്പരപ്പോടെ നോക്കി നിന്നു. പോകുംവഴി കമ്പ്യൂട്ടർ പഠനം നടത്താൻ സേതുരാമൻ തീരുമാനിച്ചു.

"ഏറിയാൽ മൂന്നു വർഷം. അതിനുശേഷം പിരിയേണ്ടതാണ്. കമ്പനി അക്കൗണ്ട്സുകൾ കമ്പ്യൂട്ടറിലാക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. ഇനി ഞാൻ കമ്പ്യൂട്ടർ പഠിക്കണം പോലും" സുമതി കേൾക്കാനെന്നോണം പറഞ്ഞതാണ്. എങ്കിലും മനസ്സിൽ കമ്പ്യൂട്ടർ പഠിക്കണമെന്നു തന്നെ സേതുരാമൻ തീരുമാനിച്ചു. കമ്പനി കമ്പ്യൂട്ടർ പഠനത്തിനാവശ്യമായ സഹായങ്ങൾ ചെയ്തു കൊടുത്തു. സേതുരാമന് വല്ലാത്ത ഉത്സാഹം തോന്നി."

സേതുരാമൻ ഓഫീസിൽ കയറി സീറ്റിലിരുന്നതെയുള്ളു. കമ്പ്യൂട്ടറിനു മുൻപിൽ തോമാസ്സുകുട്ടിയിരുപ്പുണ്ടായിരുന്നു. തോമാസ്സുകുട്ടി വിളിച്ചു

പറഞ്ഞു: "കമ്പനി വി.ആർ.എസ്സ്. പ്രഖ്യാപിച്ചിട്ടുണ്ട്. പിരിഞ്ഞു പോകുന്ന വർക്ക് തെറ്റില്ലാത്ത തുകയും വാഗ്ദാനം ചെയ്തിട്ടുണ്ട്." എന്നിട്ടു തോമാസ്സു കുട്ടി ശബ്ദം താഴ്ത്തി പറഞ്ഞു: "പിരിഞ്ഞ് പോയിട്ട് മറ്റെന്തു ചെയ്യാനാ."

സേതുരാമന് അത് ഒരു പുതിയ ആശയമായിരുന്നു. സേതുരാമൻ എഴുന്നേറ്റു തോമാസ്സുകുട്ടിയുടെ അടുത്തേക്കു ചെന്നു. കമ്പ്യൂട്ടറിൽനിന്ന് ഒരു കോപ്പി എടുത്ത് നീട്ടിക്കൊണ്ട് തോമാസ്സുകുട്ടി പറഞ്ഞു: "മൂന്നിലൊന്നു പേരെക്കുറക്കാനാണ് ശ്രമം."

സേതുരാമൻ വലിയ ചിന്തയിലായിരുന്നു. മനസ്സിൽ കണക്കുകൾ കൂട്ടുകയും കുറക്കുകയും ചെയ്യുന്നുണ്ടായിരുന്നു. സുമതി അടുത്തുവന്ന് നിന്നതും സേതുരാമനറിഞ്ഞില്ല. സുമതി പറഞ്ഞു: "മോന് കമ്പ്യൂട്ടർ പഠിക്കണമെന്ന്."

സേതുരാമൻ ചിന്തയിൽ നിന്നുണർന്നു. സുമതി വീണ്ടും ആവർത്തിച്ചു. "അവന് കമ്പ്യൂട്ടർ പഠിക്കാൻ പോകണമെന്ന്."

സേതുരാമൻ പറഞ്ഞു: "പോകണം. തീർച്ചയായും പോകണം." അതു പറയുമ്പോൾ കമ്പ്യൂട്ടറിലുള്ള തന്റെ അറിവില്ലായ്മയായിരുന്നു സേതാരാമന്റെ മനസ്സിൽ.

സേതുരാമൻ ബാങ്ക് പലിശ നിരക്കുകൾ ഓരോന്നായി പരിശോധിച്ചു. സേതുരാമൻ പറഞ്ഞു: "ബാങ്ക് പലിശ വല്ലാതെ കുറഞ്ഞിരിക്കുന്നു. ഏറിയാൽ ആറായിരം. അതിൽ കൂടുതൽ കിട്ടില്ല." സുമതിക്ക് അതൊരു പുതിയ അറിവായിരുന്നു. ഇത്രയും തുക കിട്ടുമെങ്കിൽ പിരിയാൻ ഉപദേശിക്കണമെന്നുണ്ടായിരുന്നു. സുമതി മൗനം പാലിച്ചതെയുള്ളൂ. സേതുരാമന് തന്നെക്കാൾ പരിജ്ഞാനമുണ്ട്. മകളെ കെട്ടിക്കണം, മകനൊരു ജോലി അത്രയുമെ സുമതി ആഗ്രഹിച്ചിരുന്നുള്ളൂ. അത് സേതുരാമന് നന്നായിട്ടറിയാം. സുമതി ഇടക്കിടെ അത് ഓർമിപ്പിക്കാറുള്ളതുമാണ്.

കമ്പ്യൂട്ടർ പഠനം സേതുരാമൻ മുടക്കാറില്ല. കമ്പനിയിലെ കണക്കുകൾ തോമാസ്സുകുട്ടിയെ ഏൽപ്പിച്ചു. തോമാസ്സുകുട്ടി കണക്കുകൾ കമ്പ്യൂട്ടറിലാക്കി കോപ്പി എടുത്ത് കൊടുക്കും. സേതുരാമൻ മനസ്സിലോർത്തു.

"എന്തിനു പിരിയണം. പലിശ കുറഞ്ഞിരിക്കുന്നു. മാത്രമല്ല, മൂന്നുവർഷം മറ്റൊന്നും ചെയ്യുക തന്നെക്കൊണ്ടാവില്ല."

സേതുരാമൻ തന്റെ ഉറച്ച തീരുമാനം പ്രഖ്യാപിച്ചു: "താൻ സ്വയം പിരിഞ്ഞു പോകുന്നില്ല."

## ശിവൻകുട്ടിക്കൊരു ജോലി

**ശി**വൻകുട്ടിയുടെ മരണാനന്തര കർമ്മങ്ങൾ നടക്കുകയാണ്. നാട്ടിലെ പ്രധാന സഹായിയായിരുന്നു ശിവൻകുട്ടി. ഏവർക്കും എപ്പോഴും ഉപകാരി. കൊടിയ വരൾച്ചകൊണ്ടു നാടു വീർപ്പുമുട്ടുമ്പോഴും വെള്ളത്തിനായി ഉൽസുകനായത് ശിവൻകുട്ടിയായിരുന്നു.

ഗ്രാമത്തിലെ ഏറ്റവും താഴ്ന്ന പ്രദേശത്താണ് ശിവൻകുട്ടി താമസിച്ചിരുന്നത്. വീടിനോടു ചേർന്ന പ്രദേശത്ത് കിണർ കുത്തുന്ന കാര്യം ഗ്രാമപ്രമുഖർ പറഞ്ഞപ്പോൾ ശിവൻകുട്ടി എതിരൊന്നും പറഞ്ഞില്ല. കുറെ നാളുകളായി ഗ്രാമം വരൾച്ചയുടെ വക്കത്താണെന്ന് ശിവൻകുട്ടിക്കറിവുള്ളതാണ്. കഴിഞ്ഞ വറുതിയുടെ കാലത്ത് സ്ത്രീകളും കുട്ടികളുമുൾപ്പടെ അടുത്ത ഗ്രാമത്തിൽ വെള്ളത്തിനായി കാത്തുനിന്നു നിരാശരായിട്ടുള്ളതുമാണ്. ഇപ്രാവശ്യം കിണർ കുത്താനായി ഗ്രാമം കൂട്ടായി തീരുമാനിക്കുകയായിരുന്നു.

ശിവൻകുട്ടി തന്റെ ഗ്രാമത്തെക്കുറിച്ചോർത്തു. എന്തൊരു മാറ്റങ്ങളാണിവിടെ. പച്ചപുതച്ച പാടങ്ങളും കൊയ്ത്തു പാട്ടുകളും പക്ഷിക്കൂട്ടങ്ങളുടെ ആരവങ്ങളും ഇല്ലാതായി. വൻമരങ്ങൾ പിഴുതു മാറ്റിക്കൊണ്ടിരിക്കുന്നു. കൃഷി ചെയ്തിരുന്ന സ്ഥലങ്ങൾ പലതും ഇന്ന് കെട്ടിടങ്ങൾക്കായി വഴിമാറിക്കൊടുത്തു.

കിണർ കുത്തുന്ന ജോലി ശിവൻകുട്ടി താൽപര്യത്തോടെ ഏറ്റെടുത്തു. ആദ്യമാദ്യം ഗ്രാമം ഒന്നടങ്കം ശിവൻകുട്ടിക്കൊരു സഹായമായിരുന്നു. പിന്നെ സാവധാനം ആളുകളുടെ ശ്രമദാനം കുറഞ്ഞു കുറഞ്ഞു വന്നു. അവർക്കു കാരണങ്ങൾ ഒട്ടനവധിയുണ്ടായിരുന്നു. ആദ്യ ഉത്സാഹം കെട്ടടങ്ങിയെങ്കിലും ശിവൻകുട്ടി എന്തൊ തപസ്യയിലെന്നവണ്ണം തന്റെ ജോലി തുടർന്നു.

ശിവൻകുട്ടി ജോലിക്കു പോകാറില്ല. ദാരിദ്ര്യത്തിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങി. ആയിടക്കാണ് ശിവൻകുട്ടിയെത്തേടി പട്ടണത്തിൽ നിന്നും ചിലയാളുകൾ എത്തിയത്. പട്ടണത്തിലെ ആളുകൾക്ക് ശിവൻകുട്ടിയുടെ ഭൂമി വേണം. ഇവിടം അവർ കോളകമ്പനി സ്ഥാപിക്കും. ശിവൻകുട്ടിയുടെ ഭൂമിക്ക് ഏറ്റവും കൂടിയ വില ലഭിക്കും കൂടാതെ ശിവൻകുട്ടിക്ക് ജോലിയും വാഗ്ദാനം ചെയ്തു. കാര്യമറിഞ്ഞ് ആളുകൾ പരസ്പരം നോക്കി. ശിവൻ

കുട്ടിയുടെ കാലം തെളിഞ്ഞതായി അവർ കരുതി. ചിലർ രഹസ്യമായി തങ്ങളുടെ സ്ഥലം കൊടുക്കാൻ തയ്യാറായിരുന്നു.

ശിവൻകുട്ടിക്കു വല്ലാത്ത ചിരി വന്നു; ദേഷ്യവും. വർഷങ്ങളായി വേനൽക്കാലത്ത് വറുതിയുടെ ദിനങ്ങളാണ്. ജീവിക്കണമെങ്കിൽ കുടിക്കാൻ വെള്ളം വേണം. അതു കിട്ടാനില്ലാത്തപ്പോഴാണ് വെള്ളമൂറ്റുന്ന കമ്പനി വന്നിരിക്കുന്നത്. ശിവൻകുട്ടിക്ക് അക്കാര്യം ആലോചിക്കാൻ കൂടി വയ്യായിരുന്നു. പട്ടണത്തിൽ നിന്നു വന്നവർ ഗ്രാമമുഖ്യനുമായി സംസാരിച്ചു. ഇടനിലക്കാരനായി നിൽക്കാൻ ഗ്രാമമുഖ്യനു സന്തോഷമായിരുന്നു. നല്ലൊരു തുക ആ വകയിൽ നേടാമെന്ന് അയാൾ മോഹിച്ചിരിക്കണം.

പട്ടണത്തിൽ നിന്നും എത്തിയവർ ഗ്രാമമുഖ്യനെ കാര്യങ്ങൾ ചുമതലപ്പെടുത്തി. ഗ്രാമമുഖ്യൻ ചിലരോടൊത്തു വന്നു ശിവൻകുട്ടിയോടു സംസാരിച്ചു. ശിവൻകുട്ടി മറുപടിയൊന്നും പറഞ്ഞില്ല. ഏതൊ മുൻജന്മ കർമത്തിലെന്നവണ്ണം കിണർ കുഴിക്കുന്ന പണി തുടർന്നു. ഗ്രാമമുഖ്യനും കൂട്ടരും ശിവൻകുട്ടിയെ ഒറ്റപ്പെടുത്തി. ഗ്രാമത്തിന്റെ വികസനത്തെ ശിവൻകുട്ടി തടസ്സപ്പെടുത്തുകയാണെന്ന് പറഞ്ഞു. സംഗതി കാട്ടുതീ പോലെ പടർന്നു. ശിവൻകുട്ടി ഗ്രാമത്തിൽ ഒറ്റപ്പെട്ടു. ഗ്രാമമുഖ്യനും കൂട്ടരും പറഞ്ഞു പരത്തിയ കഥകൾ ഗ്രാമവാസികൾ ഏറ്റുപാടി. ആരും ശിവൻകുട്ടിയെ ഗൗനിക്കാതായി. തേടിവന്ന ഭാഗ്യദേവതയെ ആട്ടിയോടിക്കരുതെന്നു ചിലർ ഉപദേശിച്ചു.

ഗ്രാമം വറുതിയുടെ ലക്ഷണങ്ങൾ കണ്ടു തുടങ്ങി. പാടങ്ങൾ ഉണങ്ങി വരണ്ടു. മൃഗങ്ങൾ വെള്ളത്തിനായി അലമുറയിട്ടു. ഗ്രാമവാസികൾ വെള്ളം തേടി അടുത്ത പ്രദേശത്തേക്കു പോയി. വണ്ടികളിലും കാൽനടയായും വെള്ളം കൊണ്ടുവരിക പതിവായി. ശിവൻകുട്ടിയും വെള്ളംതേടി പോകും. രണ്ടുമൂന്നു ദിവസത്തേക്കുള്ള വെള്ളം കരുതും. കിണർകുഴിക്കുന്ന പണി തുടരും. ഇതു പതിവാക്കി മാറ്റിയിരുന്നു ശിവൻകുട്ടി.

ആളുകൾ ശിവൻകുട്ടിയെ കുറ്റപ്പെടുത്തി. കിണർ കുഴിക്കുന്നതു നിർത്താൻ ഉപദേശിച്ചു. ഒരു തുള്ളി വെള്ളമില്ലാത്തിടത്തു കിണർ കുത്തിയിട്ടെന്തു കാര്യമെന്ന് ഗ്രാമവാസികൾ ചോദിച്ചു. ചിലർ ശിവൻകുട്ടിയുടെ ബുദ്ധിഭ്രമത്തെപ്പറ്റി പറഞ്ഞു തുടങ്ങി. ശിവൻകുട്ടി ആളാകെ മാറിയിരുന്നു. കുറ്റപ്പെടുത്തലുകൾക്ക് ചെവികൊടുത്തില്ല. തന്റെ ജീവിതാനുഭവങ്ങളെ മുൻനിർത്തി വെള്ളം കാണുമെന്നു തന്നെ ശിവൻകുട്ടി പ്രത്യാശിച്ചു. ഭ്രാന്തമായ ഒരാവേശം ശിവൻകുട്ടിയിൽ സന്നിവേശിച്ചിരുന്നു.

ഓരോ ദിവസവും പ്രതീക്ഷയോടെയാണ് കിണർകുഴിക്കുക. വെള്ളം അടുത്തെത്തിയപോലെ. കിണറിനടിഭാഗത്ത് തണുപ്പുള്ള മണ്ണാണ് കിട്ടുക. ആരൊ വെള്ളം തടഞ്ഞു വച്ചതുപോലെ. മണ്ണു നീക്കിയപ്പോൾ തണുപ്പിന്റെ ആഴം ശിവൻകുട്ടി തിരിച്ചറിഞ്ഞു. എന്തെ ഇത്ര കനപ്പ് തോന്നിച്ചിട്ട് വെള്ളം കാണാത്തത് എന്നു സ്വയം ചോദിച്ചു.

ശിവൻകുട്ടി കരുതിവച്ചിരുന്ന വെള്ളം തീർന്നിരുന്നു. കുടിക്കാൻ വെള്ള

മില്ലാതെ ശിവൻകുട്ടി വിഷമിച്ചു. സമീപവാസികളോടു അൽപം വെള്ളത്തിനായി കേണു. അവർ ശിവൻകുട്ടിയെ നിരാശപ്പെടുത്തി. ചിലരാകട്ടെ കുത്തിയ കിണറിൽനിന്നു വെള്ളമെടുത്തു കുടിക്കാൻ ഉപദേശിച്ചു. ശിവൻകുട്ടിക്കു വല്ലാത്ത ഇച്ഛാഭംഗം തോന്നി. വെള്ളം തേടിപ്പോകാൻ തന്നെ ശിവൻകുട്ടി തീരുമാനിച്ചു.

ശിവൻകുട്ടിക്കു നടക്കാൻ തന്നെ വയ്യായിരുന്നു. അതിലേറെ അസഹ്യമായിരുന്നു കുറ്റപ്പെടുത്തലുകൾ. എങ്കിലും ഗ്രാമത്തിലെ ചിലരോടൊത്ത് വെള്ളത്തിനായി പോകാമെന്നു പറഞ്ഞുറപ്പിച്ചു. ശിവൻകുട്ടി പതിവിലും ക്ഷീണിതനായി കാണപ്പെട്ടു. യാത്ര പോകുന്നവർ ശിവൻകുട്ടിയെ തിരക്കി വന്നു. ചിലർ ശിവൻകുട്ടിയുടെ കിണറ്റിലേക്ക് നോക്കി. അങ്ങിങ്ങു ചാലു കീറി വെള്ളം ഊറി വരുന്നു. പിന്നെ ആഹ്ലാദത്തിന്റെ സമയമായിരുന്നു. എങ്ങും ആരവമായി. ആളുകൾ ഓടിക്കൂടി. കിണറിലെക്കാഴ്ച അവർക്കൊരനുഭൂതിയായിരുന്നു.

ആർപ്പുവിളികളും ആരവങ്ങളും ശിവൻകുട്ടി കേട്ടിരിക്കണം. തിരക്കിനിടയിൽ ആരൊ ശിവൻകുട്ടിയെ തിരക്കി. പിന്നാമ്പുറത്ത് ചിലമ്പിച്ച ശബ്ദത്തിൽ ശിവൻകുട്ടി വെള്ളത്തിനായി കേണു. മെല്ലിച്ചുണങ്ങിയ ശരീരം. ആൾക്കൂട്ടം ശിവൻകുട്ടിക്കു ചുറ്റും കൂടി. ആരോ ചിലർ കിണറ്റിൽനിന്നും വെള്ളം ശേഖരിച്ചു വന്നു. അപ്പോഴേക്കും ശബ്ദം നേർത്തിരിക്കുന്നു. ഗ്രാമമുഖ്യൻ ഇറ്റു വെള്ളം പകർന്നു കൊടുത്തു. അതിറക്കാൻ ശിവൻകുട്ടിക്കാവുമായിരുന്നില്ല. ശിവൻകുട്ടിയുടെ ശരീരം നിശ്ചലമായി.

# വെടിവട്ടം

**വൈ**കുന്നേരങ്ങളിൽ ആൽത്തറയിൽ വന്നിരുക്കുക പതിവാണ്. സന്തോ ഷിന്റെ വായടക്കാതുള്ള സംസാരമായിരിക്കും. പഴയകാല വീരേതിഹാസങ്ങളായിരിക്കും പ്രധാനമായും സംസാരത്തിലുടനീളം. മോഹനനും പ്രദീപുമൊക്കെ കൊഴുപ്പുകൂട്ടാൻ എന്തെങ്കിലും പറയും. സന്തോഷ് കൂടുതൽ വീറോടെ ഇതിഹാസങ്ങളുടെ കെട്ടഴിക്കും. ജ്ഞാനേശ്വർ വെറുതെ മൂളി കേൾക്കുക മാത്രമെയുള്ളൂ.

സന്തോഷും പ്രദീപും മോഹനനും ജ്ഞാനേശ്വറിനു പരിചിതരാണ്. വിവിധ പ്രദേശങ്ങളിൽനിന്നും ജോലിക്കായി ഒത്തുചേർന്ന് താമസിക്കുന്നവർ. ജോലികഴിഞ്ഞു വെടിവട്ടം പറയാൻ ഈ ആൽത്തറയിലാണ് ഒത്തുകൂടുക. സന്തോഷ് പറഞ്ഞു തുടങ്ങിയാൽ വിവിധങ്ങളായ കഥകളാണ്. ഓരോ കഥയിലും നായികമാർ മാറിമാറി വരും. ചിലർ ലജ്ജാവതികളായും മറ്റു ചിലർ വികാരത്തിനടിമപ്പെട്ടവരായും. ഒരുപാട് നായികമാരുണ്ട് സന്തോഷിന്റെ കഥകളിൽ. നായകൻ സന്തോഷും. കഥകളിലെ അവസാനം ഒരുവില്ലൻ പ്രത്യക്ഷനാകും; നായികയെത്തേടി. അല്ലെങ്കിൽ സന്തോഷ് നായികയെ ഒഴിവാക്കിയിരിക്കും. സന്തോഷിന്റെ വിവരണ വൈദഗ്ദ്ധ്യം പ്രത്യേകതകൾ നിറഞ്ഞതാണെന്ന് ജ്ഞാനേശ്വർ മനസ്സിലോർത്തു.

ആൽത്തറയിലെ കാറ്റേറ്റ് ജ്ഞാനേശ്വർ ഇരുന്നു. വെടിവട്ടം പറഞ്ഞിരുന്നവരുടെ കൂട്ടത്തിൽ സന്തോഷ് ഉണ്ടായിരുന്നതുമാണ്. ആൽത്തറക്കു സമീപം ഒരു സ്ത്രീരൂപം കണ്ടതും കൂട്ടത്തിൽ നിന്നും സന്തോഷ് മറഞ്ഞതും ഒന്നിച്ചായിരുന്നു. ജ്ഞാനേശ്വർ മിഴിച്ചിരുന്നു. തന്റെ മുൻപിൽ മറവിയുടെ ആഴങ്ങളിൽ നഷ്ടപ്പെട്ടുപോയ ഒരു മുഖം വന്നു നിൽക്കുന്നു; മായാവതി. ഒരുകാലത്ത് മായാവതിയുടെ മോഹനവലയത്തിൽ ഒരുപാടു സ്വപ്നങ്ങൾ നെയ്തിരുന്ന ആളാണ് ജ്ഞാനേശ്വർ.

ജ്ഞാനേശ്വർ കോളേജിൽ പഠിക്കുന്ന കാലം. അന്നാണ് ജ്ഞാനേശ്വർ മായാവതിയെ പരിചയപ്പെടുന്നത്. വായനയും കവിതയുമായി ജ്ഞാനേശ്വർ കാമ്പസിലെ ജീനിയസ്സ് പദവിയിലായിരുന്നു. അധികം സംസാരിക്കാത്ത ജ്ഞാനേശ്വർ വായനയുടെ ലോകത്തുനിന്നും നേടിയ കരുത്ത് വിജ്ഞാന

സദസ്സുകൾക്ക് ആസ്വാദ്യമായിരുന്നു അവിടെ മായാവതി മാറിനിന്ന് ജ്ഞാനേശ്വറിന്റെ സംവാദങ്ങൾക്ക് ചെവികൊടുത്തു. പിന്നെ പിന്നെ മായാവതി ആ സംവാദ സദസ്സുകളിലെ ഒരംഗമായി. പിന്നീടു ജ്ഞാനേശ്വറിന്റെ ഹൃദയത്തിലും.

മായാവതി ഏറെ സംസാരിക്കുന്ന പ്രകൃതമായിരുന്നു. ജ്ഞാനേശ്വർ എല്ലാം മൂളിക്കേൾക്കും. ജ്ഞാനേശ്വർ എഴുതിയ കവിതകളുടെ വരികൾ മായാവതി പാടി കേൾപ്പിക്കും. തന്റെ കവിതകൾക്ക് മായാവതി ഈണം നൽകുമ്പോൾ കൂടുതൽ ശക്തിയും ഗാംഭീര്യവും കിട്ടുന്നതായി ജ്ഞാനേശ്വറിനു തോന്നി. കവിതകളുടെ സമാഹാരം ഇറക്കുക എന്ന ആശയം മായാവതിയുടേതായിരുന്നു. കോളേജിൽ ആർട്ട്സ് ഡേയുടെ ദിവസം കവിത പ്രകാശനം ചെയ്യുമ്പോൾ തന്റെ ഹൃദയത്തിൽ അലയടിച്ച ആനന്ദം ജീവിതത്തിൽ മറ്റൊരിക്കലും ഉണ്ടായിട്ടില്ലെന്നു ജ്ഞാനേശ്വർ പറയും. അതിലൊരു കവിത ഈണത്തിൽ പാടി മായാവതി സദസ്സിന്റെ കയ്യടി വാങ്ങി. ശരിക്കും കവിത സദസ്സിനു പരിചിതമാക്കിക്കൊടുത്തു മായാവതി. ഉൽഘാടനം ചെയ്യാനെത്തിയ കവിസാമ്രാട്ട് ജ്ഞാനേശ്വറിനെ കെട്ടിപ്പിടിച്ച് അനുഗ്രഹിക്കുമ്പോൾ കൂടുതൽ കൂടുതൽ ഈടുള്ള കവിതകൾ മനസ്സിൽ തിരികൊളുത്തുകയായിരുന്നു.

അന്നൊരവധി ദിവസമായിരുന്നു. വീട്ടിലേക്കു പോകേണ്ട എന്നു ജ്ഞാനേശ്വർ തീരുമാനിച്ചു. ഹോസ്റ്റലിൽ തന്നെ കഴിച്ചുകൂട്ടി. മായാവതി വീട്ടിലേക്കു പോകുന്നു എന്നു പറഞ്ഞിരുന്നു. ഈയിടെയായി പഠനത്തിൽ താൻ ഉഴപ്പുന്നുണ്ടൊ എന്ന് സംശയമുണ്ടായിരുന്നു. ജ്ഞാനേശ്വറിന്റെ കൂടെ മുറിയിലുള്ളവരും അവരവരുടെ വീടുകളിലേക്കു പോയി. ജ്ഞാനേശ്വർ തനിച്ചായി. ജ്ഞാനേശ്വർ പുസ്തകമെടുത്തു വായന തുടങ്ങി. മായാവതി വരുമ്പോൾ ജ്ഞാനേശ്വർ നല്ല വായനയിലായിരുന്നു. അപ്രതീക്ഷിതമായ അതിഥി കടന്നു വന്നപ്പോഴുള്ള പ്രതീതിയായിരുന്നു ജ്ഞാനേശ്വറിന്. മുറിയെല്ലാം ആകെ വലിച്ചു വാരിയിട്ടിരിക്കുന്നു. അവയെല്ലാം ഒന്നു നേരെയാക്കിയിടാൻ ജ്ഞാനേശ്വർ ഒരു പാഴ്ശ്രമം നടത്തി, മായാവതിയെ മുറിക്കകത്തേക്ക് ക്ഷണിക്കണമൊ എന്നു ശങ്കിച്ചു നിന്നു. മായാവതി വന്നപാടെ അകത്തേക്കു കയറി. എന്തു പറയണമെന്നറിയാതെ ജ്ഞാനേശ്വർ വീർപ്പുമുട്ടുകയായിരുന്നു. മായാവതി പുസ്തകമെടുത്തു മറിച്ചു നോക്കി.

പുസ്തകത്തിനിടയിൽ നിന്നും മുഴുമിപ്പിക്കാത്ത ഒരു കവിത മായാവതി കയ്യിലെടുത്തു. ഇരിക്കാൻ പറഞ്ഞിട്ടു ജ്ഞാനേശ്വർ ഒരു കസേര മായാവതിക്കായി വലിച്ചിട്ടു. മായാവതി അതു ശ്രദ്ധിക്കുന്നുണ്ടായിരുന്നില്ല. മായാവതി കവിതയുടെ ലോകത്തായിരുന്നു. മായാവതി തിരിഞ്ഞു ജ്ഞാനേശ്വറിനെ നോക്കി. ജ്ഞാനേശ്വർ കട്ടിലിലിരുന്നു എല്ലാം നോക്കി കാണുന്നുണ്ടായിരുന്നു. മായാവതിയോടുള്ള തന്റെ അന്തഃരംഗമായിരുന്നു കവിതയിലെ കാതൽ. ജ്ഞാനേശ്വറിന് മായാവതിക്കായി കൊടുക്കുവാനുള്ള പ്രണയ

സന്ദേശം. കവിത മുഴുവനാക്കിയിട്ടില്ല എന്നു പറയണമെന്നുണ്ടായിരുന്നു ജ്ഞാനേശ്വറിന്. എന്തൊ പറയാൻ ജ്ഞാനേശ്വർ തുനിഞ്ഞതുമാണ്. മായാവതി ഓടിവന്ന് ജ്ഞാനേശ്വറിന്റെ അരുകിലായി വന്നിരുന്ന് ജ്ഞാനേശ്വറിന്റെ കരം ഗ്രഹിച്ചു. മായാവതിയുടെ കണ്ണു നിറഞ്ഞിരുന്നു. മായാവതി കവിതയുടെ ഭാരം ഏറ്റുവാങ്ങിയിരുന്നു. ചുണ്ടു വിറക്കുന്നുണ്ടായിരുന്നു. അവൾ ജ്ഞാനേശ്വറിന്റെ മാറിലേക്ക് ചരിഞ്ഞു. ജ്ഞാനേശ്വറിന്റെ മാറിലും ചുണ്ടിലും ചുംബനം നൽകി.

എത്രനേരം അവർ കട്ടിലിൽ കിടന്നു എന്നറിയില്ല, നേരം ഇരുട്ടാറായപ്പോൾ ജ്ഞാനേശ്വർ പതുക്കെ പറഞ്ഞു. "ഞാൻ വിചാരിച്ചതല്ല......."

അത് ജ്ഞാനേശ്വറിന്റെ ക്ഷമാപണമായിരുന്നു. മായാവതി പ്രത്യേകിച്ചൊന്നും പറഞ്ഞില്ല. അവൾ എഴുന്നേറ്റു വസ്ത്രങ്ങൾ നേരെയാക്കി. പോകാൻ നേരം മായാവതി പറഞ്ഞു: "ഞാൻ........... ഞാൻ നാളെ വീട്ടിലേക്കു പോവുകയാണ്...."

"ഇരുട്ടിയിരിക്കുന്നു. ഹോസ്റ്റലിലേക്ക് ഞാനും കൂടി വരാം." ജ്ഞാനേശ്വർ പറഞ്ഞു.

മായാവതി മറുപടി പറഞ്ഞില്ല, കാത്തു നിന്നതുമില്ല. ഇറങ്ങി നടന്നു. ജ്ഞാനേശ്വറിന് കൂടുതലൊന്നും പറയാൻ കഴിയും മുൻപെ മായാവതി കുറച്ചുദൂരം പിന്നിട്ടു. ജ്ഞാനേശ്വർ വസ്ത്രം മാറി പുറത്തിറങ്ങി. മായാവതിയെ അവിടെയൊന്നും കണ്ടില്ല. മായാവതി ഇരുട്ടിൽ മറഞ്ഞിരുന്നു.

അടുത്ത ദിവസങ്ങളിലൊന്നും മായാവതിയെ കണ്ടില്ല. മായാവതി വീട്ടിൽ പോകുമെന്നു പറഞ്ഞിരുന്നതാണ്, ജ്ഞാനേശ്വർ സമാധാനിച്ചു. മായാവതിയുടെ വിവരങ്ങളൊന്നും അറിയാതിരുന്നതിനാൽ ജ്ഞാനേശ്വറിന് ഉൽക്കണ്ഠ തോന്നി.

ഒന്നുവിളിച്ചാലൊ എന്നു വിചാരിച്ചതുമാണ്. മറുപടിയെന്നോണം ജ്ഞാനേശ്വറിന്റെ കൈകളിലേക്ക് പോസ്റ്റ്മാൻ ഒരു കവർ വച്ചു കൊടുത്തു. അതു ജ്ഞാനേശ്വറിനുള്ള ക്ഷണക്കത്തായിരുന്നു. മായാവതിയുടെ വിവാഹത്തിന്റെ ക്ഷണക്കത്ത്. ക്ഷണക്കത്തു പിടിച്ച് ജ്ഞാനേശ്വർ ഏറെനേരം മരവിച്ചിരുന്നു. കണ്ണുകളിൽ കണ്ണുനീർ ഇറ്റു നിൽപ്പുണ്ടായിരുന്നു. അന്നു പിന്നെ ക്ലാസ്സിൽ പോയില്ല. ഹോസ്റ്റലിലിരുന്നു. മരവിപ്പ് മനസ്സിലേക്ക് ആഴ്ന്നിറങ്ങുന്നുണ്ടായിരുന്നു. ദുഃഖഭാരം ജ്ഞാനേശ്വറിനു താങ്ങാനാവുന്നതിലും അപ്പുറത്തായിരുന്നു. ജ്ഞാനേശ്വർ ക്ലാസ്സിലേക്കു പോക്കു കുറഞ്ഞു. മായാവതിയെപ്പറ്റി ഒരിക്കലും തിരക്കരുതെന്നു മനസ്സിൽ പലവട്ടം പറഞ്ഞുറപ്പിച്ചു. മായാവതി കത്തിൽ ആവശ്യപ്പെട്ടിരുന്നതുമാണ്.

ആൽമരത്തിന്റെ ഇലകൾ കാറ്റത്താടി മർമ്മരമുതിർത്തു. ജ്ഞാനേശ്വർ ആൽത്തറയിൽ നിന്നും ചാടി എഴുന്നേറ്റു. മുൻപിൽ കടന്നുപോയ വർഷങ്ങളുടെ കടംകഥയായി മായാവതി നിൽക്കുന്നു. തന്റെ പ്രണയദുരന്തത്തിന്റെ നായികയാണ് മുൻപിൽ വന്നു നിൽക്കുന്നത്. മായാവതി ഏറെ മാറിയിരിക്കു

ന്നു. കണ്ണുകളിൽ പഴയപോലെ കവിതയുടെ പ്രകാശമില്ല. വാക്കുകൾക്ക് പഴയപോലെ ഈണവുമില്ല. ജ്ഞാനേശ്വർ മായാവതിയുടെ മിഴികളിൽ നോക്കി നിന്നു, ഒട്ടു പ്രതീക്ഷിക്കാത്ത അതിഥിയെ കണ്ടപോലെ. പണ്ടും മായാവതി അങ്ങനെയായിരുന്നു. സ്വീകരിച്ചാനയിക്കാൻ ശ്രമിക്കുമ്പോൾ അകന്നുമാറും. ഒട്ടും പ്രതീക്ഷിക്കാത്തിടത്തു കടന്നുവരും.

''മായാവതി ഇവിടെ?'' ജ്ഞാനേശ്വർ തിരക്കി. മായാവതി അതിനു മറുപടി പറഞ്ഞില്ല. തീർത്തും അപരിചിതനോടെന്നപോലെ മായാവതി പെരുമാറി.

ജ്ഞാനേശ്വറിന്റെ മുഖത്ത് നോക്കാതെ മായാവതി ചോദിച്ചു: ''സന്തോഷ്...?''

ജ്ഞാനേശ്വർ പിറകോട്ടു പിന്തിരിഞ്ഞു നോക്കി, പ്രദീപിനോടും മോഹനനോടും വിളിച്ചു ചോദിച്ചു. സന്തോഷിനെ അവിടെയെങ്ങും കണ്ടില്ല.

ജ്ഞാനേശ്വർ മായാവതിയെ തന്റെ താമസസ്ഥലത്തേക്കു ക്ഷണിച്ചു. മായാവതി സന്തോഷിനെ കാണാൻ തിരക്കു കൂട്ടി. മായാവതിയുടെ കണ്ണുകൾ നിറഞ്ഞിരുന്നു. കണ്ണുകൾ ജ്ഞാനേശ്വറിനോടു മാപ്പിരക്കുന്നുണ്ടായിരുന്നു. മായാവതി തന്റെ കഥകൾ വിവരിച്ചു. സന്തോഷ് മായാവതിയുടെ ഭർത്താവാണെന്നും സന്തോഷിന്റെ കഥയിലെ നായികയിൽ ഒരാൾ മായാവതിയാണെന്നും ജ്ഞാനേശ്വറിനു മനസ്സിലായി. എന്തു പറയണമെന്നറിയാതെ ജ്ഞാനേശ്വർ വിഷമിച്ചു. മായാവതി അനാഥയെപ്പോലെയായിരിക്കുന്നു. ജ്ഞാനേശ്വർ മായാവതിയെ സമാധാനിപ്പിച്ചു. സന്തോഷ് മായാവതിയെ സ്വീകരിക്കാൻ തയ്യാറാകുന്നില്ലെന്ന് പറഞ്ഞപ്പോൾ മായാവതി തീർത്തും അവശയായപോലെ കാണപ്പെട്ടു. ജ്ഞാനേശ്വറിനു മായാവതിയെ വഴിക്കു വച്ച് ഉപേക്ഷിക്കുക വയ്യായിരുന്നു. ജ്ഞാനേശ്വർ മായാവതിയെ വീട്ടിലേക്കു ക്ഷണിച്ചു.

''വരൂ, മായാവതി വരൂ.............''

മായാവതി ലജ്ജാവതിയായി ജ്ഞാനേശ്വറിന്റെ വാക്കുകൾക്ക് കാതോർത്തു.

## ജയാരവം

വല്ലാണ്ട് പൊടിപടലം പറക്കുന്നുണ്ടായിരുന്നു. വിക്രം അർഹിക്കാത്തത് തന്നിൽനിന്ന് തട്ടിയെടുത്തതുപോലെ ജയസൂര്യക്കു തോന്നി. കാഴ്ചക്കാരായി നിന്നവരെല്ലാം വിക്രമിനുവേണ്ടി ആരവം മുഴക്കുന്നു. അൽപം മുൻപുവരെ ജയസൂര്യക്കുവേണ്ടി പോരടിച്ചു ജയാരവം മുഴക്കിയവർ. ആരവം മുഴക്കി പൊടിപടർത്തി കടന്നുപോകുന്ന ജനക്കൂട്ടം ജയസൂര്യയെ തിരിഞ്ഞു നോക്കിയതുമില്ല.

ജയസൂര്യയും വിക്രമും നാട്ടിലെ പേരെടുത്ത ഫുട്ബോൾ ക്ലബിനുവേണ്ടി കളിക്കുന്നവരാണ്. അതിരാവിലെ എഴുന്നേറ്റു പരിശീലനം നടത്തണം. കർക്കശമായ പരിശീലനം. ദിവസവും നാലും അഞ്ചും മണിക്കൂർ നീളുന്ന പരിശീലനം. അങ്ങനെ കഠിനമായ പരിശീലനത്തിലൂടെ മാത്രമെ മെയ്വഴക്കത്തോടെ ഒരു ഫുട്ബോൾ കളിക്കാരനുവേണ്ട ആത്മവിശ്വാസം ലഭിക്കുകയുള്ളൂ. ഇക്കാര്യം ക്ലബിലെ എല്ലാ ഫുട്ബോൾ കളിക്കാർക്കും അറിവുള്ളതാണ്. വിക്രം പക്ഷെ അക്കാര്യത്തിൽ വീഴ്ചകൾ വരുത്താറുണ്ട്. അപ്പോഴെല്ലാം ഏതെങ്കിലും തരത്തിൽ വിക്രമിനെ ശിക്ഷയിൽനിന്നും രക്ഷിക്കാറുള്ളത് താനാണെന്ന് ജയസൂര്യ ഓർത്തു.

നാട്ടിലെ പേരെടുത്ത ഫുട്ബോൾ ക്ലബിൽ പ്രവേശനം ലഭിക്കുക എന്നത് ചില്ലറക്കാര്യമല്ല. ഒട്ടുമിക്ക ഫുട്ബോൾ കളിക്കാരന്റേയും ഒരു സ്വപ്നമാണ് ജയസൂര്യയോടൊപ്പം ക്ലബിൽ അംഗമായിരിക്കുക എന്നത്. വിക്രമിനാകട്ടെ ജയസൂര്യ പ്രത്യേക താൽപര്യമെടുത്ത് പ്രവേശനം വാങ്ങിക്കൊടുത്തതുമാണ്. വിക്രം ഒരു താന്തോന്നിയെപ്പോലെ പെരുമാറുന്നതായി ജയസൂര്യക്കു തോന്നി. കൃത്യസമയങ്ങളിൽ പരിശീലനത്തിനു വരികയില്ല. മെസ്സിൽ ഭക്ഷണം തയ്യാറാക്കുന്നവരോട് തട്ടിക്കയറും. മറ്റുകളിക്കാരെ പരിഹസിക്കുക, പ്രതിഫലം മുൻകൂർ കിട്ടിയാലെ കളിക്കളത്തിലിറങ്ങുകയുള്ളൂ എന്നു ശാഠ്യം പിടിക്കുക എന്നിവ വിക്രമിന്റെ പ്രത്യേകതകളാണ്.

വിക്രമിന്റെ അച്ഛൻ പേരെടുത്ത ഫുട്ബോൾ കളിക്കാരനായിരുന്നു. അച്ഛന്റെ ചില കഴിവുകളൊക്കെ വിക്രമിനു കിട്ടിയിട്ടുണ്ട്. ജയസൂര്യ അദ്ദേഹത്തിന്റെ കീഴിൽ പരിശീലനം നടത്തിയിട്ടുണ്ട്. അന്നും വിക്രമിനു തന്നോട് പ്രതിപത്തിയൊന്നുമുണ്ടായിരുന്നില്ല എന്നു ജയസൂര്യയോർത്തു.

ജയസൂര്യയുടെ കഴിവിലെ മികവ് തിരിച്ചറിഞ്ഞത് അദ്ദേഹമാണ്. ജയസൂര്യയെ ടീമിലെ അംഗമാക്കാൻ നിർദ്ദേശിച്ചത് വിക്രമിന്റെ അച്ഛനാണ്. പിന്നീട് ജയസൂര്യക്കു തിരിഞ്ഞു നോക്കേണ്ടി വന്നിട്ടില്ല. ജയസൂര്യ ഫുട്ബോൾ പ്രേമികളുടെ ഇഷ്ട കളിക്കാരനായി മാറി.

വിക്രം ആവശ്യമില്ലാതെ വഴക്കടിക്കാൻ വരും. താൻ അച്ഛനെപ്പോലെയല്ല എന്നു വീമ്പിളക്കും; ടീം മാനേജ്മെന്റ് കളിക്കാരെവച്ചു കാശുണ്ടാക്കുകയാണെന്ന് കുറ്റപ്പെടുത്തും. ഒരിക്കൽ ഒരു പ്രമുഖ കളി ഫൈനലിൽ എത്തിയതാണ്. വിക്രം ആവശ്യമില്ലാതെ തട്ടിക്കയറി പുറത്തുപോകേണ്ടി വന്നു. വിക്രം ജയസൂര്യക്കു നേരെയും ആക്രോശിച്ചു. ടീമിലെ മറ്റാരും തന്റെ ഭാഗം ചേർന്നു വാദിക്കാത്തത് തെറ്റാണെന്നു വിക്രം ആക്രോശിച്ചു. വിക്രം ചോദ്യം ചെയ്തത് ശരിയായ കാര്യത്തിനു വേണ്ടിയായിരുന്നില്ല. എങ്കിലും ടീമിലെ അംഗമെന്ന നിലക്ക് വിക്രമിന്റെ ഭാഗം ചേർന്നതിനു കാർഡ് കാണേണ്ടി വന്നു. അത് ഒഴിവാക്കാമായിരുന്നു എന്നു ജയസൂര്യക്കു തോന്നി.

അന്നത്തെ കളിയിൽ തോറ്റതിൽ ജയസൂര്യക്കു വല്ലാത്ത ഇച്ഛാഭംഗം തോന്നി. ജയിക്കുമായിരുന്ന കളി വിക്രമിന്റെ പുറത്താക്കലിലൂടെ പ്രതിരോധത്തിൽ പിഴവുകൾ വന്നു. അന്നു വിക്രമിനെതിരെ നടപടി എടുക്കാൻ തുനിഞ്ഞതാണ്. ജയസൂര്യ ഇടപെട്ട് അതു തടഞ്ഞു. അന്നത്തെ പരാജയം ക്ലബിനു വല്ലാത്ത നഷ്ടം വരുത്തിവച്ചു. അതിലും എത്രയൊ വലുതാണ് അന്നുകിട്ടുമായിരുന്ന ഖ്യാതിയും പ്രശസ്തിയും.

വിക്രമിന്റെ പെരുമാറ്റത്തിൽ അവന്റെ അച്ഛനു വല്ലാത്ത പരിഭവമുണ്ടായിരുന്നു. വിക്രമിന്റെ അച്ഛൻ ഒരിക്കൽ ക്ലബിലെ അംഗങ്ങളെ പരിചയപ്പെടാൻ വന്ന കാര്യം ജയസൂര്യ ഓർത്തു. അന്ന് അദ്ദേഹം ജയസൂര്യയുടെ തലയിൽ കൈവച്ച് അനുഗ്രഹിച്ചതാണ്. ജയസൂര്യയിലെ കളിക്കാരന്റെ മികവ് അദ്ദേഹം തിരിച്ചറിഞ്ഞു. അദ്ദേഹമത് എല്ലാവരും കേൾക്കെ പറയുകയും ചേയ്തു. അദ്ദേഹത്തെ പോലുള്ള ഫുട്ബോൾ കളിയുടെ തന്ത്രങ്ങളറിയാവുന്ന ഒരാളുടെ പ്രശംസ ജയസൂര്യയിൽ ഉൾപുളുകമുണ്ടാക്കി. വിക്രമിന് അതൊട്ടും ഇഷ്ടപ്പെട്ടില്ലെന്ന് അവന്റെ മുഖഭാവം കണ്ടപ്പോൾ ജയസൂര്യക്കു തോന്നി. തന്റെ കാലമൊക്കെ കഴിഞ്ഞു. ഇനി നിങ്ങളുടെ പ്രതാപകാലമാണ് വരുന്നതെന്ന് വിക്രമിന്റെ അച്ഛൻ പറഞ്ഞതിന് മറുപടിയായി വിക്രമിനെപ്പോ ലെ ഒരു കളിക്കാരനെ തന്നെ മകനായി കിട്ടിയല്ലൊ എന്നു ജയസൂര്യ പറഞ്ഞു. ഒരു നെടുവീർപ്പായിരുന്നു മറുപടി. കൂട്ടത്തിൽനിന്നും വിക്രം തിരക്കുപിടിച്ച് ഇറങ്ങിപോയതും ജയസൂര്യ ശ്രദ്ധിച്ചു. വിക്രമിന്റെ അച്ഛൻ തിരക്കു കാണിച്ച് പോകുംമുൻപ് ജയസൂര്യയെ വിളിച്ച് വിക്രം വരുത്തി വക്കുന്ന അപകീർത്തിക്കു മാപ്പു ചോദിച്ചു.

ജയസൂര്യ അതുവഴി നടന്നു പോവുകയായിരന്നു. ജിംനാസ്റ്റിക്ക് മുറിയിൽ നിന്നുള്ള ശബ്ദം കേട്ടാണ് ശ്രദ്ധിച്ചത്. അതു വിക്രമായിരുന്നു.

"അച്ഛനാണത്രെ അച്ഛൻ. കാലിനു കുഴമ്പു വാങ്ങാൻപോലും പണമില്ല. ഉള്ളതൊക്കെ ഫുട്ബോൾ എന്നു പറഞ്ഞു വിറ്റു തുലച്ചു."

വിക്രമിന്റെ അച്ഛൻ കാശിനായി വന്നതാണെന്ന് ജയസൂര്യക്കു മനസ്സിലായി. താൻ സഹായിക്കേണ്ടതായിരുന്നു എന്ന് ജയസൂര്യക്കു തോന്നി. ഇത്ര വികാരപരമായി വിക്രമിനെ താൻ കണ്ടിട്ടില്ല. വിക്രം കൂടുതൽ ആയാസപ്പെട്ട് ഭാരം ഉയർത്താൻ ശ്രമിക്കുന്നുണ്ടായിരുന്നു. ഓരോന്നും മാറിമാറി കഠിനമായി ചെയ്യുമ്പോഴും ജയസൂര്യ വാതിൽക്കൽ നിൽപുണ്ടായിരുന്നു. ഇപ്രാവശ്യം ജയസൂര്യ വിക്രമിനെ തടയാൻ നിന്നില്ല. ജയസൂര്യ തിരിച്ചു പോരുമ്പോഴും ജിംനാസ്റ്റിക് മുറിയിൽനിന്നും ശബ്ദം കേൾക്കാമായിരുന്നു.

അന്ന് ഒരു പ്രധാനപ്പെട്ട കളിയുടെ ദിവസമായിരുന്നു. ഏതാണ്ടൊരു ഫുഡ്ബോൾ മാമാങ്കത്തിന്റെ പ്രതീതി നാട്ടിലെങ്ങുമുണ്ടായിരുന്നു. ജയസൂര്യ ടീമിലെ എല്ലാ അംഗങ്ങൾക്കും വേണ്ട നിർദ്ദേശങ്ങൾ നൽകി. നാഷണലും ഇന്റർനാഷണലുമായ താരങ്ങളാണ് കളിക്കുന്നത്. എല്ലാ പിഴവുകളും അടച്ച് ഇപ്രാവശ്യം ട്രോഫി നേടണം. അതു തന്റെ എക്കാലത്തേയും സ്വപ്നമായിരുന്നു. ഇക്കൊല്ലം ജയസൂര്യയുടെ ടീമിന് കിട്ടുമെന്ന് തന്നെ എല്ലാവരും വിലയിരുത്തി. ജയസൂര്യ ഉൾപ്പെട്ട ടീമിന് പരാജയപ്പെടാനാവില്ല. നല്ല മെയ് അഭ്യാസിയെപ്പോലെ ബോളുമായിട്ടുള്ള ചടുലമായ നീക്കം. അത്തരമൊരു നീക്കത്തിന്റെ അവസാനം ഗോളിലെ കലാശിക്കാറുള്ളൂ.

ആദ്യപകുതി ഗോൾ രഹിതമായിരുന്നു. അങ്ങിങ്ങു ജയസൂര്യക്കു ജയാരവം മുഴങ്ങുന്നുണ്ട്. രണ്ടാം പകുതി കാണികൾ വീർപ്പടക്കി നിന്നു. ഗോൾ വീഴുവാനും ജയസൂര്യയുടെ മികച്ച പ്രകടനം കാണുവാനുമാണ് ഇത്രയുമധികം ആളുകൾ കൂടിയിരിക്കുന്നത്. ജയസൂര്യ നല്ല ഫോമിലായിരുന്നു. രണ്ടാം പകുതിയിൽ മധ്യപകുതിയിൽ നിന്നും ചാട്ടുളിപോലെ ചടുലമായി ബോളുമായി എതിരാളികളെയെല്ലാം വിസ്മയിപ്പിച്ച് ജയസൂര്യ മുന്നോട്ടു കുതിച്ച് മധ്യഭാഗത്തായി വിക്രമിന് കൃത്യമായി പാസ്സ് ചെയ്തു കൊടുത്തു. വിക്രമിന്റെ കാലിൽതട്ടി ഗോൾ വീണു. ജനം ഇളകി മറിഞ്ഞു. അവർ വിക്രമിനായി അലറി വിളിച്ചു. എങ്ങും വിക്രമിനായി ശബ്ദാരവം മുഴങ്ങി. ജയസൂര്യ അങ്ങനെയാണ്. നേരിട്ടടിക്കാമായിരുന്ന പന്ത് പിഴവ് ഒരിക്കലും വരരുതെന്ന് തീരുമാനിച്ച് പ്രതിരോധത്തിനായി നിന്ന എതിരാളിയെ അമ്പരപ്പിച്ച് പന്ത് വിക്രമിന്റെ കാലിൽനിന്നും ഗോളാക്കുകയായിരുന്നു. ജയസൂര്യക്കു മാത്രം അവകാശപ്പെട്ട ഗോൾ എന്നു മൈക്കിലൂടെ അനൗൺസ്മെന്റ് കേൾക്കാമായിരുന്നു. ശബ്ദം കളിയുടെ ടീം വർക്ക് അറിയാവുന്ന വിക്രമിന്റെ അച്ഛന്റേതാണെന്ന് ജയസൂര്യ തിരിച്ചറിഞ്ഞു.

ആളുകൾ കളിക്കളത്തിലിറങ്ങരുതെന്ന് വിളിച്ചു പറയുന്നുണ്ടായിരുന്നു. അതു വകവക്കാതെ ധാരാളം പേർ കളിക്കളത്തിലിറങ്ങി. വിക്രമിനുവേണ്ടി ജയാരവം മുഴക്കി. വിക്രം ഹീറോയായി. രാജ്യത്തിന്റെ അഭിമാനമായി. ജനങ്ങളുടെ കണ്ണിലുണ്ണിയായി. അവർ വിക്രമിനെ മുന്നിൽ നിർത്തി പ്രകടനം നടത്തി. എങ്ങും പൊടിപടലം കൊണ്ടു നിറഞ്ഞു. ആൾക്കൂട്ടത്തിൽ ഒറ്റപ്പെട്ടവനെപ്പോലെയായി ജയസൂര്യ. ആൾക്കൂട്ടം പറത്തിവിട്ട പൊടിപടലംകൊണ്ട് ജയസൂര്യയുടെ മുഖം വ്യക്തമായി കാണാൻ കഴിയുമായിരുന്നില്ല.

●



# ഒറ്റമുറിവീട്



ചെറിയലോകത്തിൽ ചെറിയ
ആഗ്രഹങ്ങളുമായി ജീവിച്ചുപോകുന്ന
ചെറിയ മനുഷ്യരുടെ കഥകൾ

എസ്. കാച്ചപ്പിള്ളി

30 രൂപ

പെൻബുക്സ് പ്രൈ. ലിമിറ്റഡ്

തിരുവനന്തപുരം • കോട്ടയം • എറണാകുളം • കോലഞ്ചേരി • അമ്പാട്ടുകാവ് • ആലുവ • അത്താണി • നെടുമ്പാശേരി എയർപോർട്ട് • അങ്കമാലി • മൂന്നാർ • കോഴിക്കോട് • കോഴിക്കോട് എയർപോർട്ട് • തൃശ്ശൂർ • കോയമ്പത്തൂർ • സുൽത്താൻബത്തേരി